നം.കെ.എസ്.എ.പി.റ്റി.എ.പി5/55/2017 തീയതി: 13.01.2017

ഇലന്തൂർ ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 08.05.2016 മുതൽ 01.01.2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ. ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 04.01.2017 മുതൽ 13.01.2017 വരെ | ശ്രീ റ്റി.അനിൽ കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ മഹേഷ് കുമാർ കെ.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി എസ്. സുധർമ്മ | 01.04.2015 മുതൽ 30.10.2015 വരെ |
| | കാര്യനിർവ്വഹണ സമിതി | 01.11.2015 മുതൽ 19.11.2015 വരെ |
| | ശ്രീ സാംസൺ തെക്കേതിൽ | 20.11.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ എൻ. പ്രകാശ് | 01.04.2015 മുതൽ 30.11.2015 വരെ |
| | ശ്രീമതി റ്റി.ആർ. ഫാത്തിമ ബീവി | 01.12.2015 മുതൽ 13.03.2016 വരെ |
| | ശ്രീ എൻ. പ്രകാശ് | 14.03.2016 മുതൽ 31.03.2016 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ബാലൻസ് ഷീറ്റ്- 2015-16
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2015-16
3. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2015-16
4. ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നം. |
|---|---|---|
| | ഭാഗം-1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗത്തിൽ വീഴ്ച - ഗ്രാമപഞ്ചായത്തിനു ലഭിച്ച 1.06 കോടി രൂപ ചെലവഴിക്കാനായില്ല | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം-2 | |

| | | |
|---|---|---|
| 12 | ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില തൃപ്തികരമല്ല; നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കേണ്ടത് അനിവാര്യം | 2-1 |
| 13 | വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല | 2-2 |
| 14 | വസ്തു നികുതി പരിഷ്കരണ നടപടികൾ അപൂർണ്ണം - നികുതിദായകർക്ക് സേവനം ലഭിക്കുവാൻ കാലതാമസം ഉണ്ടാകുന്നു | 2-3 |
| 15 | വിമുക്ത ഭടന്മാരുടെ വസ്തു നികുതി ഒഴിവാക്കൽ - മാനദണ്ഡങ്ങൾ പാലിക്കുന്നില്ല | 2-4 |
| 16 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാത്തത് സംബന്ധിച്ച് | 2-5 |
| 17 | സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വസ്തുനികുതി ഈടാക്കുന്നില്ല | 2-6 |
| 18 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ അപൂർണ്ണം - വരുമാന ചോർച്ചയ്ക്ക് സാധ്യത | 2-7 |
| 19 | തൊഴിൽ നികുതി - നിയമവും ചട്ടങ്ങളും പൂർണ്ണമായി പാലിക്കാത്തതിനാൽ വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു | 2-8 |
| 20 | ഡി&ഒ ലൈസൻസ് ഫീസ് പിരിവ് - അപാകതകൾ | 2-9 |
| 21 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല | 2-10 |
| 22 | മൊബൈൽ ടവറുകൾക്ക് അനുബന്ധമായി സ്ഥാപിച്ചിരിക്കുന്ന ജനറേറ്ററുകളുടെ മോട്ടോർ ഫീസ് ഈടാക്കുന്നില്ല | 2-11 |
| 23 | ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് എടുക്കാതെ പഞ്ചായത്ത്പരിധിയിൽ ഫാം പ്രവർത്തിപ്പിക്കുന്നു | 2-12 |
| 24 | ഷോപ്പിംഗ് കോംപ്ലക്സ് - കെ.എസ്.ഇ.ബി-യിൽ നിന്നും വാടക കുറവായി ഈടാക്കുന്നു | 2-13 |
| 25 | പഞ്ചായത്ത് വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോസ്റ്റോഫീസിൽ നിന്നും വാടക ഈടാക്കുന്നില്ല | 2-14 |
| 26 | ഷോപ്പിംഗ് കോംപ്ലക്സ് - അറ്റകുറ്റപ്പണികൾ നടത്തുന്നില്ല; വാടക ഉച്ചം | 2-15 |
| 27 | പരസ്യ നികുതി പിരിക്കുന്നില്ല, പഞ്ചായത്തിന് വരവ് നഷ്ടം | 2-16 |
| 28 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടണം | 2-17 |
| | ഭാഗം - 3 | |
| 29 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - അപാകതകൾ | 3-1 |
| 30 | പശ്ചാത്തല മേഖലയിൽ 66.68% ചെലവും റോഡ് കോൺക്രീറ്റിംഗിനു വേണ്ടി മാത്രം | 3-2 |
| 31 | 1:2:4 റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയതു മൂലം ഗ്രാമപഞ്ചായത്തിന് 200111 രൂപയുടെ നഷ്ടം സംഭവിച്ചു | 3-3 |
| 32 | ഹരിജൻ കോളനിയിൽ കുടിവെള്ളമെത്തിയ്ക്കുന്ന പദ്ധതിയിൽ 203000 രൂപ പാഴ്ച്ചെലവായി | 3-4 |
| 33 | പ്ലംബിംഗും, വയറിംഗും നടത്തിയില്ല; നിർമ്മാണം പൂർത്തിയാക്കിയ ഗ്രാമപഞ്ചായത്ത് കെട്ടിടവും ഗാന്ധി സ്മൃതി മണ്ഡപവും ഉപയോഗിക്കാനാവുന്നില്ല | 3-5 |
| 34 | ആസ്തി സംരക്ഷണത്തിൽ ഗുരുതര വീഴ്ച | 3-6 |
| 35 | ചട്ടം ലംഘിച്ച് മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കി; 30.76 ലക്ഷം രൂപയുടെ ക്രമവിരുദ്ധമായ ചെലവ് | 3-7 |
| 36 | മാർഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി തുക ഡി.ഡി. ആയി നൽകി | 3-8 |
| 37 | അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഇല്ല | 3-9 |
| 38 | ടി.എച്ച്.ആർ.എസ്. അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ കൃത്യമായ ഇടവേളകളിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല | 3-10 |
| 39 | നിഷ്ക്രീയ അക്കൗണ്ട് | 3-11 |
| 40 | തനത് ഫണ്ടിൽ അവശേഷിക്കുന്ന വികസന ഫണ്ട് തിരികെ ഒടുക്കണം | 3-12 |
| 41 | വെള്ളക്കരം; ചെലവ് നിയന്ത്രിക്കണം | 3-13 |
| 42 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല; ക്രമീകരിക്കാൻ അവശേഷിക്കുന്ന ഡെപ്പോസിറ്റ് തുക 16.26 ലക്ഷം രൂപ | 3-14 |
| 43 | കുടിവെള്ള പദ്ധതി ഉപേക്ഷിച്ചു; പദ്ധതിയിക്ക് നിക്ഷേപിച്ച തുക തിരികെ ഈടാക്കണം | 3-15 |
| 44 | നിർജ്ജീവമായ കുടിവെള്ള പദ്ധതി | 3-16 |
| 45 | കുടിവെള്ള പദ്ധതികളുടെ പരിപാലനത്തിൽ അലംഭാവം | 3-17 |
| 46 | പട്ടികജാതി വികസന ഓഫീസറുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാത്ത പ്രോജക്ടുകൾക്ക് തുക വകയിരുത്തി; പട്ടികജാതി വികസന ഫണ്ട് പാഴാക്കി | 3-18 |
| 47 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നില്ല | 3-19 |
| 48 | റോഡ് മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിക്കുന്നു | 3-20 |
| 49 | ലൈബ്രറി സെസ്സ് ഒടുക്കിയില്ല | 3-21 |

| | | |
|---|---|---|
| 50 | പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചില്ല | 3-22 |
| 51 | പട്ടിക ജാതി ഫണ്ട് വിനിയോഗത്തിൽ വീഴ്ച | 3-23 |
| 52 | മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയില്ല; റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിനിയോഗത്തിൽ വൻവീഴ്ച | 3-24 |
| 53 | വാർഷിക പദ്ധതിയിൽ അടിസ്ഥാന മേഖലകളെ അവഗണിക്കുന്നു | 3-25 |
| 54 | സ്വാന്തന പരിചരണം; വാഹന വാടകം, ഭക്ഷണം എന്നിവയ്ക്ക് അനുവദനീയമായതിൽ അധികം തുക ചെലവഴിച്ചു | 3-26 |
| 55 | സാക്ഷരതാ പ്രേരക് മാർക്ക് തനത് ഫണ്ടിൽനിന്നും നൽകിയ ഓണറേറിയം ക്രമീകരിക്കണം | 3-27 |
| 56 | ആശ്രയ പദ്ധതി നടത്തിപ്പിൽ വീഴ്ച | 3-28 |
| | ഭാഗം-4 | |
| 57 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 58 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം | 4-2 |
| 59 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 60 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 61 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 62 | ഓഡിറ്റ് റിക്കവറി | 4-6 |
| 63 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 64 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 65 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 05.03.2015 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥ തുക | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+) / (-) |
| മുന്നിരിപ്പ് | 8358946 | 13931695 | 5572749 | | (+)66.66 |
| വരവ് | 87891500 | 20658827 | | 67232673 | (-)76.50 |
| ആകെ | 96250446 | 34590522 | | 61659924 | (-)64.06 |
| ചെലവ് | 94953000 | 28761734 | | 66191266 | (-)69.71 |
| നീക്കിയിരിപ്പ് | 1657446 | 5828788 | 4171342 | | |






നീക്കിയിരിപ്പ് തുകകളിൽ ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ച മുറയ്ക്ക് ബജറ്റ് പുതുക്കി ഭരണ സമിതിയുടെ അംഗീകാരം വാങ്ങിയിട്ടുണ്ട് (2015-16 വർഷത്തെ ബജറ്റ് 01.07.16-ൽ പുതുക്കിയിട്ടുണ്ട്). ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 15.05.2015 | 02-07-2016 |

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് റൂൾസ് പ്രകാരം മെയ് 15ആം തീയതിക്കുള്ളിൽ മുൻ സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് ഓഡിറ്റിനു സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ ചട്ടം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ വാർഷിക കണക്കുകൾ ഓഡിറ്റിനു സമർപ്പിച്ചിട്ടില്ല. വീഴ്ച ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിലേക്ക് ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയും, ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രേഖകളും, രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഷിക ധനകാര്യ പത്രിക പ്രകാരം സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ടിലെ വർഷാന്ത്യ നീക്കിയിരിപ്പ് 1732385 രൂപയാണ്. എന്നാൽ ബാങ്ക് പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 1620783 രൂപയാണ് [വ്യത്യാസം - (-)111602 രൂ.]. വ്യത്യാസം പൊരുത്ത പ്പെടുത്തിയിട്ടില്ല.
2. B11 - ആസ്തികളുടെ മൂല്യം പൂർണ്ണമായും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ആകെ മൂല്യത്തിൽ നിന്നും ഡിപ്രീസിയേഷൻ കുറവ് ചെയ്തിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
3. B18 - ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ അതോറിറ്റി, പി.ഡബ്ല്യൂ.ഡി.ഇലക്ട്രിക്കൽ വിഭാഗം എന്നിവിടങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള തുകകളുടെ വിവരം മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ മുൻ വർഷങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള പ്രവൃത്തികളിൽ പൂർത്തീകരിക്കാത്തവയുടെ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് നിശ്ചയം വരുത്താനായിട്ടില്ല.
4. B7 - ഡപ്പോസിറ്റ് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ കാണിച്ചിട്ടുള്ള തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.
5. വസ്തുനികുതി ഡിമാന്റ് തുക കൃത്യമല്ല. അരിയർ ഡിമാന്റ് രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്.

മേൽപറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം


| | |
|---|---|
| മുന്നിരിപ്പ് | 13931695 |
| വരവ് | 20658827 |
| ആകെ | 34590522 |
| ചെലവ് | 28761734 |
| നീക്കിയിരിപ്പ് | 5828788 |

## 1-4 ഫണ്ട് വിനിയോഗത്തിൽ വീഴ്ച - ഗ്രാമപഞ്ചായത്തിനു ലഭിച്ച 1.06 കോടി രൂപ ചെലവഴിക്കാനായില്ല

2015-16 വർഷത്തെ ഫണ്ട് വിനിയോഗത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 636075 | 5297000 | 5933075 | 4079216 | 1853859 | 68.75 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് (എസ്.സി.പി.) | 1892027 | 4361000 | 6253027 | 2731377 | 3521650 | 43.68 |
| വികസനഫണ്ട് (ടി.എസ്.പി.) | 39655 | 59000 | 98655 | 0 | 98655 | 0.00 |
| സംരക്ഷണ ഗ്രാന്റ്- റോഡ് | 1194712 | 6169000 | 7363712 | 6285835 | 1077877 | 85.36 |
| സംരക്ഷണ ഗ്രാന്റ്(N.R) | 2081027 | 2320000 | 4401027 | 1390317 | 3010710 | 31.59 |
| 13th CFCഗ്രാന്റ് | 720925 | 2694000 | 3414925 | 2291050 | 1123875 | 67.09 |
| കെ.എൽ.ജി.എസ്.ഡി.പി. | 1650000 | 0 | 1650000 | 1640693 | 9307 | 99.44 |
| ആകെ | | | | | **10695933** | |




## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 2015-16 | 174 | 124 | 0 | 50 | 71.26% |

വാർഷിക പദ്ധതിയിൽ എല്ലാ വികസന മേഖലകൾക്കും അർഹമായ പരിഗണന നൽകിയില്ല

പഞ്ചായത്ത് രാജ് നിയമം മൂലം (കേരള പഞ്ചായത്ത് രാജ് ആക്ട് 166 വകുപ്പ് (1)-ാം ഉപവകുപ്പ് 3-ാം പട്ടിക) ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ കൃഷി, മൃഗസംരക്ഷണം തുടങ്ങി 19 മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളുടെ നിർവ്വഹണത്തിനായിരിക്കണം ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ തുക വകയിരുത്തേണ്ടത്. ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിൽ എല്ലാം വികസന മേഖലകൾക്കും അർഹമായ പരിഗണന നൽകിയിട്ടില്ല. കാർഷിക മേഖലയിലെ ഫണ്ടിന്റെ വിനിയോഗം നാമമാത്രമായിരുന്നു. വിദ്യാഭ്യാസം, ക്ഷീരവികസനം, മത്സ്യബന്ധനം തുടങ്ങിയ ഉല്പാദന മേഖലകളെ പൂർണ്ണമായും അവഗണിച്ചു. പൊതുമരാമത്ത് മേഖലയിൽ റോഡ് നിർമ്മാണത്തിനാണ് വാർഷിക പദ്ധതിയിൽ മുന്തിയ പരിഗണന നൽകിയിട്ടുള്ളത്.

പ്രോജക്ടുകളുടെ ബാഹുല്യം പദ്ധതി നിർവ്വഹണത്തിന്റെ ഫലക്ഷമത ഇല്ലാതാക്കുന്നു

പ്രോജക്ടുകളുടെ ബാഹുല്യം ഗ്രാമപ്പഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമതയെയും, ഫലക്ഷമതയെയും പ്രതികൂലമായി ബാധിക്കുന്നു. 2015-16 സാമ്പത്തിക വർഷം 174 പ്രോജക്ടുകൾ ആവിഷ്കരിച്ചുവെങ്കിലും 124 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലായത്. 36925219 രൂപ പദ്ധതി അടങ്കലായി നിശ്ചയിച്ചുവെങ്കിലും 20359415 രൂപ മാത്രമാണ് ചെലവിട്ടത് (55.14%). ആവിഷ്കരിച്ച പദ്ധതികളിൽ

67.24%-വും പശ്ചാത്തല മേഖലയിലാണ്. ഇതിൽ തന്നെ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ് ഭൂരിഭാഗവും പൊതുമരാമത്ത് പ്രവൃത്തികൾക്കായി 117 പ്രോജക്ടുകൾ ആവിഷ്കരിച്ചുവെങ്കിലും നിർവ്വഹണം പൂർത്തീകരിച്ചത് 81 എണ്ണം മാത്രമാണ്. പ്രോജക്ടുകളുടെ എണ്ണം വൻതോതിൽ കുറച്ച് പദ്ധതിപ്പണം പൂർണ്ണമായി ചെലവഴിക്കുന്ന നിരവധി പഞ്ചായത്തുകൾ ജില്ലയിൽ തന്നെ മാതൃകയായി തുടരുമ്പോഴാണ് ഇലന്തൂർ ഗ്രാമപഞ്ചായത്തിൽ ഇങ്ങനെയൊരു സ്ഥിതിവിശേഷം.

വർഷങ്ങളായി സ്പിൽ ഓവറായി പല പ്രോജക്ടുകൾക്കും തുക വകയിരുത്തി ചെലവു നടക്കാത്ത അവസ്ഥയാണ്. കൃഷിഭവൻ കോൺഫറൻസ് സ്ഹാൾനവീകരണം, ചിറമേൽ സ്കൂൾ നവീകരണം, അങ്കണവാടികളുടെ പുനരുദ്ധാരണം (നം.92, 97, 104, 105) എന്നിവ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പദ്ധതി അംഗീകാരം ലഭിക്കുന്നതിന് വേണ്ടി മാത്രം തുടരുന്നവയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | ചെലവ് | ചെലവ് ശതമാനം | 2015-16-ലെ ആകെ ചെലവിന്റെ (20359415) ശതമാനം |
|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 5 | 722434 | 5 | 356893 | 49.40 | 1.75 |
| 2 | വെറ്ററനറി ഡോക്ടർ | 4 | 491000 | 4 | 409280 | 83.36 | 2.01 |
| 3 | എം.ഒ. (സി.എച്ച്.സി.) | 4 | 795000 | 2 | 584300 | 73.50 | 2.87 |
| 4 | എം.ഒ. (ഹോമിയോ) | 1 | 100000 | 1 | 100000 | 100.00 | 0.49 |
| 5 | എം.ഒ. (ആയുർവേദം) | 1 | 300000 | 1 | 300000 | 100.00 | 1.47 |
| 6 | വി.ഇ.ഒ. | 7 | 5724500 | 6 | 1373500 | 23.99 | 6.75 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 1348600 | 4 | 1169865 | 86.75 | 5.75 |
| 8 | സെക്രട്ടറി | 18 | 1940711 | 9 | 1038287 | 53.50 | 5.10 |
| 9 | അസി.എഞ്ചിനീയർ | 117 | 22150322 | 81 | 13388281 | 60.44 | 65.76 |
| 10 | അസി. സെക്രട്ടറി | 10 | 2942652 | 8 | 1279522 | 43.48 | 6.28 |
| 11 | ഹെഡ് മിസ്ട്രസ്സ് | 3 | 410000 | 3 | 359487 | 87.68 | 1.77 |
| | ആകെ | 174 | 36925219 | 124 | 20359415 | 55.14 | |

വാർഷിക പദ്ധതിയിൽ എല്ലാ വികസന മേഖലകൾക്കും, പ്രത്യേകിച്ച് ഉല്പാദന മേഖലയ്ക്ക് അർഹമായ പരിഗണന നൽകേണ്ടതാണ്.

## 1-6 പദ്ധതി നിർവ്വഹണ വിവരങ്ങൾ

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| *ഇനം* | *മേഖല* | *ആവിഷ്കരിച്ച പദ്ധതികൾ* | | *നടപ്പിലാക്കിയ പദ്ധതികൾ* | | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| | | *എണ്ണം* | *അടങ്കൽ* | *എണ്ണം* | *ചെലവ്* | |
| ജനറൽ | ഉല്പാദനം | 11 | 1655263 | 9 | 766173 | 46.29 |
| | സേവനം | 42 | 15029095 | 24 | 4916742 | 32.71 |
| | പശ്ചാത്തലം | 88 | 13789179 | 72 | 11910490 | 86.38 |
| എസ്.സി.പി | ഉല്പാദനം | 0 | 0 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | സേവനം | 12 | 4080238 | 9 | 1647015 | 40.37 |
| | പശ്ചാത്തലം | 20 | 2272789 | 10 | 1118995 | 49.23 |
| റ്റി.എസ്.പി | ഉല്പാദനം | 0 | 0 | 0 | 0 | 0 |
| | സേവനം | 1 | 98655 | 0 | 0 | 0 |
| | പശ്ചാത്തലം | 0 | 0 | 0 | 0 | 0 |
| ആകെ | | 174 | 36925219 | 124 | 20359415 | 55.14 |

## 1-7 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷം (2015-16) ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4685824 | 4186397 | -499427 | 10.66 |
| നികുതിയേതര വരവുകൾ | 679223 | 711795 | 32572 | 4.80 |
| മറ്റ് വരവുകൾ | 50764 | 23718 | 27046 | 53.28 |
| ആകെ | 5415811 | 4921910 | 493901 | 9.11 |

2015-16 വർഷം നികുതി വരുമാനത്തിൽ കുറവുണ്ടായി. വസ്തു നികുതി, തൊഴിൽ നികുതി ഡി.&ഒ. ലൈസൻസ് ഫീസ് ഉൾപ്പെടെയുള്ള വരുമാന സ്രോതസ്സുകൾ പൂർണ്ണമായും പ്രയോജനപ്പെടു ത്താതിരുന്നതിനാലാണ് ഇത്തരത്തിൽ വരുമാനച്ചോർച്ച സംഭവിച്ചത്. ഭാവിയിൽ ഇത്തരം വീഴ്ച ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് 2015-16 നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 285 | 2361060 |
| വിധവാപെൻഷൻ | 363 | 3823200 |
| വാർദ്ധക്യകാലപെൻഷൻ | 500 | 5548140 |
| വികലാംഗപെൻഷൻ | 146 | 1496730 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ | 11 | 117600 |

| | | |
|---|---|---|
| സ്ത്രീകൾക്കുള്ള പെൻഷൻ | | |
| ആകെ | 1305 | 13346730 |

2015-16 ൽ പുതുതായി അനുവദിച്ച പെൻഷന്റെ വിവരം

| ഇനം | പുതിയ പെൻഷൻ അപേക്ഷകരുടെ എണ്ണം | പെൻഷൻ അനുവദിച്ചത് | പെൻഷൻ നിരസിച്ചത് |
|---|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 28 | 23 | 5 |
| വിധവാപെൻഷൻ | 48 | 46 | 2 |
| വാർദ്ധക്യകാലപെൻഷൻ | 188 | 142 | 46 |
| വികലാംഗപെൻഷൻ | 14 | 14 | 0 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1 | 1 | 0 |
| ആകെ | 279 | 226 | 53 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.01.2017-ൽ 11 A.M ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 62328/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

വൗച്ചറുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. മിനിട്സ് ബുക്കുകൾ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. ഇൻക്യുംബൻസി മാസ്റ്റർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് കാലയളവിൽ ജോലി ചെയ്തിരുന്ന വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരുടെ വിവരങ്ങൾ ഇൻക്യുംബൻസി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കാതിരുന്നത് വീഴ്ചയാണ്. ഇൻക്യുംബൻസി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും അടുത്ത ഓഡിറ്റ് വേളയിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. വസ്തുനികുതി അസസ്സ്മെന്റ്, ഡിമാന്റ് രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. ഗ്രാമപഞ്ചായത്തിലെ സുപ്രധാന രേഖകളിൽ ഒന്നായ ആസ്തി രജിസ്റ്റർ അപൂർണ്ണവും, തെറ്റായ വിവരങ്ങൾ ഉൾപ്പെടുന്നതുമാണ്. രജിസ്റ്ററിൽ ഏത് സാമ്പത്തിക വർഷം വരെയുള്ള വിവരങ്ങൾ ചേർത്തിട്ടുണ്ടെന്ന് പോലും പരിശോധനയിൽ അറിയാൻ കഴിഞ്ഞിട്ടില്ല. ആസ്തി രജിസ്റ്ററിലെ പിഴവുകൾ പരിഹരിക്കുന്നതിനും, കാലികമാക്കി സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.08.2016 | 08/2016 | 01.12.2016 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.04.2008 | 1997-98 മുതൽ 2007-08 വരെ | 19.06.2008 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില തൃപ്തികരമല്ല; നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കേണ്ടത് അനിവാര്യം

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില വളരെ മോശമായ സ്ഥിതിയിലാണ്. നികുതി, നികുതിയേതര വരവുകൾ, എസ്റ്റാബ്ലിഷ്മെന്റ്/അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ നടത്തുന്നതിന് പര്യാപ്തമല്ല. ഗ്രാമപഞ്ചായത്തിന് തൻവർഷം പൊതു ആവശ്യ ഗ്രാന്റായി 4705626 രൂപ ലഭിക്കുകയുണ്ടായി. പൊതു ആവശ്യ ഗ്രാന്റ് ലഭിക്കുന്നതുകൊണ്ടു മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് എന്നിവ മുടക്കം കൂടാതെ നൽകാൻ കഴിയുന്നത്.

ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ തനത് വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.(Income & Expenditure Statement പ്രകാരമുള്ളത്). കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ ധനകമ്മി 30.82ലക്ഷം രൂപയാണ്.

| വരവ് | രൂ. | ചെലവ് | രൂ. |
|---|---|---|---|
| വസ്തുനികുതി, സേവന നികുതി | 3127299 | എസ്റ്റാബ്ലിഷ് മെന്റ് ചെലവുകൾ | 5675951 |
| തൊഴിൽ നികുതി | 1058940 | അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ | 562852 |
| വാടക | 173080 | ഓപ്പറേഷൻസ് & മെയിന്റനൻസ് | 1765608 |
| ഫീസുകൾ | 506196 | ബാങ്ക് ചാർജ്ജസ് | 0 |
| പലിശ | 32519 | ആശാൻ ഗ്രാന്റ് | 0 |
| മറ്റു വരവുകൾ | 23718 | മറ്റ് ചെലവുകൾ (വാട്ടർ ചാർജ്ജ് etc.) | 0 |
| ആകെ | 4921752 | ആകെ | 8004411 |
| | | കമ്മി | 3082659 |

ഗ്രാമപഞ്ചായത്തിന്റെ മോശമായ സാമ്പത്തിക സ്ഥിതി മൂലം വാർഷിക പദ്ധതികളിൽ വികസന/ക്ഷേമ പദ്ധതികൾക്ക് തനത് ഫണ്ട് വകയിരുത്തി ചെലവ് ചെയ്യുന്നതിന് സാധിക്കുന്നില്ല. ഓഡിറ്റ് വർഷം തനത് ഫണ്ടിൽനിന്നും കേവലം 2.03 ലക്ഷം രൂപ മാത്രമാണ് വാർഷിക പദ്ധതിയിൽ വകയിരുത്തുന്നതിന് സാധിച്ചിട്ടുള്ളത് (ചെലവ് 1.17 ലക്ഷം). 2012-13 മുതലുള്ള കണക്കുകൾ പരിശോധിച്ചതിൽ വാർഷിക പദ്ധതിയിലെ തനത് ഫണ്ട് വകയിരുത്തൽ 2 ലക്ഷം രൂപയിൽ താഴെ മാത്രമാണെന്ന് കണ്ടു. അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ചുമതലകളും ഉത്തരവാദിത്വങ്ങളും കൈവന്നിട്ടുണ്ട്. ഈ ചുമതലകളും, ഉത്തരവാദിത്വങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവങ്ങൾ ആവശ്യമാണ്.

ദൈനംദിന ചെലവുകൾ വർദ്ധിക്കുമ്പോഴും അതിനനുസൃതമായി വരുമാന വർദ്ധനവ് ഉണ്ടാവാത്തതുമൂലം പഞ്ചായത്തിൽ നിക്ഷിപ്തമായ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിൽ സ്ഥാപനം പരാജയപ്പെടുന്നു. പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ, ക്ഷേമ പ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമായി നിർവ്വഹിക്കേണ്ടതിനാൽ തനത് വരുമാനം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. അതുപോലെതന്നെ പൊതു ടാപ്പുകളുടെ വെള്ളക്കരം പോലെയുള്ള ആവർത്തന ചെലവുകൾ പരമാവധി കുറച്ചുകൊണ്ടുവരുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല

പഞ്ചായത്തിലെ 2015-16 വർഷത്തെ വസ്തു നികുതി പിരിവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഡിമാന്റ്(കുടിശ്ശിക ഉൾപ്പെടെ) | കളക്ഷൻ | ബാലൻസ് | പിരിവിന്റെ ശതമാനം |
|---|---|---|---|---|
| 2015-16 | 4013582 | 1652188 | 2361394 | 58% |

വസ്തു നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ കാണിക്കുന്നില്ല. 2014-15വർഷം 79.68% പിരിവാണുണ്ടായിരുന്നത്. 2015-16 വർഷം നികുതിപിരിവ് 58% ആയി കുറയുകയാണുണ്ടായത്. 2014-15വർഷം ഈ ഇനത്തിലുള്ള കുടിശ്ശിക 852892/- രൂപയായിരുന്നത് 2015-16 വർഷം 2361394/- ആയി ഉയർന്നിട്ടുണ്ട്.

സഞ്ചയാ സോഫ്റ്റ് വെയർ ഡാറ്റാ എൻട്രി പൂർത്തീകരിച്ച് പരിഷ്കരിച്ച നിരക്കിൽ വസ്തു നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 വസ്തു നികുതി പരിഷ്കരണ നടപടികൾ അപൂർണ്ണം - നികുതിദായകർക്ക് ഓൺലൈൻ സേവനം ലഭിക്കുവാൻ കാലതാമസം ഉണ്ടാകുന്നു

വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കുന്ന മുറയ്ക്ക് നികുതിദായകർക്ക് ഓൺലൈൻ സംവിധാനത്തിലൂടെ നികുതി ഒടുക്കുവാൻ കഴിയണം എന്ന ലക്ഷ്യത്തോടെയാണ് വസ്തുനികുതി കംപ്യൂട്ടറൈസേഷൻ സംവിധാനം ആവിഷ്കരിച്ചത്. എന്നാൽ വസ്തു നികുതി പരിഷ്കരണ നടപടികൾ സംബന്ധിച്ച് ഗുരുതരമായ കൃത്യവിലോപമാണ് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. 01-04-2013 ൽ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി പുതുക്കി നിർണ്ണയിച്ചതിന്റെ വിവരങ്ങളുടെ ഡേറ്റാ എൻട്രി സഞ്ചയ സോഫ്റ്റ് വെയറിൽ പൂർണ്ണമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം | ആകെ കെട്ടിടങ്ങളുടെ എണ്ണം | വസ്തു നികുതി പുതുക്കി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണം | വസ്തു നികുതി പുതുക്കി നിർണ്ണയിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|
| I | 440 | 432 | 8 |
| II | 397 | 394 | 3 |
| III | 327 | 323 | 4 |
| IV | 685 | 679 | 6 |
| V | 410 | 398 | 12 |
| VI | 390 | 381 | 9 |
| VII | 469 | 462 | 7 |
| VIII | 336 | 331 | 5 |
| IX | 375 | 373 | 2 |
| X | 536 | 533 | 3 |
| XI | 326 | 321 | 5 |
| XII | 449 | 441 | 8 |
| XIII | 459 | 455 | 4 |

വസ്തു നികുതി പരിഷ്കരണ നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ് കെട്ടിടങ്ങൾ സംബന്ധിച്ച അടിസ്ഥാന വിവരങ്ങളിൽ പിശകുണ്ട്. അതിനാൽ നികുതി ദായകർക്ക് നികുതി ഒടുക്കുവാൻ കാലതാമസം വരുന്നു. പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ച മൂലം നികുതിദായകർക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നത് ഒഴിവാക്കേണ്ടതാണ്. വസ്തുനികുതി പരിഷ്കരണ നടപടി ത്വരിതപ്പെടുത്തുന്നതിന് ഭരണവകുപ്പ് തലത്തിൽ നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്യുന്നു.

## 2-4 വിമുക്ത ഭടൻമാരുടെ വസ്തു നികുതി ഒഴിവാക്കൽ– മാനദണ്ഡങ്ങൾ പാലിക്കുന്നില്ല

വിമുക്ത ഭടൻമാർ/അവരുടെ വിധവകൾ/അംഗവൈകല്യം സംഭവിച്ച ജവാൻമാർ/ ജവാൻമാരുടെ വിധവകൾ എന്നിവരുടെ യഥാർത്ഥ താമസാവശ്യത്തിനായി ഉപയോഗിക്കുന്ന സ്വന്തം പേരിലുള്ളതോ അവരുടെ ഭാര്യമാരുടെ പേരിലുള്ളതോ ആയ ഭവനത്തെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി നൽകുന്നത് സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ തൻ വർഷം വസ്തുനികുതിയിനത്തിൽ എത്ര രൂപയാണ് ഇളവ് അനുവദിച്ചത് എന്നു വ്യക്തമല്ല. നികുതി ഇളവിനുള്ള അപേക്ഷകളിൻമേൽ അന്വേഷണ റിപ്പോർട്ട് വാങ്ങിയിട്ടുണ്ടെങ്കിലും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. നികുതി ഇളവ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാത്തത് സംബന്ധിച്ച്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി വർഷങ്ങളായി ഈടാക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ടവറിന്റെ വിവരം | വാർഡ് നം./ കെട്ടിട നം | പ്ലിന്ത് ഏരിയ ($m^2$) | ഈടാക്കാൻ അവശേഷിക്കുന്ന വർഷം | ഈടാക്കാൻ അവശേഷിക്കുന്ന വസ്തുനികുതി |
|---|---|---|---|---|---|
| 1 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 7/363 | 25ച .മീ | 2013-14<br>2014-15<br>2015-16 | 12938<br>12938<br>12938 |
| 2 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 9/146A | 39.07 | 2015-16 | 20221 |
| 3 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 3/102C | 12.9 | 2014-15<br>2015-16 | 8901<br>8901 |
| 4 | ഭാരതി ടെലിവെഞ്ചേഴ്സ് ലിമിറ്റഡ് | 3/102B | 26.93 | 2015-16 | 18582 |
| 6 | സബ് ഡിവിഷണൽ എഞ്ചിനീയർ, ബി.എസ്.എൻ.എൽ. | 8/292 | 28 | 2015-16 | 17710 |
| 7 | ഹച്ചിസൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ് | 3/102A | 24.06 | 2014-15<br>2015-16 | 16602<br>16602 |

ഈ പ്രകാരം വിവിധ മൊബൈൽ ടവറുകളിൽ നിന്നും ഒരു വർഷം ആകെ 94954/- രൂപ വസ്തുനികുതിയായി ലഭിക്കേണ്ടതായിരുന്നു. വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാതിരുന്നാൽ നികുതി കാലഹരണപ്പെട്ട് വരുമാന നഷ്ടം ഉണ്ടാകാനിടയുണ്ട്. അടിയന്തിരമായി മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ക്രമ നമ്പർ 3 ന്റെ പ്ലിന്ത് ഏരിയ മറ്റുള്ളവയെ അപേക്ഷിച്ച് കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് പരിശോധിച്ച് കൃത്യമായ പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്.

## 2-6 സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വസ്തുനികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പ്രമുഖ അൺഎയ്ഡഡ് സ്കൂളായ വാര്യാപുരം ഭവൻസ് വിദ്യാമന്ദിർ എന്ന സ്ഥാപനത്തിന്റെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നില്ല. കേരള പഞ്ചായത്ത് രാജ് നിയമത്തിൽ വരുത്തിയ ഭേദഗതിയോടെ അംഗീകൃത അൺ എയ്ഡഡ് സ്ഥാപനങ്ങൾ നികുതി ഒഴിവാകാൻ അർഹരല്ല. ആയതിനാൽ 2011 ജനുവരി മുതലുള്ള വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതായിരുന്നു. പ്രസ്തുത സ്ഥാപനത്തിന്റെ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് വൻ വരുമാനനഷ്ടം ഉണ്ടായിട്ടുണ്ട് [സ്വാശ്രയ സ്ഥാപനങ്ങളിൽനിന്നും വസ്തുനികുതി ഈടാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്, 11.10.15-ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട് (നം.ആർ.സി.2/2976/2015/ത.സ്വ.ഭ.വ.)]. മുൻകാല പ്രബല്യത്തിൽ ടി സ്ഥാപനത്തിന്റെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.


ഭവൻസ് വിദ്യാമന്ദിർ, വാര്യാപുരം

## 2-7 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ അപൂർണ്ണം - വരുമാന ചോർച്ചയ്ക്ക് സാധ്യത

പഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ പൂർണവിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. എഫ്.എ. ആർ, കെട്ടിടത്തിന്റെ വിസ്തീർണ്ണം, നിലകളുടെ എണ്ണം, അപേക്ഷാ ഫീസ്, പെർമിറ്റ്ഫീസ്, അപേക്ഷ ക്ലാർക്കിനു ലഭിച്ച തീയതി, അപേക്ഷ സമർപ്പിച്ച തീയതി, അപേക്ഷ കൂടുതൽ നടപടികൾക്കായി കൈമാറിയ തീയതി, അപേക്ഷ തിരികെ ലഭിച്ച തീയതി, മറുപടി ലഭിച്ച തീയതി, പണി പൂർത്തീകരിച്ച തീയതി, സമർപ്പിച്ച പ്ലാനിൽ നിന്നും വ്യത്യാസങ്ങളുണ്ടോ, അസസ്സ്മെന്റ് നമ്പർ, പെർമിറ്റ് നിരസിച്ചോ ഇല്ലയോ, എന്നീ വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തുന്നില്ല.തൻമൂലം കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനായി നൽകിയ പെർമിറ്റുകളുടെ കാര്യത്തിൽ കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച് നികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താൽ കഴിയില്ല. ഇത് തനത് വരുമാനത്തിൽ ചോർച്ച ഉണ്ടാകാൻ ഇടയാക്കുന്നു. അതുപോലെ തന്നെ കെട്ടിടനിർമാണം അനുവദനീയമായ കാലയളവിൽ പൂർത്തീകരിച്ച്, നികുതി നിർണ്ണയം നടത്തിയിട്ടുണ്ടോ എന്നും ഉറപ്പ് വരുത്താൽ കഴിയില്ല. രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ നടത്തുന്നുണ്ടെന്ന് മേലുദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്. പെർമിറ്റ്

രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ ഇനത്തിലുണ്ടാകുന്ന വരുമാന നഷ്ടത്തിന് ബന്ധപ്പെട്ട സെക്ഷൻ ക്ളാർക്കും സൂപ്പർവൈസറി തസ്തികയിലെ ഉദ്യോഗസ്ഥരും ഉത്തരവാദികളായിരിക്കും.

## 2-8 തൊഴിൽ നികുതി - നിയമവും ചട്ടങ്ങളും പൂർണ്ണമായി പാലിക്കാത്തതിനാൽ വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു

തനത് വരുമാനം താരതമ്യേന വളരെ കുറവുള്ള പഞ്ചായത്തിലെ മുഖ്യ വരുമാനങ്ങളിലൊന്നാണ് തൊഴിൽ നികുതി. ആയത് ഈടാക്കുന്നതിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 205(ബി) മുതൽ 205 (എഫ്) വരെ, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10, 13 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല. ആയതിനാൽ തനത് വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു. ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**(1)** റേഷൻകട ഉടമകൾ തൊഴിൽകരം ഈടാക്കുന്നില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽനികുതി ചട്ടങ്ങളനുസരിച്ച് വ്യാപാരികളിൽ നിന്ന് അർദ്ധവാർഷിക വിറ്റുവരവിനനുസരിച്ച് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി വിവരങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ 13 റേഷൻകടകളാണുള്ളത്. റേഷൻ കടകളിൽനിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. 2010-11 മുതൽ 2015-16 വരെയുള്ള കാലയളവിൽ ഒരു അർദ്ധവർഷം 1250 രൂപ നിരക്കിൽ 195000 രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടമായിട്ടുണ്ട്. റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

**(2)** എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസിനുള്ള അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ട്. അപേക്ഷകളിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം പരിശോധിച്ച് ഇവരിൽനിന്ന് തൊഴിൽ നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ തനത് വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം./ കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ വിവരം | ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | V S/178L, 178K | കസ്റ്റമർ സർവ്വീസ് സെന്റർ (എ. വി. മാത്യു, അമ്പലത്തിങ്കൽ ഹൗസ്, ഇലന്തൂർ) | 4 |
| 2 | VII, 327A | അശോക് ലൈലാന്റ് ലൈറ്റ് വെഹിക്കിൾസ് സെയിൽസ് ആൻറ് സർവ്വീസിങ്ങ് (എം ജെ ജോർജ്ജ്, മട്ടക്കോലിൽ, ഇലന്തൂർ) | 8 |
| 3 | V,128/A | പിയാജിയോ, ആപ്പേ ഷോറും (ചാക്കോ ബാബു, താമരശ്ശേരി കാലായിൽ വീട് പ്രക്കാനം പി. ഒ.) | 4 |
| 4 | XII | ഹോളോബ്രിക്സ് നിർമാണം (അനീഷ് മോഹനൻ, ചണ്ടിപ്പറമ്പിൽ വീട്, ഇലന്തൂർ) | 5 |
| 5 | VIII,121 | തയ്യൽ പരിശീലന കേന്ദ്രം (ശോശാമ്മ വർഗീസ്, ഓടാലിൽ പുത്തൻ വീട്, ഇലന്തൂർ) | 3 |
| 6 | VII | ഓഫീസ് (ശ്രീകുമാർ റ്റി ജി, ഉണ്ടിയിൽ പുത്തൻ വീട് മുട്ടത്തുകോണം) | 4 |
| 7 | IV/128A | പശു വളർത്തൽ കേന്ദ്രം (ജോസ് പി മാത്യു, പ്ലാവു നിൽക്കുന്നതിൽ,ചുരുളിക്കോട്) | 4 |
| 8 | VIII/78A | ഹോളോബ്രിക്സ് നിർമാണം (രാകേഷ് ബാബു, രാകേഷ് ഭവൻ, അയിരൂർ) | 3 |

| | | | |
|---|---|---|---|
| 9 | IV/389 | ഇന്റർ ലോക്ക് നിർമ്മാണം (കെ സി ഏബ്രഹാം, കരിമ്പുകണ്ടത്തിൽ വീട്, ഇലന്തൂർ) | 5 |
| 10 | V/209A | കശുവണ്ടിപരിപ്പ് വിപണനം (രാജീവ് റ്റി എസ്, ത്രിവേണി ഭവനം, ഇടപ്പരിയാരം) | 3 |
| 11 | XIII/415 | ഫാബ്രിക്കേഷൻ വർക്സ് (ജോൺ വർഗ്ഗീസ്, കളീക്കൽ പീടികയിൽ, ഇലന്തൂർ) | 5 |
| 12 | III/165A | ഇന്റർ ലോക്ക് നിർമ്മാണം (സജി റ്റി.എസ്., ആല്പനിൽക്കുന്നതിൽ, ഇലന്തൂർ ഈസ്റ്റ്) | 5 |
| 13 | VII/327 | അശോക് ലൈലാന്റ് ലൈറ്റ് വെഹിക്കിൾ സെയിൽസ് ആന്റ് സർവീസ് (സാബു ജോൺ, ഓർക്കിഡ് അപ്പാർട്ട്മെൻറ്, വൈറ്റില, എറണാകുളം) | 8 |

തനത് വരുമാനം കുറവുള്ള പഞ്ചായത്തിൽ ആയത് വർദ്ധിപ്പിക്കാനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്താത്തത് അധികാരികളുടെ പ്രത്യേകിച്ച് ധനകാര്യ സ്ഥിരം സമിതിയുടെ വീഴ്ചയായി വിലയിരുത്തുന്നു.

ഒരു സ്ഥാപനത്തിലെ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെ വിവരം സംബന്ധിച്ച രേഖാമൂലമുള്ള ലിസ്റ്റ് സമർപ്പിക്കാൻ പഞ്ചായത്തിന് ആവശ്യപ്പെടാവുന്നതാണ്. ഇതനുസരിച്ച് പഞ്ചായത്ത് പരിധിയിലുള്ള എല്ലാസ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ വിവരം ശേഖരിച്ച് നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ അടങ്ങിയ അസസ്സ്മെന്റ് രജിസ്റ്റർ 1996 ലെ കേ.പ.രാ. (നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ 5-ലെ മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഇത്തരമൊരു രജിസ്റ്റർ സൂക്ഷിക്കുന്നതിലൂടെ നികുതി പരിധിയിൽ നിന്നും ആരും ഒഴിവായിട്ടില്ല എന്നും ലഭിക്കേണ്ടിയിരുന്ന വരുമാനത്തിൽ കുറവുണ്ടായിട്ടില്ലെന്നും ഉറപ്പു വരുത്താൻകഴിയും.

**(3)** വ്യാപാരസ്ഥാപനങ്ങളിൽ നിന്നും വരുമാനം സംബന്ധിച്ച ചട്ടപ്രകാരമുള്ള റിട്ടേൺ വാങ്ങുന്നില്ല**;** തൊഴിൽ നികുതിയിനത്തിൽ വരുമാന നഷ്ടം

വ്യാപാരസ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുക്കുന്ന സമയത്താണ് അവരിൽ നിന്നും 2 അർദ്ധവർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കി വരുന്നത്. ഇവരിൽ നിന്നും വരുമാനം സംബന്ധിച്ച ചട്ടപ്രകാരമുള്ള റിട്ടേൺ വാങ്ങുന്നില്ല. ആയതിനാൽ ഈടാക്കിയ നികുതിയിൽ കുറവ് ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിയില്ല. തൻമൂലം വരുമാനത്തിൽ കുറവുണ്ടാകാനിടയുണ്ട്.

കേ.പ.രാ.നിയമത്തിലും, അനുബന്ധ ചട്ടങ്ങളിലും നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പരമാവധി പാലിച്ചുകൊണ്ട് തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ അധികാരികൾ പ്രത്യേകിച്ച് ധനകാര്യ സ്ഥിരം സമിതി സ്വീകരിക്കേണ്ടതാണ്.

## 2-9 ഡി&ഒ ലൈസൻസ് ഫീസ് പിരിവ് - അപാകതകൾ

**(1)** ഡി&ഒ ലൈസൻസ് എടുക്കുന്നതിൽ ചട്ട പ്രകാരമുള്ള സമയക്രമം പാലിക്കുന്നില്ല

ഡി&ഒ ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ എണ്ണത്തിൽ മുൻവർഷത്തേക്കാൾ കുറവുണ്ടായിട്ടുണ്ട്. സ്ഥാപനങ്ങളുടെ എണ്ണം 214-ൽ നിന്നും 173 ആയി കുറഞ്ഞു. തൻവർഷം 57900 രൂപയാണ് വരവ്. തൻ വർഷം ലൈസൻസ് എടുത്ത 173 സ്ഥാപനങ്ങളും 01-04-15-ന ശേഷമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഇതിൽനിന്നും നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഭൂരിപക്ഷം സ്ഥാപനങ്ങളും 01.04.2015 മുതൽ ലൈസൻസ് എടുക്കുന്നതുവരെ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത് എന്ന് വ്യക്തമാണ്. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു സാമ്പത്തിക വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്. നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ തൊട്ടടുത്ത വർഷത്തെ ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും ഉറപ്പുവരുത്തേണ്ടതാണ്.

**(2)** ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കായിട്ടില്ല

ചുവടെ ചേർക്കുന്ന മോട്ടോർ കാർ ഡീലർമാരുൾപ്പെടെയുള്ള പല വൻകിട സ്ഥാപനങ്ങളുടെയും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

1. സജ്നാ മോട്ടോഴ്സ്, വാര്യാപുരം
2. സാരഥി ഓട്ടോകാർസ്, വാര്യാപുരം
3. ഐഡിയാ സെല്ലുലാർ ലിമിറ്റഡ്, ഇലന്തൂർ

ദിവസേനയുള്ള ശരാശരി വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ വ്യാപാരികളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

**(3)** കൃത്യമായ വരുമാനത്തിന്റെയടിസ്ഥാനത്തിൽ ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കാ ത്തതിനാൽ വരുമാനത്തിൽ കുറവുണ്ടാകുന്നു

പഞ്ചായത്ത് ഡി & ഒ ലൈസൻസ് നൽകിയ സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളിൽ, ചില സ്ഥാപനങ്ങൾ വിറ്റുവരവ് കുറവായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഒരു ദിവസത്തെ വിറ്റുവരവിന്റെ കൃത്യത പരിശോധിക്കാതെ കുറഞ്ഞ നിരക്കിലുള്ള ഫീസ് ചുമത്തിയതിനാൽ വരുമാനത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | സ്ഥാപനത്തിന്റെ വിവരം | അപേക്ഷയിൽ രേഖപ്പെടുത്തിയ ഒരു ദിവസത്തെ വിറ്റുവരവ് | ഈടാക്കിയ ലൈസൻസ് ഫീസ് | ഈടാക്കേണ്ടിയിരുന്ന ലൈസൻസ് ഫീസ് | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | V/431A | ടി.വി. സുന്ദരം അയ്യങ്കാർ & സൺസ് (മഹീന്ദ്ര കാർ ഷോറൂം) | 5000 | 1500 | 4000 | 2500 |
| 2 | 6/20(G333) | സുനിൽ കുമാർ പി.എസ്.<br>പാറക്കൽ തെക്കേതിൽ<br>ഇടപ്പരിയാരം പി ഒ<br>ഇലന്തൂർ | 75000 | 1000 | 4000 | 3000 |

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 7-ൽ ഏതൊരു ലൈസൻസിനും II-ാം പട്ടികയിൽ വിവരിക്കുന്ന നിരക്കുകൾക്ക് അനുസൃതമായി ഗ്രാമപഞ്ചായത്തിന് ഫീസ് ചുമത്താവുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. ഇതു പ്രകാരം ഒരു വർഷം 4000 രൂപ വരെ ഇവരിൽ നിന്നും ഈടാക്കാമെന്നിരിക്കെ കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കിയതിനാൽ മുകളിൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും മാത്രം ഈയിനത്തിൽ 5500 രൂപയുടെ കുറവുണ്ടായിട്ടുണ്ട്. ഗണ്യമായ തുക ദൈനംദിന വിറ്റുവരവുള്ള വൻ കിട സ്ഥാപനങ്ങളിൽനിന്നും പരമാവധി തുക ലൈസൻസ് ഫീസായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-10 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എക്കണോമിക്സ്&സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.ecostat.kerala.gov.in-ലെ വിവരം അനുസരിച്ച് പഞ്ചായത്ത് പരിധിയിൽ 13 റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒന്നും തന്നെ ലൈസൻസ് എടുക്കുന്നില്ല. ടി റേഷൻ കടങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-11 മൊബൈൽ ടവറുകൾക്ക് അനുബന്ധമായി സ്ഥാപിച്ചിരിക്കുന്ന ജനറേറ്ററുകളുടെ മോട്ടോർ ഫീസ് ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ താഴെ പറയുന്ന മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നം | ടവറിന്റെ വിവരം | വാർഡ് നം./ കെട്ടിട നം. |
|---|---|---|
| 1 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 7/363 |
| 2 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 9/146A |
| 3 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 3/102C |
| 4 | ഭാരതി ടെലിവെഞ്ചേഴ്സ് ലിമിറ്റഡ് | 3/102B |
| 6 | സബ് ഡിവിഷണൽ എഞ്ചിനീയർ, ബി.എസ്.എൻ.എൽ. | 8/292 |

| | | |
|---|---|---|
| 7 | ഹച്ചിസൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ് | 3/102A |

ടി മൊബൈൽ ടവറുകൾക്ക്അനുബന്ധമായിസ്ഥാപിച്ചിരിക്കുന്ന ജനറേറ്ററുകളുടെ മോട്ടോർ ഫീസ് ഈടാക്കുന്നതിന് മുൻ റിപ്പോർട്ടുകളിൽ നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് ഈടാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് അധികൃതർ നാളിതുവരെ സ്വീകരിച്ചിട്ടില്ല. ജനറേറ്ററുകളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ മോട്ടോർ ഫീസ് കണക്കാക്കി മൊബൈൽ ടവറുകൾ ഉടമകളിൽനിന്നും ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-12 ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് എടുക്കാതെ പഞ്ചായത്ത്പരിധിയിൽ ഫാം പ്രവർത്തിപ്പിക്കുന്നു

ലൈവ്സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതും നടത്തുന്നതും അസഹ്യത ഉളവാക്കുന്ന പ്രവർത്തി ആയിരിക്കുമെന്നതിനാൽ നിശ്ചിത എണ്ണത്തിൽ കൂടുതൽ മൃഗങ്ങളേയോ, പക്ഷികളെയോ വളർത്തുന്നതോ, അഥവാ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതോ ആയ ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും 1994-ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് 232-ാം വകുപ്പ് പ്രകാരം ലൈസൻസ് ആവശ്യമാണ്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ ഓഡിറ്റ് വർഷം 2012-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം. | പേര്/അഡ്രസ് | ഇനം | വാർഡ് നം/കെട്ടിട നം. |
|---|---|---|---|
| 1 | സുജ മനോജ്, പാറവണ്ണത്ത്, ഇലഞ്ഞൂർ | എഗ്ഗർ നേഴ്സറി | X/72 |
| 2 | ജോസ് പി. മാത്യു, പ്ളാവുനിൽക്കുന്നതിൽ, ചുരുളിക്കോട് | പശു ഫാം | IV/128/B |

മേൽപ്പറഞ്ഞ ഫാമിൽ സംരക്ഷിക്കപ്പെടുന്ന പക്ഷികളുടെ/മൃഗങ്ങളുടെ എണ്ണം, വളർത്തുന്നതിനാ വശ്യമായ കുറഞ്ഞ സ്ഥലവിസ്തൃതി എന്നിവ ചട്ടം അനുശാസിക്കുന്ന പട്ടികകൾ പ്രകാരം നിജപ്പെടുത്തി ഫീസ് ഈടാക്കി ഫാം ലൈസൻസ് അനുവദിക്കുകയോ അല്ലാത്തപക്ഷം നിയമ പ്രകാരമല്ലാതെ പ്രവർത്തിക്കുന്നു എന്ന് ബോധ്യപ്പെട്ടാൽ ഫാം അടച്ചുപൂട്ടുന്നതിന് നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 2-13 ഷോപ്പിംഗ് കോംപ്ലക്സ് - കെ.എസ്.ഇ.ബി-യിൽ നിന്നും വാടക കുറവായി ഈടാക്കുന്നു

ഇലഞ്ഞൂർ ഷോപ്പിംഗ് കോംപ്ലക്സിലെ 18, 21, 22 നമ്പർ കടമുറികൾ കെ.എസ്.ഇ.ബി-യുടെ കളക്ഷൻ സെന്റർ നടത്തുന്നതിനായി ഉപയോഗിക്കുന്നു. ടി കടമുറികളിൽ നിന്നും പ്രതിമാസം 400 രൂപ മാത്രമേ വാടകയായി ഈടാക്കുന്നുള്ളൂ. ടി കടമുറികളുടെ വാടക പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-14 പഞ്ചായത്ത് വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോസ്റ്റോഫീസിൽ നിന്നും വാടക ഈടാക്കുന്നില്ല

പരിയാരം സബ് പോസ്റ്റോഫീസ് പ്രവർത്തിക്കുന്നത് ഇലഞ്ഞൂർ പൂക്കോട് ഭാഗത്തുള്ള പഞ്ചായത്ത് വക കെട്ടിടത്തിലാണ്. 2008-09 വർഷം പഞ്ചായത്ത് ടി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ പഞ്ചായത്ത് ടി കെട്ടിടത്തിന്റെ വാടക ഈടാക്കിയിട്ടില്ല. ടി കെട്ടിടത്തിന്റെ വാടക പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം നിർണ്ണയിച്ച് പോസ്റ്റൽ വകുപ്പിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-15 ഷോപ്പിംഗ് കോംപ്ലക്സ് - അറ്റകുറ്റപ്പണികൾ നടത്തുന്നില്ല; വാടക തുച്ഛം

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ അറ്റകുറ്റപ്പണികൾ കാലികമായി ചെയ്യുന്നില്ല. അവ ഉപയോഗയോഗ്യമല്ല എന്ന കാരണത്താൽ കടമുറികൾ തുച്ഛമായ വാടകയ്ക്കാണ് ഇപ്പോൾ നൽകിയിരിക്കുന്നത്. കടമുറികളുടെ അറ്റകുറ്റപ്പണികൾ കാലികമായി ചെയ്യേണ്ടതും അവ ഉപയോഗയോഗ്യമാക്കി ഉയർന്ന വാടകയ്ക്ക് പുനർലേലം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-16 പരസ്യ നികുതി പിരിക്കുന്നില്ല, പഞ്ചായത്തിന് വരവ് നഷ്ടം

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209, ഉപവകുപ്പുകൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിക്കുന്ന പരസ്യങ്ങളിൻമേൽ ഗ്രാമപഞ്ചായത്തിനു നികുതി പിരിക്കാവുന്നതും ഇതിനുള്ള അവകാശം ലേലം ചെയ്തു നൽകാവുന്നതുമാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി-5-15253/04 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാതൃകാ ബൈലോയുടെ അടിസ്ഥാനത്തിൽ ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങി, പരസ്യ നികുതി പിരിച്ച് തനതു വരുമാനത്തിലേക്കു മുതൽ കൂട്ടുന്നതിനു ഗ്രാമപഞ്ചായത്ത് യാതൊരു വിധ നടപടികളും സ്വീകരിച്ചിട്ടില്ല. തിരുവല്ല-കുമ്പഴ സംസ്ഥാനപാതയുടെ ഒരു വശത്തായി ഏകദേശം 10 കിലോ മീറ്റർ പ്രദേശം ഈ പഞ്ചായത്തിന്റെ ഭാഗമാണ്. ഇവിടെ ധാരാളം പരസ്യബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഓരോ വർഷവും ശബരിമല തീർത്ഥാടന കാലയളവിൽ വളരെയധികം പരസ്യബോർഡുകൾ പ്രദർശിപ്പിക്കുന്നുമുണ്ട്. കൂടാതെ വാര്യാപുരം, ഇലന്തൂർ, നെല്ലിക്കാല എന്നിവിടങ്ങളിലും പഞ്ചായത്തിലെ വിവിധ റോഡരികിലും പരസ്യ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ബോർഡുകളിൽ നിന്നും നല്ലൊരു വരുമാനം ലഭിക്കുവാനുള്ള സാധ്യത പഞ്ചായത്ത് പ്രയോജനപ്പെടുത്തുന്നില്ല.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 21.02.2013 ലെ WP(C) നമ്പർ 27011/2012 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ 25.10.2013 ൽ പുറപ്പെടുവിച്ച എൽ.എസ് .ജി (ആർ.സി) വകുപ്പിന്റെ 71806/RC2/2012/LSGD നമ്പർ സർക്കുലർ പ്രകാരം ഗതാഗത തടസ്സമുണ്ടാക്കുന്ന രീതിയിൽ റോഡുകൾ, റോഡരികുകൾ എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ, ഹോർഡിംഗുകൾ, കമാനങ്ങൾ എന്നിവ നീക്കം ചെയ്യണമെന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്. സുഗമമായ ഗതാഗതത്തിനു വിഘ്നം സൃഷ്ടിക്കുന്ന തരത്തിൽ വാഹന യാത്രക്കാരുടെയും കാൽനട യാത്രക്കാരുടെയും കാഴ്ച തടസ്സപ്പെടുത്തിക്കൊണ്ടും, അപകടകാരണമായേക്കാവുന്ന രീതിയിലും ട്രാഫിക് ഐലന്റ്, മീഡിയൻ,ഫുട് പാത്ത് തുടങ്ങി ഏതിടങ്ങളിലും സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ സ്വമേധയാ ഗ്രാമ പഞ്ചായത്തിനു നീക്കം ചെയ്യാവുന്നതാണെന്നു സർക്കുലർ നിർദ്ദേശിക്കുന്നു. നിയതമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ബൈലോ ഉപയോഗിച്ചുള്ള പരസ്യ നികുതി പിരിവിലൂടെ പഞ്ചായത്തിനു തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതും ഹൈക്കോടതിയുടെയും സർക്കാരിന്റെയും നിർദ്ദേശങ്ങൾ പാലിച്ച് സുഗമമായ യാത്രാ സൗകര്യം ഉറപ്പാക്കിക്കൊണ്ട് അനധികൃത പരസ്യങ്ങൾ ഒഴിവാക്കാവുന്നതുമാണ്.

## 2-17 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടണം

ഗ്രാമപഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിരത ദ്രവ്യം/ജാമ്യ നിക്ഷേപം ഇനത്തിൽ വരവുള്ള 219281രൂപ ബന്ധപ്പെട്ട കക്ഷികൾ അവകാശപ്പെടാതെ കാലഹരണപ്പെട്ടതായിട്ടുണ്ടെന്ന് കണ്ടു. എന്നാൽ ഈ തുക ഗ്രാമപഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം-I ആർട്ടിക്കിൾ 282(1) പ്രകാരം ഡെപ്പോസിറ്റ് തുകകൾ മൂന്നു വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും, തിരിച്ചു വാങ്ങാതെയും ഇരുന്നാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും അത് പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മുതൽ കൂട്ടാവുന്നതുമാണ്. റീഫണ്ട് ചെയ്യാതെ അവശേഷിക്കുന്ന ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റ് തുകകൾ റവന്യൂ അക്കൗണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

| | |
|---|---|
| നിരത ദ്രവ്യം | 77907 |
| ജാമ്യനിക്ഷേപ തുക | 104874 |
| ഇലക്ഷൻ ഡെപ്പോസിറ്റ് (2015) | 25000 |
| ഓഡിറ്റോറിയം/ഹാൾ ഡെപ്പോസിറ്റ് | 11500 |
| ആകെ | 219281 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും, രേഖകൾ സൂക്ഷിക്കുന്നതിലും, നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനീയർ ഗുരുതര വീഴ്ചയാണ് വരുത്തിയിട്ടുള്ളത്. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) ഗുണഭോക്തൃസമിതികളെ പണി ഏല്പിക്കുന്നതിനായി പ്രവൃത്തികൾ വിഭജിക്കുന്നു

അഞ്ച് ലക്ഷം രൂപയിൽ കൂടുതൽ അടങ്കലുള്ള മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ക്ഷണിച്ച് നടപ്പിലാക്കണമെന്ന സർക്കാർ ഉത്തരവ് മറികടക്കുന്നതിനായി പ്രവൃത്തികളുടെ അടങ്കൽ പരിമിതപ്പെടുത്തുന്നതിനുള്ള ബോധപൂർവ്വമായ ശ്രമം ഉണ്ടായിട്ടുണ്ട്. ഓരോ വാർഡിലും കുറഞ്ഞത് ഒൻപത് റോഡ് പ്രവൃത്തികളാണ് ഓരോ വർഷവും ഏറ്റെടുക്കുന്നത്. ഇവയുടെ അടങ്കൽ അൻപതിനായിരം മുതൽ രണ്ടരലക്ഷം രൂപ വരെയാണ്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് ചെറിയ അടങ്കൽ തുകയുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നത് വിഭവ വിന്യാസത്തിന്റെ ഫലപ്രാപ്തിയെ പ്രതികൂലമായി ബാധിക്കുന്നു. പദ്ധതി തയ്യാറാക്കുമ്പോൾ, പദ്ധതി പണത്തിന്റെ മൂല്യം തദ്ദേശഭരണ സ്ഥാപനങ്ങൾ പരമാവധി സൂക്ഷ്മ ബോധത്തോടെ ഉൾക്കൊള്ളേണ്ടതുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം

ഗ്രാന്റായിട്ടാണ് നല്കുന്നതെങ്കിലും ആ തുകയുടെ 80 ശതമാനത്തോളം സംസ്ഥാന ഗവണ്മെന്റ് വായ്പ വാങ്ങുന്നതാണ്. അതിന് ഏകദേശം 11 ശതമാനമാണ് വാർഷിക പലിശ. വിഭവങ്ങളുടെ മൂല്യത്തെയും ദൗർലഭ്യത്തെയും കുറിച്ചുള്ള ധാരണയോടെയാകണം പണം ചെലവ് ചെയ്യുന്നതിന് തീരുമാനം എടുക്കേണ്ടത്. നിർഭാഗ്യവശാൽ ഈ ഒരു ബോധ്യത്തോടെയല്ല ഗ്രാമപഞ്ചായത്ത് അധികൃതർ പ്രവർത്തിച്ചിട്ടുള്ളത്. ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് 117 മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തത് ഇതിന് തെളിവാണ്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് ചെറിയ അടങ്കൽ തുകയുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്ന പ്രവണത ഗ്രാമപഞ്ചായത്തിന്റെ ഉത്തമ താല്പര്യങ്ങൾ സംരക്ഷിക്കുന്നതല്ല. ഗ്രാമപഞ്ചായത്തിൽ തൻവർഷം തുക വകയിരുത്തിയ 81 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ 50000രൂപയിൽ താഴെ അടങ്കലുള്ള 14 പ്രവൃത്തികളുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(2) ഗുണഭോക്തൃസമിതി മുഖാന്തിരമുള്ള പ്രവൃത്തി നടത്തിപ്പിൽ ക്രമക്കേട്

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13-ൽ ഗുണഭോക്തൃസമിതി മുഖേന പണികൾ നടത്തുന്നതിനായുള്ള നടപടി ക്രമങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. കൂടാതെ 04.03.13-ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ നം.1047/ഡി.എ.1/13/തസ്വഭവ പ്രകാരം ഗുണഭോക്തൃസമിതികൾ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ 13.03.13-ലെ സർക്കുലർ നം. HD/EE/LSGD/12/13 പ്രകാരം ടി വിഷയം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ അസി. എഞ്ചിനീയർമാർക്കും നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളും, സർക്കാർ നിർദ്ദേശങ്ങളും പാടെ അവഗണിച്ചാണ് ഗുണഭോക്തൃസമിതികൾ മുഖാന്തിരം മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്.

പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 13(2)-ൽ ഗുണഭോക്തൃസമിതി രൂപീകരിക്കേണ്ടത് എപ്രകാരമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചട്ടത്തിലെ വ്യവസ്ഥകൾ പാലിച്ചല്ല ഗുണഭോക്തൃസമിതികൾ രൂപീകരിച്ചിട്ടുള്ളത്. മാത്രവുമല്ല ഗുണഭോക്തൃസമിതി രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ കൃത്രിമമായി ചമച്ചിട്ടുള്ളതാണെന്ന് പ്രഥമ ദൃഷ്ടിയിൽതന്നെ വ്യക്തമാണ്. ചട്ടം 13(6) പ്രകാരം പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പണി പൂർത്തിയാകുന്ന മുറയ്ക്ക് പഞ്ചായത്ത് സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതുമാണ്. മാത്രവുമല്ല 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും ക്യാഷ് ബിൽ അസി. എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസി. എക്സി. എഞ്ചിനീയർ മേലൊപ്പിടേണ്ടതും നിർബന്ധമാണ്. മസ്റ്റർ റോൾ കൺവീനർ ഒപ്പിടേണ്ടതും, അസി.എഞ്ചിനീയറും, അസി.എക്സി. എഞ്ചിനീയറും മേലൊപ്പിടേണ്ടതുമാണ്. എല്ലാ ക്യാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതാണ്. അല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസി. എഞ്ചിനീയർ, അസി. എക്സി.എഞ്ചിനീയർ എന്നിവർക്കായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടി വ്യവസ്ഥകൾ ഒന്നും ഗ്രാമപഞ്ചായത്തിലെ കൺവീനർ പ്രവൃത്തികളുടെ കാര്യത്തിൽ പാലിച്ചിട്ടില്ല. കൺവീനർമാർ ഹാജരാക്കിയിട്ടുള്ള ചെലവ് കണക്കുകളും, മസ്റ്റർ റോളും, ക്യാഷ് ബില്ലുകളും വിശ്വസനീയവും സത്യസന്ധവുമല്ല. ചുരുക്കത്തിൽ കൺവീനർ പ്രവർത്തികൾ ഒന്നുംതന്നെ സുതാര്യമായല്ല നടത്തിയിട്ടുള്ളത്.

ഗുണഭോക്തൃസമിതികൾ മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികളിൽ ഏറിയ പങ്കും വൻ ലാഭം കിട്ടുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ്. ഇതേ കാലയളവിൽ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നടത്തിയിട്ടുള്ള സമീപ ഗ്രാമപഞ്ചായത്തുകളിൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് 25 ശതമാനം വരെ കുറഞ്ഞനിരക്കിൽ കരാറുകാർ ടെണ്ടർ സമർപ്പിച്ചിട്ടുള്ളതായി പരിശോധനയിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്. ഈ പ്രവൃത്തികൾ മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിച്ച് സുതാര്യമായി നടപ്പിലാക്കിയിരുന്നുവെങ്കിൽ ടെണ്ടർ ഫാറം വില്പന ഇനത്തിലും, ടെണ്ടർ സേവിംഗ്സ് ഇനത്തിലും ലക്ഷക്കണക്കിനു രൂപ ഗ്രാമപഞ്ചായത്തിന് നിശ്ചയമായും ലാഭിക്കാമായിരുന്നു. കൂടാതെ, EMD, സെക്യൂരിറ്റി ഇനത്തിൽ ലഭിക്കുമായിരുന്ന തുകകളും ഗ്രാമപഞ്ചയത്തിന് വലിയൊരു മുതൽക്കൂട്ടാകുമായിരുന്നു. ഗുണഭോക്തൃസമിതി മുഖാന്തിരം പ്രവൃത്തി നടത്തുമ്പോൾ പിഴ ഒടുക്കാതെ പ്രവൃത്തി നീട്ടികൊണ്ടുപോകാൻ സാധിക്കും. കൂടാതെ പ്രവൃത്തി നിർവ്വഹണത്തിലുണ്ടാകുന്ന വീഴ്ചകൾ മൂലം പഞ്ചായത്തിനുണ്ടാകാൻ സാധ്യതയുള്ള കഷ്ടനഷ്ടങ്ങൾക്ക് ഗുണഭോക്തൃസമിതി കൺവീനർമാരിൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിന് പ്രായോഗിക വൈഷമ്യങ്ങൾ ഏറെയാണ്.

ഗുണഭോക്തൃസമിതികൾ മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ ഫയലുകളിൽ കണ്ട മറ്റ് അപാകതകൾ താഴെ പറയുന്നവാണ്.

1. ഫയലുകളിൽ രേഖകൾ അലക്ഷ്യമായും ക്രമരഹിതവുമായുമാണ് സൂക്ഷിച്ചിരുന്നത്.
2. ഗുണഭോക്തൃസമിതിയുടെ ചെയർമാനും, കൺവീനറും അംഗങ്ങളും പ്രോജക്റ്റിൽ പറഞ്ഞിട്ടുള്ള ഗുണഭോക്തൃ പ്രദേശത്തെ നിവാസികൾതന്നെ ആയിരിക്കണമെന്നും ആയത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥന് നൽകണമെന്ന വ്യവസ്ഥ ഒരു പ്രവൃത്തിയുടെ കാര്യത്തിലും പാലിച്ചിട്ടില്ല.
3. ഗുണഭോക്താക്കളുടെ യോഗം വിളിച്ചു ചേർക്കേണ്ട ചുമതല കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനീയറിനാണ്. എന്നാൽ ഗുണഭോക്തൃസമിതി യോഗങ്ങളിൽ അസി.എഞ്ചിനീയറോ, ഓവർസീയറോ പങ്കെടുക്കാറില്ല.
4. ഗുണഭോക്തൃ സമിതി യോഗം വിളിച്ച് ചേർത്തതിന്റെ നോട്ടീസ്, യോഗ മിനിട്ട്സ് എന്നിവ മിക്ക പ്രവൃത്തി ഫയലുകളിലും ഉൾപ്പെടുത്തിയിരുന്നില്ല.
5. കൺവീനറും, ഗുണഭോക്തൃസമിതി അംഗങ്ങളുമായുള്ള കരാറുകൾ കൃത്യമായ വിവരങ്ങൾ ചേർത്ത് കക്ഷികളും, സാക്ഷികളും ഒപ്പിട്ട് ആധികാരികമാക്കിയിരുന്നില്ല. ആയതിനാൽ കരാറുകൾ മിക്കതും സാധുവായിരുന്നില്ല.
6. കൺവീനർ, ചെയർമാൻ എന്നിവരുടെ തിരിച്ചറിയൽ രേഖകൾ, പാൻ കാർഡിന്റെ പകർപ്പ് എന്നിവ മിക്ക ഫയലുകളിലും ഇല്ല.

7. കൺവീനറുടെയും ചെയർമാന്റെയും ജോയിന്റ് അക്കൗണ്ടിലൂടെയല്ല പണമിടപാടുകൾ നടത്തിയിരുന്നത്.
8. പ്രവൃത്തികളുടെ വരവ് ചെലവ് കണക്കുകൾ ഗുണഭോക്തൃസമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേർന്ന് അംഗീകരിച്ച് ഗ്രാമപഞ്ചായത്തിന് സമർപ്പിച്ചിട്ടില്ല. ഭൂരിപക്ഷം പ്രവൃത്തികളുടെ കാര്യത്തിലും വരവ് ചെലവ് കണക്കുകൾ ഹാജരാക്കാതെയാണ് ബിൽ തുക നൽകിയിട്ടുള്ളത്.
9. കൺവീനർമാർ ബിൽ തുക കൈപ്പറ്റിയതിന്റെ രസീതി ഒരു ഫയലിലും ലഭ്യമാക്കിയിട്ടില്ല.
10. ഫയലുകളിൽ എഞ്ചിനീയറുടെ റിക്വിസിഷൻ, പ്രസിഡന്റിന്റെ ഓതറൈസേഷൻ, അലോട്ട്മെന്റ്, നിർവ്വഹണ ഉദ്യോഗസ്ഥന്റെ പ്രൊസീഡിംഗ്സ് എന്നീ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മേൽ വിവരിച്ച വസ്തുതകളുടെ വെളിച്ചത്തിൽ വരും വർഷങ്ങളിൽ ഗുണഭോക്തൃസമിതി മുഖാന്തിരം മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്ന കാര്യത്തിൽ പഞ്ചായത്ത് ഭരണ സമിതി ഗൗരവതരമായ പുനർവിചിന്തനം നടത്തേണ്ടതാണ്.

(3) എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ അപാകത

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പുനരുദ്ധാരണം ആവശ്യമായ റോഡുകളുടെ മുഴുവൻ നീളത്തിനും എസ്റ്റിമേറ്റ് തയ്യാറാക്കാതെ റോഡുകളെ ചെറിയ ചെറിയ കഷ്ണങ്ങളാക്കി മുറിച്ച് പ്രോജക്ട് തയ്യാറാക്കുന്നു. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് ചെറിയ അടങ്കൽ തുകയുള്ള അസംഖ്യം റോഡ് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാൽ ഒരു റോഡു പോലും പൂർണ്ണമായി ഗതാഗത യോഗ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് കഴിയുന്നില്ല.
2. റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ റോഡിന്റെ പേരല്ലാതെ ഏതുഭാഗം മുതൽ ഏതു ഭാഗം വരെയെന്ന വിവരം ചെയ്നേജ് സഹിതം പ്രോജക്ടിലും, എസ്റ്റിമേറ്റിലും ചേർക്കുന്നില്ല.
3. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനങ്ങളുടെ, പ്രത്യേകിച്ച് നിരീക്ഷണ ഡാറ്റ (Observed data) തയ്യാറാക്കി നടത്തുന്ന പ്രവൃത്തികളുടെ കാര്യത്തിൽ, അംഗീകരിച്ച ഡാറ്റ ഷീറ്റ് എസ്റ്റിമേറ്റിനോടൊപ്പം ഹാജരാക്കുന്നില്ല.
4. എസ്റ്റിമേറ്റിനോടൊപ്പം കൃത്യമായ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ സമർപ്പിക്കുന്നില്ല. ധാരാളം ഫയലുകളിൽ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ ലഭ്യമാക്കിയിട്ടില്ലെന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
5. കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ കാര്യത്തിൽ പ്ലംബിംഗ്, വയറിംഗ് എന്നിവയ്ക്ക് പ്രോജക്ടിൽ തുക വകയിരുത്തുന്നില്ല.

(4) രേഖകൾ സൂക്ഷിക്കുന്നതിൽ ഗുരുതരവീഴ്ച

വർക്ക് ബിൽ കോപ്പികളിൽ നിർദ്ദിഷ്ടഭാഗത്ത് എഗ്രിമെന്റ് നമ്പർ, കരാർ തുക, പ്രവൃത്തി ആരംഭിച്ച തീയതി, പൂർത്തീകരിച്ച തീയതി എന്നിവ കാണിക്കുന്നില്ല. എല്ലാ വർക്ക് ബിൽ കോപ്പികളിലും പേയ് മെന്റ് വിവരം (Memorandum of Payment) രേഖപ്പെടുത്തുന്നില്ല. അതുപോലെതന്നെ കൺവീനറുടെ കൈപ്പറ്റ് വിവരവും ഇല്ല. ഫയലുകളിൽ വാറ്റ്, ആദായ നികുതി എന്നിവ ഒടുക്കിയതിന് തെളിവായി ട്രഷറി ചെലൻ ലഭ്യമാക്കുന്നില്ല. നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഇനത്തിൽ വർക്ക് ബില്ലുകളിൽനിന്നും ഈടാക്കിയ തുക, ആയതിന്റെ ഒടുക്ക് എന്നിവ പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിനാവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല. എം.ബുക്കുകളിൽ അളവുകൾ സമ്മതിച്ചുകൊണ്ട് കൺവീനർമാർ ഒപ്പിടുന്നില്ല. ഫയലുകളിൽ ഒന്നുംതന്നെ വർക്ക് ഓർഡർ, സൈറ്റ് ഹാൻഡ് ഓവർ ചെയ്തതിന്റെ രേഖ എന്നിവ സൂക്ഷിക്കുന്നില്ല.

## 3-2 പശ്ചാത്തല മേഖലയിൽ 66.68% ചെലവും റോഡ് കോൺക്രീറ്റിംഗിനു വേണ്ടി മാത്രം

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ടുമാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവൂ എന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു [സ.ഉ.(എം.എസ്.)നം.225/12/തസ്വഭവ, തീ.18.08.12 – അനുബന്ധം 1, പാര. 12(viii)]. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കാതെ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം 1.33 കോടി രൂപ പശ്ചാത്തല മേഖലയിൽ ചെലവഴിച്ചിട്ടുള്ളതിന്റെ 66.68%-വും (₹8928028) റോഡ് കോൺക്രീറ്റിംഗിനു വേണ്ടി മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പദ്ധതികളുടെ എണ്ണം | അടങ്കൽ | അടങ്കലിന്റെ അനുപാതം | ചെലവു പദ്ധതികളുടെ എണ്ണം | ചെലവു തുക | ചെലവ് അനുപാതം |
|---|---|---|---|---|---|---|
| റോഡ് കോൺക്രീറ്റിംഗ് | 81 | 10660551 | 48.13 | 66 | 8928028 | 66.69 |
| ടാറിംഗ്/റീ ടാറിംഗ് | 2 | 300000 | 1.35 | 1 | 174984 | 1.31 |
| ടോയ് ലെറ്റ് | 1 | 60000 | 0.27 | 1 | 52750 | 0.39 |
| റാമ്പ് | 1 | 50000 | 0.22 | 0 | 0 | 0 |
| സ്റ്റെപ്പ് നിർമ്മാണം | 2 | 175000 | 0.79 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| അങ്കണവാടി പുനരുദ്ധാരണം | 6 | 2540049 | 11.47 | 0 | 0 | 0 |
| സംരക്ഷണ ഭിത്തി | 12 | 1528350 | 6.9 | 8 | 1085136 | 8.11 |
| സ്കൂൾ നവീകരണം | 3 | 1291543 | 5.83 | 2 | 691890 | 5.17 |
| കോൺഫറൻസ് ഹാൾ | 1 | 411829 | 1.86 | 0 | 0 | 0 |
| ഓട നിർമ്മാണം | 1 | 50000 | 0.23 | 1 | 43166 | 0.32 |
| കലുങ്ക് നിർമ്മാണം | 1 | 475000 | 2.14 | 1 | 475000 | 3.55 |
| കമ്മ്യൂണിറ്റി ഹാൾ നവീകരണം | 1 | 700000 | 3.16 | 0 | 0 | 0 |
| മാർക്കറ്റ് നവീകരണം | 1 | 30000 | 0.14 | 0 | 0 | 0 |
| ഷോപ്പിംഗ് കോംപ്ളക്സ് നവീകരണം | 1 | 300000 | 1.35 | 0 | 0 | 0 |
| സ്മാരക നവീകരണം | 1 | 23000 | 0.10 | 0 | 0 | 0 |
| ഹോമിയോ ആശുപത്രി നവീകരണം | 1 | 1555000 | 7.02 | 0 | 0 | 0 |
| പഞ്ചായത്ത് ഓഫീസ് നിർമ്മാണം | 1 | 2000000 | 9.03 | 1 | 1937327 | 14.47 |
| ആകെ | 117 | 22150322 | 100 | 81 | 13388281 | 100 |

പശ്ചാത്തല മേഖലയിലെ ചെലവ് സൂക്ഷ്മമായി പരിശോധിച്ചതിൽ നിന്നും റോഡ് കോൺക്രീറ്റിംഗ് മാത്രമാണ് പഞ്ചായത്തിന്റെ ഭൂരിഭാഗ ചെലവിന്റെയും അടിസ്ഥാനമെന്ന വ്യക്തമാണ്. റോഡു പ്രവൃത്തികളിൽ ചെലവുകുറഞ്ഞ മെറ്റലിംഗിനും, ടാറിംഗിനും പകരമാണ് അതിന്റെ ഇരട്ടിയിലധികം ചെലവു വരുന്ന കോൺക്രീറ്റിംഗ് പ്രവൃത്തി നടത്തുന്നത്. ചെലവു കുറഞ്ഞ മാർഗ്ഗം അവലംബിച്ച് റോഡുകളുടെ പുനരുദ്ധാരണം നടത്താമെന്നിരിക്കെ വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് ചെറിയം നീളം റോഡ് കോൺക്രീറ്റിംഗ് നടത്തുന്നതിന് പ്രോജക്ട് നടപ്പിലാക്കുന്നത് ശരിയായ പ്രവണതയല്ല.

കോൺഫറൻസ് ഹാൾ, മാർക്കറ്റ് നവീകരണം, ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം, ഹോമിയോ ആശുപത്രി നവീകരണം, കമ്മ്യൂണിറ്റിഹാൾ നവീകരണം എന്നീ സുപ്രധാന പദ്ധതികൾ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധ പതിപ്പിച്ചിട്ടില്ല. ഓഡിറ്റ് നേരിട്ട് നടത്തിയ പരിശോധനയിൽ വളരെ പരിതാപകരമായ നിലയിൽ മേൽസ്ഥാപനങ്ങൾ പ്രവൃത്തിക്കുന്നതായി കണ്ടു. അങ്കണവാടികളുടെ പുനരുദ്ധാരണത്തിനായി 6 പദ്ധതികളിലൂടെ 25.40 ലക്ഷം രൂപ വകയിരുത്തിയെങ്കിലും ഒരു രൂപ പോലും ചെലവഴിക്കാനായിട്ടില്ല. പ്രാധാന്യം അർഹിക്കുന്ന ഇത്തരം വിഷയങ്ങൾ പരിഹരിക്കാൻ ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 1:2:4 റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയതു മൂലം ഗ്രാമപഞ്ചായത്തിന് 200111 രൂപയുടെ നഷ്ടം സംഭവിച്ചു

2015-16-ൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ Public Works (H) Department-ന്റെ 17.04.2013-ലെ G.O(P) No.36/2013/PWD ഉത്തരവു പ്രകാരം CPWD Data (Central Public Works Department, Delhi Schedule Rate) പ്രാബല്യത്തിലാക്കിയിരുന്നു. ഇതു പ്രകാരമാണ് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയും കൺവീനർമാർക്ക് ഫൈനൽ ബിൽ തുക നൽകുകയും ചെയ്തിട്ടുള്ളത്. CPWD, Analysis of rates-2014, Volume-1 പ്രകാരം 1:2:4 റോഡ് കോൺക്രീറ്റിംഗിന് (DSR Code:4.1.3) Base rate എന്നത് 4753.29 രൂപയാണ്. PWD, ചീഫ് എഞ്ചിനീയറുടെ 15.12.2014-ലെ CD/Admin/PLA/1014/2005 നമ്പർ സർക്കുലർ പ്രകാരം പത്തനംതിട്ട ജില്ലയ്ക്ക് 01.04.2014 മുതൽ ബാധകമായ Cost Index 40.95% ആണ്. ഇതു പ്രകാരം 1:2:4 കോൺക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് 6699.76/m3 ആണ് (4753.29x1.4095 = 6699.76). എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ 1:2:4 റോഡ് കോൺക്രീറ്റിംഗിനു പകരം തറ നിരപ്പാക്കലിനു (Flooring,DSR Code:11.7) നൽകേണ്ട നിരക്കാണ് നൽകിയിരിക്കുന്നതെന്ന് കാണുന്നു. അതായത് എം.ക്യൂബിന് 7058.78 രൂപ നിരക്കിലാണ് ഫൈനൽ ബിൽ തയ്യാറാക്കി തുക നൽകിയിരിക്കുന്നത് ഇത് അംഗീകരിക്കാനാവില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

For 1:2:4 Concreting (DSR Code:4.1.3)

Details of cost for 1 cum

| 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) | | | | | |
|---|---|---|---|---|---|
| Code | Description | Unit | Quantity | Rate | Amount |

| No | | | | | |
|---|---|---|---|---|---|
| 0295 | Stone aggregate (Single size)-20mm nominal size | Cum | 0.670 | 1175 | 787.25 |
| 0297 | Stone aggregate (Single size)-10mm nominal size | Cum | 0.220 | 1175 | 258.50 |
| 2202 | Carriage of Stone aggregate below 40mm nominal size | Cum | 0.890 | 106.49 | 94.78 |
| 0982 | Coarse sand(Zone III) | Cum | 0.445 | 1200 | 534 |
| 2203 | Carriage of Coarse sand | Cum | 0.445 | 106.49 | 47.39 |
| 0367 | Portland Cement(0.2225 cum) | Tonne | 0.320 | 6300 | 2016 |
| 2209 | Carriage of Cement | Tonne | 0.320 | 94.65 | 30.29 |
| Labour | | | | | |
| 0155 | Mason(Average) | Day | 0.100 | 417 | 41.70 |
| 0114 | Beldar | Day | 1.630 | 329 | 536.27 |
| 0101 | Bhisti | Day | 0.700 | 363 | 254.10 |
| 0002 | Hire Charge of concrete mixer 0.25 to 0.40 cum with Hopper | Day | 0.070 | 800 | 56.00 |
| 0012 | Vibrator(needle type 40mm) | Day | 0.070 | 350 | 24.50 |
| 9999 | Sundries | LS | 14.30 | 1.78 | 25.45 |
| | | | | Total | 4706.23 |
| Add water charge 1% | | | | | 47.06 |
| Sub Total | | | | | 4753.29 |
| Cost Index for Pathanamthitta,40.95% | | | | | 1946.47 |
| Total | | | | | 6699.76 |

For Flooring:(DSR Code:11.7)

Details of cost for one m3

| Cement Concrete pavement with 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) including finishing complete | | | | | |
|---|---|---|---|---|---|
| Code No | Description | Unit | Quantity | Rate | Amount |
| 4.1.3 | Rate as per item 4.1.3 of DSR ,concrete work | M3 | 1 | 4753.29/m3 | 4753.29 |
| Labour:Extra labour for laying in floors etc | | | | | |
| 0124 | Mason(brick layer) 2nd class | Day | 0.350 | 399.00 | 139.65 |
| 0114 | Bheldar | day | 0.180 | 329.00 | 59.22 |
| 0101 | Bhisti | day | 0.050 | 363.00 | 18.15 |
| 9999 | Sundries | LS | 19.760 | 1.78 | 35.17 |
| Sub Total | | | | | 5005.48 |
| Add 1% water charge except for 4.1.3 (252.19x1%) | | | | | 2.52 |
| Total | | | | | 5008 |
| Cost Index for Pathanamthitta,40.95% | | | | | 2050.78 |
| Total | | | | | 7058.78 |

ഇത്തരത്തിൽ അധിക നിരക്ക് നൽകിയത് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടേയും Technical Sanction നൽകിയ Elanthur Block Division, Assistant Executive Engineer-ടേയും ഭാഗത്തു നിന്നുണ്ടായ പിഴവാണ്.

ഇത്തരത്തിൽ അധിക നിരക്ക് നൽകിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രവൃത്തിയുടെ പേര് | എം. ബുക്ക് നം. | 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റിംഗിന്റെ അളവ് | നൽകിയ തുക (@7058.78/M3) | അർഹമായ തുക (@6699.76/M3) | അധികം നൽകിയ തുക | ഫൈനൽ ബിൽ തുക |
|---|---|---|---|---|---|---|---|---|
| 1. | 6 | എസ്.എൻ.ഡി.പി. ഗുരുമന്ദിരം വടക്കേതിൽപ്പടി | 49 | 6.64 | 46870 | 44486.41 | 2383.59 | 100000<br>47/15-16 /27.02.16 |
| 2. | 30 | മുത്തങ്കുഴി ഓക്കാവുങ്കൽ തോണിപാറയ്ക്കൽ | 29 | 4.93 | 34800 | 33029.82 | 1769.97 | 74832<br>32/15-16 /28.01.16 |
| 3. | 185 | മേമനപടി റേഷൻകടപടി | 99 | 6.53 | 46094 | 43749.43 | 2344.4 | 98883<br>80/15-16 /31.03.16 |
| 4. | 65 | ആശാരിമുക്ക് മഹാമണിമല | 48 | 14.8 | 104470 | 99156.45 | 5313.5 | 125000<br>52/15-16 /27.02.16 |
| 5. | 126 | ചിറമേൽപടി തവിട്ടക്കൽപടി | 34 | 9.9 | 69882 | 66327.62 | 3554.3 | 149800<br>39/15-16 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | /20.01.16 |
| 6. | 29 | രഞ്ചുഭവൻ മുണ്ടക്കൽ മേമുറി | 16 | 3.3 | 23294 | 22109.21 | 1184.77 | 49875<br>18/15-16/17.11.15 |
| 7. | 86 | മലമുറ്റം പെയർകോട്ടപ്പടി | 103 | 3.3 | 23294 | 22109.21 | 1184.77 | 49990<br>62/15-16<br>/23.03.16 |
| 8. | 24 | നിരന്നനിലം കുറ്റിയിൽപടി | 22 | 7.8 | 55058 | 52258.13 | 2800.36 | 117500<br>25/15-16/21.11.15 |
| 9. | 21 | മാലൂർ മാമ്പട്ടിമുരുപ്പേൽ | 12 | 6.48 | 45741 | 43414.44 | 2326.45 | 98167<br>19/15-16<br>/29.10.15 |
| 10. | 44 | പേഴുംകാട്ടിൽപടി - തെക്കേമുറിപ്പടി | 31 | 8.595 | 60670 | 57584.44 | 3085.78 | 129858<br>35/15-16<br>/20.01.16 |
| 11. | 53 | എക്സ്ചേഞ്ച് പടി ഇട്ടിമാടത്ത്പടി | 13 | 4.94 | 34870 | 33096.81 | 1773.56 | 74913<br>17-16/30.09.15 |
| 12. | 41 | കാശ്രർ കുട്ടപ്പാറയ്ക്കൽ നടപ്പാത നവീകരണം | 30 | 5.8 | 40941 | 38858.61 | 2082.32 | 109816<br>34/15-16<br>/20.01.16 |
| 13. | 33 | കുട്ടിയമ്പിൽ അങ്കണവാടി | 6 | 9.9 | 69882 | 66327.62 | 3554.3 | 149964<br>14/15-16<br>/30.09.15 |
| 14. | 83 | സി.കെ. റോഡ് | 1 | 31.50 | 222352 | 211042.44 | 11309.13 | 477186<br>3/15-16/19.08.15 |
| 15. | 47 | പുളിന്തിട്ട റിംഗ് | 5 | 11.5 | 81176 | 77047.24 | 4128.73 | 174609<br>10/15-16<br>/21.08.15 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 16. | 55 | ശാന്തിവിളപടി ഇമ്പിവിളപടി | 15 | 5.891 | 41583 | 39468.29 | 2114.99 | 88927<br>13/15-16 /30.09.15 |
| 17. | 157 | ഇളമലചരുവ് റോഡ് നവീകരണം | 98 | 2.411 | 17019 | 16153.12 | 865.6 | 59819<br>86/15-16 /31.03.16 |
| 18. | 31 | കൊല്ലംപടി ഓതിരേത്ത് | 7 | 6.581 | 46454 | 44091.12 | 2362.71 | 99724<br>16/15-16 /30.09.15 |
| 19. | 46 | ഓലിക്കൽ പേഴകാട്ടിൽപടി നടപ്പാത നവീകരണം | 33 | 6.5 | 45882 | 43548.44 | 2333.63 | 123383<br>37/15-16 /20.01.16 |
| 20. | 45 | വാല്യഴത്തിൽപടി കൊല്ലംപാറ | 32 | 12.9 | 91058 | 86426.9 | 4631.36 | 199151<br>36/15-16 /20.01.16 |
| 21. | 32 | കൊല്ലൻപടി നിലവേൽപടി | 17 | 3.27 | 23082 | 21908.22 | 1174 | 49599<br>20/15-16 /26.10.15 |
| 22. | 100 | മർത്തോമാ ഓഡിറ്റോറിയം ബി.എഡ്.സെന്റർ | 42 | 25.875 | 182646 | 173356.29 | 9289.64 | 224330<br>53/15-16 /27.02.16<br>167644<br>43/15-16 /19.02.16 |
| 23. | 97 | മണ്ണാരേത്ത്പാറ ഏലാ | 9 | 11.52 | 81317 | 77181.24 | 4135.91 | 174513<br>5/15-16/19.08.15 |
| 24. | 22 | കൊല്ലംപാറ ലക്ഷംവീട് മണ്ണപ്പാട്ടുപടി | 10 | 24.25 | 171175 | 162469.18 | 8706.24 | 367395<br>4/15-16/19.08.15 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 25. | 101 | തൊണ്ടിനിൽക്കുന്നതിൽ പുളിന്തിട്ട | 38 | 3.285 | 23188 | 22008.71 | 1179.38 | 49763<br>46/15-16 /27.02.16 |
| 26. | 39 | കുത്തുകല്ലുങ്കൽപടി പുളിനിൽക്കുന്നതിൽ ഏലാ | 2 | 13.20 | 93176 | 88436.83 | 4739.06 | 199867 |
| 27. | 7 | കുന്നപുറത്ത്പടി പാറമേക്കാവിൽ | 100 | 6.563 | 46327 | 43970.52 | 2356.25 | 99418<br>71/15-16/31.03.16 |
| 28. | 48 | പുളിനിൽക്കുന്നതിൽപടി ചാക്കവയൽ ഏലാ | 8 | 14.873 | 104985 | 99645.53 | 5339.7 | 224986<br>12/15-16 /22.09.15 |
| 29. | 90 | പാർവ്വതിവില്ലപടി പുതിയത്ത്പടി | 4 | 12.82 | 90494 | 85890.92 | 4602.64 | 194246<br>8/15-16/19.08.15 |
| 30. | 143 | അങ്കണവാടി വെളിയത്തുപടി | 84 | 6.581 | 46454 | 44091.12 | 2362.71 | 99724<br>82/15-16 /31.03.16 |
| 31. | 98 | കാളകോട്ട് കാവിൽപടി ഹരിജൻകോളനി | 87 | 9.135 | 64482 | 61202.31 | 3279.65 | 138385<br>70/15-16 /31.03.16 |
| 32. | 139 | ചിറക്കടവിൽപടി ഇടശ്ശേരികളത്തിൽപടി | 36 | 2.6 | 18353 | 17419.38 | 933.45 | 49354<br>42/15-1620.01.16 |
| 33. | 138 | പെരുമാടത്ത്പടി ഉറുകുഴിക്കൽപടി | 28 | 4.94 | 34870 | 33096.81 | 1773.56 | 74907<br>31/15-16 /28.01.16 |
| 34. | 10 | വടക്കേകാല നികരിയിൽ | 45 | 10.725 | 75705 | 71854.93 | 3850.49 | 134673<br>49/15-16 /27.02.16 |
| 35. | 137 | മറുകര തെക്കേക്കരപടി | 44 | 4.93 | 34800 | 33029.82 | 1769.97 | 74832<br>45/15-16 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | /27.02.16 |
| 36. | 156 | നെട്ടമ്പുറത്ത് നടപ്പാത | 19 | 2.64 | 18635 | 17687.37 | 947.81 | 50000<br>29/15-16<br>/27.02.16 |
| 37. | 5 | വാരണേത്ത്പടി മാനമ്പാറ കൈതയ്ക്കൽ | 47 | 13.16 | 92894 | 88168.84 | 4724.7 | 156191<br>50/15-16<br>/27.02.16 |
| 38. | 40 | പാലച്ചുവട് കുറവൻപറമ്പിൽപടി | 40 | 3.285 | 23188 | 22008.71 | 1179.38 | 49763<br>51/15-16<br>/17.02.16 |
| 39. | 89 | കടയാറ്റുതറ ഉണ്ടിയിൽപടി മേപ്പുറത്ത് | 97 | 4.95 | 34941 | 33163.81 | 1777.15 | 74986<br>61/15-16<br>/17.03.16 |
| 40. | 181 | കൊച്ചേത്തുപടി പൂരനിൽക്കുന്നതിൽപടി | 104 | 16.43 | 115976 | 110077.06 | 5898.7 | 248872<br>66/15-16<br>/23.03.16 |
| 41. | 142 | തയ്യിൽപടി പെരുവുംകളം വെള്ളാവൂർപടി ചേനാത്തുപടി | 82 | 3.157 | 22285 | 21151.14 | 1133.43 | 47828<br>73/15-16<br>/31.03.16 |
| 42. | 105 | വൈ.എം.എ. ശാന്തി ആശ്രമം റോഡ് റീകോൺക്രീറ്റിംഗ് | 25 | 11.1 | 78352 | 74367.34 | 3985.12 | 99691<br>26/15-16<br>/31.12.15 |
| 43. | 103 | കൊല്ലോഴിപ്പടി കൈമോണിൽപടി | 21 | 8.22 | 58023 | 55072.03 | 2951.14 | 124752<br>22/15-16/17.11.15 |
| 44. | 54 | എക്സ്ചേഞ്ച്പടി കണ്ണമ്പിൽപടി | 24 | 5.409 | 38181 | 36239 | 1941.94 | 81940<br>27/15-16/31.12.15 |
| 45. | 23 | ഓലിക്കൽ വരട്ടച്ചിറ | 90 | 10.8 | 76235 | 72357.41 | 3877.42 | 163606<br>57/15-16<br>/17.03.16 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| 46. | 82 | കൊല്ലൻപടി കൊട്ടതട്ടികോളനി | 46 | 13.2 | 93176 | 88436.83 | 4739.06 | 199963<br>44/15-16 /26.02.16 |
| 47. | 78 | നാഗവരത്തോട് വല്ല്യകൊച്ചേത്ത്പടി | 91 | 6.581 | 46454 | 44091.12 | 2362.71 | 99839<br>63/15-16 /17.03.16 |
| 48. | 70 | വികുറി ജംഗ്ഷൻ വല്ല്യേത്ത് കുറത്തുട്ട്പടി | 94 | 9.9 | 69882 | 66327.62 | 3554.3 | 25000<br>123746<br>55/15-16 /17.03.16 |
| 49. | 96 | കോലിഞ്ചിക്കൽ ഹിൽടോപ്പ് മലയിൽപടി | 88 | 8.25 | 58235 | 55273.02 | 2961.92 | 124977<br>68/15-16 /23.03.16 |
| 50. | 94 | മൈലാട്ടുംപാറ പറവണ്ണത്തുപടി | 93 | 2.7 | 19059 | 18089.35 | 969.35 | 51252<br>60/15-16 /17.03.16 |
| 51. | 13 | തുമ്പോൺതറ പുള്ളോനാൽപടി | 39 | 14.85 | 104823 | 99491.44 | 5331.45 | 125000 |
| 52. | 88 | വലിയവട്ടം ഞുണ്ണിക്കൽ എം.റ്റി.എൽ.പി.എസ്. സ്കൂൾ | 95 | 3.9 | 27529 | 26129.06 | 1400.18 | 74030<br>54/15-16 /17.03.16 |
| 53. | 144 | കുരമ്പാലപടി മൗണ്ട് | 27 | 4.928 | 34786 | 33016.42 | 1769.25 | 74649<br>33/20.01.16 |
| 54. | 140 | തഴയനാട്ടുപടി മേലേൽപടി നടപ്പാത | 41 | 3.278 | 23139 | 21961.81 | 1176.87 | 49653<br>48/15-16 /27.02.16 |
| 55. | 73 | നെല്ലിക്കുന്നത്ത്പടി മണ്ണിൽപടി | 35 | 3.2 | 22588 | 21439.23 | 1148.86 | 49818 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | 40/20.01.16 |
| 56. | 69 | നെട്ടനമ്പുറത്ത്പടി ചിറക്കടവിൽപടി | 18 | 25.768 | 181891 | 172639.42 | 9251.23 | 339022<br>21/15-16/21.11.15<br>20860<br>30/15-16 /20.01.15 |
| 57. | 19 | ആശാരിമുക്ക് കല്ലുംപുറത്ത്പടി | 89 | 9.87 | 69670 | 66126.63 | 3543.53 | 100000<br>9/15-16/31.03.16 |
| 58. | 186 | കൈതയ്ക്കൽ നാരങ്ങാനം | 78 | 6.53 | 46094 | 43749.43 | 2344.4 | 98883<br>72/15-16 /31.03.16 |
| 59. | 28 | വേലൻപറമ്പിൽപടി മേലേൽപടി മാല്ലൂർപടി | 92 | 11.52 | 81317 | 77181.24 | 4135.91 | 174760 |
| 60. | 91 | പൂക്കന്നൂർ ലക്ഷംവീട് | 81 | 9.75 | 68823 | 65322.66 | 3500.44 | 147700<br>58/15-16 /17.03.16 |
| 61. | 50 | ഓവുകണ്ടത്തിൽ പി.ഐ.പി. കനാൽ | 23 | 13.5 | 95294 | 90446.76 | 4846.77 | 189511<br>23/15-16/21.11.15 |
| 62. | 68 | തലത്തായിൽപടി കരിക്കാട്ടിൽപടി | 14 | 5.74 | 40517 | 38456.62 | 2060.77 | 109015<br>24/15-16/21.11.15 |
| | | ആകെ | | | | | 200111 | |

അധിക നിരക്ക് നൽകിയതു മൂലം ഗ്രാമപഞ്ചായത്തിന നഷ്ടമായ 200111രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടേയും Technical Sanction നൽകിയ Elanthur Block Division ,Assistant Executive Engineer ടേയും പക്കൽ നിന്ന് ഈടാക്കി നിയമാനസൃതം തിരികെ ഒടുക്കേണ്ടതാണ്.

## 3-4 ഹരിജൻ കോളനിയിൽ കുടിവെള്ളമെത്തിയ്ക്കുന്ന പദ്ധതിയിൽ 203000 രൂപ പാഴ്ചെലവായി

ഹോമിയോ ആശുപത്രി ഗ്രൗണ്ടിൽ കുഴൽക്കിണർ കുഴിച്ച് മോട്ടോർ വച്ച് മുകളിൽ താമസിക്കുന്ന ഹരിജൻ കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിയ്ക്കൽ എന്ന പദ്ധതി വച്ച് 2013-14 ൽ 203000 രൂപ ഭൂജല വകുപ്പിന നൽകിയിരുന്നു.(പ്രൊജക്റ്റ് നം.83/13-14, DD No.574528/12.03.2014). എന്നാൽ ഭൗതിക പരിശോധനയിൽ കുഴൽക്കിണർ മാത്രം നിർമ്മിച്ചതായി കണ്ടു.

ഭൂജല വകുപ്പ്, ജില്ലാ ഓഫീസറുടെ 10.07.2014 ലെ GWD/948/13/PTA കത്ത് പ്രകാരം കുഴൽക്കിണറിൽ നിന്നും 750 LPH ജലലഭ്യത മാത്രമേയുള്ളൂ വെന്നും പമ്പിംഗ് സ്കീം നടപ്പാക്കാൻ കഴിയുകയില്ലായെന്നും അറിയിച്ചിട്ടുണ്ട്.എന്നാൽ ഹാൻഡ് പമ്പ് സ്ഥാപിക്കാമെന്നും

അറിയിച്ചിരുന്നു. എന്നാൽ നാളിതു വരെ യാതൊന്നും നടത്തിയിട്ടില്ല.

എസ്റ്റിമേറ്റ് പരിശോധിച്ചതിൽ 163580 രൂപ ചെലവഴിക്കാതെ ഭൂജല വകുപ്പിൽ അവശേഷിക്കുന്നതായി കണ്ടു. കുഴൽക്കിണർ നിർമ്മാണം മാത്രമേ നടന്നിട്ടുള്ളൂ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | Bore well construction | 39420 |
| 2 | 1.5 Hp Pumping System | 60000 |
| 3 | Distribution System | 63000 |
| 4 | Electricity connection | 40000 |
| | Unforeseen | 580 |
| | Total | 203000 |

ഹോമിയോ ആശുപത്രിയിൽ നിലവിൽ യാതൊരു കുടിവെള്ള സൗകര്യവുമില്ല. കുഴൽകിണർ ഹോമിയോ ആശുപത്രിയ്ക്കു പ്രയോജനമാകുന്ന തരത്തിൽ പദ്ധതി ആവിഷ്കരിക്കേണ്ടതാണ്. പദ്ധതി നടപ്പാക്കാനാകുന്നില്ലെങ്കിൽ ഭൂജല വകുപ്പിൽ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-5 പ്ലംബിംഗും, വയറിംഗും നടത്തിയില്ല; നിർമ്മാണം പൂർത്തിയാക്കിയ ഗ്രാമപഞ്ചായത്ത് കെട്ടിടവും ഗാന്ധി സ്മൃതി മണ്ഡപവും ഉപയോഗ ശൂന്യം

2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം. 168/16 പ്രകാരം 1937327 രൂപ (വികസന ഫണ്ട് – 437327/-, കേന്ദ്ര വിഹിതം (RGPSA) – 1500000) ചെലവഴിച്ച് ഗ്രാമ പഞ്ചായത്ത് ഓഫീസിനു കെട്ടിട നിർമ്മാണം പൂർത്തിയാക്കിയെങ്കിലും പ്ലംബിംഗ്, വയറിംഗ് തുടങ്ങിയ ഒഴിച്ചു കൂടാൻ പാടില്ലാത്ത ഇനങ്ങൾക്ക് എസ്റ്റിമേറ്റിൽ തുക വകയിരുത്താതിരുന്നതിനാൽ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടം ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലാണ്.2014-15 ൽ ജില്ലാപഞ്ചായത്ത് വിഹിതമായി ലഭിച്ച 15 ലക്ഷം രൂപ ഉപയോഗിച്ച് ഗ്രാമപഞ്ചായത്ത് നിർവ്വഹണം നടത്തിയ ഗാന്ധി സ്മൃതി മണ്ഡപവും വയറിംഗ് നടത്താത്ത അവസ്ഥയിലാണ്.

ഒരു കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ, ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ, അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നിവയ്ക്ക് എസ്റ്റിമേറ്റിൽ ലംപ്സമായി തുക വകയിരുത്തുകയും കെട്ടിടത്തിന്റെ സ്ട്രക്ചർ ആയിക്കഴിഞ്ഞാൽ ഇവയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടിയശേഷം ഈ പ്രവൃത്തികൾ ചെയ്യുകയുമാണ് (മരാമത്തി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ച്) വേണ്ടത്. തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അഥവാ അങ്ങനെ തയ്യാറാക്കിയാൽ അതിന് അംഗീകാരം നൽകുവാനോ പാടില്ല. തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കണം. കെട്ടിട നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ടി സർക്കാർ നിർദ്ദേശം പാലിക്കുന്നതിന് മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 ആസ്തി സംരക്ഷണത്തിൽ ഗുരുതര വീഴ്ച

ഇലഞ്ഞൂർ ഗ്രാമ പഞ്ചായത്തിന്റെ ആസ്തികൾ സംരക്ഷിക്കുന്നതിൽ ഗുരുതര വീഴ്ച വന്നിട്ടുള്ളതായ നേരിട്ട് നടത്തിയ അന്വേഷണത്തിൽ ഓഡിറ്റിനു ബോദ്ധ്യപ്പെട്ടു.

(1) ഗ്രാമ പഞ്ചായത്ത് സ്റ്റേഡിയത്തിൽ അനധികൃത കൈയ്യേറ്റം

ഗ്രാമ പഞ്ചായത്ത് സ്റ്റേഡിയത്തിൽ അനധികൃത കൈയ്യേറ്റം നടന്നിട്ടുള്ളതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. രണ്ട് താൽക്കാലിക കടകളും വർക്ക് ഷോപ്പും പ്രവൃത്തിക്കുന്നത് സ്റ്റേഡിയത്തിനുള്ളിലും സംസ്ഥാന പാതയോടു ചേർന്നുമാണ്. ഗ്രാമ പഞ്ചായത്ത് സ്റ്റേഡിയത്തിനകത്താണ് ഓപ്പൺ എയർ സ്റ്റേഡിയം. ഇതിനോടു ചേർന്ന് കംഫർട്ട് സ്റ്റേഷനും ഉണ്ടായിരുന്നു. എന്നാൽ നിലവിൽ ഇതു നാശോന്മുഖമായി കിടക്കുകയാണ്.

സ്റ്റേഡിയത്തിന് നിലവിലുണ്ടായിരുന്ന 26.05 'ആർ' സ്ഥലവും (സർവ്വെ നം.17/16,65/15,67/2,67/3) പൊന്നുംവിലയ്ക്കെടുത്ത 19.50'ആർ' സ്ഥലവും (സർവ്വെ നം.67/4,67/8,65/18) ഉൾപ്പെടെ ആകെ 45.55'ആർ' സ്ഥലമുണ്ട്. എന്നാൽ ആസ്തി രജിസ്റ്ററിൽ 23.83 'ആർ' എന്നു മാത്രമാണ് കാണിച്ചിരിക്കുന്നത്. നിലവിൽ ഇതിന്റെ കൃത്യത പരിശോധിക്കാൻ യാതൊരു സംവിധാനവും ലഭ്യമല്ല. ഈ സ്ഥലം വില്ലേജ് ഓഫീസിൽ പോക്കുവരവ് ചെയ്തിട്ടില്ലയെന്ന് അസിസ്റ്റന്റ് സെക്രട്ടറി ഓഡിറ്റിനെ അറിയിച്ചു. ഇത് ശരിയായ നടപടിയല്ല.

TK റോഡിന്റെ (തിരുവല്ല-കുമ്പഴ സംസ്ഥാന പാത) വശത്തുള്ള ഇത്രയും വിലപ്പെട്ട സ്ഥലത്തോട് തികഞ്ഞ അനാസ്ഥയാണ് അധികൃതർ കാണിക്കുന്നത്. സ്റ്റേഡിയം മതിൽ കെട്ടി സംരക്ഷിച്ചിട്ടില്ല. അടിയന്തിരമായി വസ്തു പോക്കുവരവ് ചെയ്ത് കരം അടച്ച് ഭൂമി അന്യാധീനപ്പെട്ടു പോകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(2) ഇലന്തൂർ മാർക്കറ്റിലെ ഷോപ്പിംഗ് കോംപ്ളക്സ് അപകടാവസ്ഥയിൽ

ഇലന്തൂർ മാർക്കറ്റിലെ ഷോപ്പിംഗ് കോംപ്ളക്സ് നിലവിൽ അപകടാവസ്ഥയിലാണ്. എല്ലാ മുറികളും നാശോന്മുഖമായിട്ടുണ്ട്. പാരപ്പെറ്റിലെ കോൺക്രീറ്റ് പലതും ഇളകി കമ്പികൾ പുറത്തുകാണുന്ന സ്ഥിതിയിലാണ്. ഷട്ടറുകൾ പലതും സംരക്ഷണമില്ലാതെ ദ്രവിച്ചുപോയ നിലയിലാണ്.

(3) ഇലന്തൂർ മാർക്കറ്റിലെ ഫിഷ് സ്റ്റാൾ നാളിതു വരെ ഉപയോഗിച്ചിട്ടില്ല

ഇലന്തൂർ മാർക്കറ്റിലെ ഫിഷ് സ്റ്റാൾ ജല ലഭ്യതയില്ലാത്തതിനാൽ നാളിതു വരെ ഉപയോഗിക്കാനായിട്ടില്ല. ചുരുങ്ങിയ ചെലവിൽ പരിഹരിക്കാവുന്ന ഈ പ്രശ്നത്തിന് നാളിതുവരെ പരിഹാരം കണ്ടിട്ടില്ല. സ്റ്റാൾ നിർമ്മിക്കുന്നതിനായി ചെലവഴിച്ച ലക്ഷക്കണക്കിനു രൂപ പാഴ്ച്ചെലവായി തീർന്നിരിക്കുന്നു.

(4) ചിറമേൽ LP സ്കൂളിന്റെ സ്ഥലം അന്യാധീനപ്പെടുന്നു

ചിറമേൽ LP സ്കൂളിന് ആസ്തി രജിസ്റ്റർ പ്രകാരം 36.80 'ആർ' (സർവ്വെ നം.2451-2,246/1-2) സ്ഥലമുണ്ട്.എന്നാൽ വില്ലേജ് റിക്കോർഡുകളുമായി ഇവയുടെ കൃത്യത ഗ്രാമപഞ്ചായത്ത് പരിശോധിച്ചിട്ടില്ല.നിലവിൽ സ്കൂൾ കെട്ടിടത്തിന്റെ മൂന്നു വശവും മതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ട്. എന്നാൽ ഒരു ഭാഗം മതിൽ കെട്ടാതെ തുറന്നു കിടക്കുകയാണ്. റോഡിനോടു ചേർന്നുള്ള ഈ ഭൂമിയും സംരക്ഷിക്കേണ്ടതുണ്ട്.

(5) ഹോമിയോ ആശുപത്രി കെട്ടിടം ജീർണ്ണാവസ്ഥയിൽ

ഗ്രാമപഞ്ചായത്തിനു കൈമാറിക്കിട്ടിയ ഹോമിയോ ആശുപത്രി കെട്ടിടം ജീർണ്ണാവസ്ഥയിലുള്ളതായി നേരിട്ടു നടത്തിയ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. കെട്ടിടം ചോർന്നൊലിക്കുന്ന അവസ്ഥയിലാണ്.മരുന്നുകൾ സൂക്ഷിക്കാൻ നല്ല സംവിധാനമില്ല.കുടിവെള്ള ലഭ്യതയില്ലായെന്നത് ആശ്ചര്യമുളവാക്കുന്ന അവസ്ഥയാണ്. വെറും 15 മീറ്റർ പരിധിയിൽ വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് ലൈൻ ഉള്ളപ്പോഴാണ് ഈ ദുരവസ്ഥ.2015-16 സാമ്പത്തിക വർഷത്തിൽ എസ്റ്റിമേറ്റു പോലും തയ്യാറാക്കാതെ 15 ലക്ഷം രൂപ മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ൽ വകയിരുത്തുകയും ചെലവഴിക്കാതെ ലാപ്സാകുകയും ചെയ്തിരുന്നു.വയറിംഗ് താറുമാറായതിനാൽ ഒരു വർഷം മുമ്പ് കിട്ടിയ ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ ഉപയോഗിക്കാനായിട്ടില്ല.

(6) ആയുർവേദ ഗ്രാമ വ്യവസായ കേന്ദ്രം സംരക്ഷണമില്ലാതെ നശിക്കുന്നു

ജനകീയാസൂത്രണം ആരംഭിച്ച സമയത്ത് ഗ്രാമപഞ്ചായത്തിൽ സഹകരണമേഖലയിൽ ആയുർവേദ മരുന്നുകളുടെ നിർമ്മാണത്തിനായി ആരംഭിച്ച ചെറുകിട വ്യവസായ കേന്ദ്രം സംരക്ഷണമില്ലാത്ത അവസ്ഥയിലാണ്.ആസ്തി രജിസ്റ്റർ പ്രകാരം (സർവ്വെ നമ്പർ 20/1,35/17C) 1 ആർ 42 ചതുരശ്ര മീറ്റർ സ്ഥലത്താണ് ഈ കെട്ടിടം ഉള്ളത്. നിയമപ്രകാരം ഈ ഭൂമി ഗ്രാമ പഞ്ചായത്തിനു വിട്ടു നൽകിയിട്ടുണ്ടെന്നു സമീപ വാസികൾ ഓഡിറ്റിനെ അറിയിച്ചിരുന്നു. എന്നാൽ ഭൂമിയുടെ ഉടമസ്ഥത തെളിയിക്കുന്ന രേഖകളൊന്നും പഞ്ചായത്തിൽ ലഭ്യമല്ല. വില്ലേജ് അധികാരികളുമായി ബന്ധപ്പെട്ട് ഭൂമിയുടെ അളവ് കൃത്യമാക്കുകയും കരമടയ്ക്കുകയും ചെയ്യേണ്ടതാണ്. നിലവിൽ സ്വകാര്യ വ്യക്തി ഉപയോഗിക്കുന്ന കെട്ടിടം ജനോപകാരപ്രദമായി ഉപയോഗപ്പെടുത്തിന്നതിനുള്ള നടപടികൾ ഭരണസമിതി കൈകൊള്ളേണ്ടതാണ്.

(7) പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ

ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന കമ്മ്യൂണിറ്റി ഹാൾ അറ്റകുറ്റപ്പണിയും സംരക്ഷണവുമില്ലാതെ ശോചനീയമായ സ്ഥിതിയിലാണ്. കമ്മ്യൂണിറ്റി ഹാളിനോടനുബന്ധിച്ചുള്ള ടോയ് ലറ്റുകൾ ഉപയോഗ ശൂന്യമാണ്. ഹാൾ വേണ്ടവിധം ഫർണിഷ് ചെയ്തിട്ടുമില്ല. ഹാൾ അനാകർഷമായതിനാലും, ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിനാലും പൊതുജനങ്ങൾ വിവാഹ അവശ്യത്തിനും മറ്റും ഹാൾ വാടകയ്ക്ക് എടുക്കുന്നത് വിരളമായിരിക്കുന്നു. ഹാൾ വാടകയിനത്തിൽ പഞ്ചായത്തിന് ലഭിക്കുമായിരുന്ന വരുമാനം ഇതുമൂലം നഷ്ടമാകുന്നു.

(8) സ്വകാര്യ ആർട്സ് & സ്പോർട്സ് ക്ളബ്ബുകളുടെ ഭൂമിയും കെട്ടിടവും ആസ്തി രജിസ്റ്ററിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു

ഗ്രാമപഞ്ചായത്തിലെ മൂന്നു സ്വകാര്യ ആർട്സ് & സ്പോർട്സ് ക്ളബ്ബുകളുടെ ഭൂമിയും കെട്ടിടവും ആസ്തി രജിസ്റ്ററിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം | ക്ലബ്ബിന്റെ പേര് | സർവ്വെ നം | വസ്തുവിന്റെ വിവരം | |
|---|---|---|---|---|
| | | | ആർ | സ്ക്വയർ മീറ്റർ |
| 1 | അംബേദ്കർ ഹരിജൻ കോളനി ലൈബ്രറി | 159/13 | 1 | 50 |
| 2 | ദീപ്തി ലൈബ്രറി | 281/9 | 1 | 10 |
| 3 | പീപ്പിൾസ് ക്ളബ്ബ് | | 1 | 20 |

ഇവ ഗ്രാമപഞ്ചായത്തിന്റെ ഭൂമിയിലാണോ എന്ന് വില്ലേജ് റിക്കോർഡുകളുമായി പരിശോധിച്ച് ആസ്തി രജിസ്റ്ററിൽ വിവരം രേഖപ്പെടുത്തേണ്ടതാണ്.

## 3-7 ചട്ടം ലംഘിച്ച് മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കി; 30.76 ലക്ഷം രൂപയുടെ ക്രമവിരുദ്ധമായ ചെലവ്

2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ ഗുണഭോക്തൃസമിതി രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ, കൺവീനറും, ഗുണഭോക്തൃസമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും ഒപ്പിട്ട കരാറുകൾ, ഗുണഭോക്തൃസമിതിയുടെ വരവ് ചെലവ് കണക്കുകൾ എന്നിവ ഹാജരാക്കിയിട്ടില്ല. ഒരു മരാമത്ത് പ്രവൃത്തി നടപ്പിലാക്കുന്നതുകൊണ്ട് പ്രയോജനം ലഭിക്കുന്ന മുഴുവൻ ഗുണഭോക്താക്കൾക്കും രേഖാമൂലം അറിയിപ്പ് നൽകി അവരിൽനിന്നും അവർതന്നെ തിരഞ്ഞെടുത്തതായിരിക്കണം ഗുണഭോക്തൃസമിതി. ഗുണഭോക്തൃസമിതിയുടെ ചെയർമാനും കൺവീനറും, അംഗങ്ങളും പ്രോജക്ടിൽ പറഞ്ഞിട്ടുള്ള ഗുണഭോക്തൃ പ്രദേശത്തെ നിവാസികൾ തന്നെ ആയിരിക്കേണ്ടതും, ആയത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും രേഖ നിർവ്വഹണ ഉദ്യോഗസ്ഥന് സമർപ്പിക്കുകയും വേണം. ഗുണഭോക്തൃസമിതി സമിതി മുഖാന്തിരം മരാമത്ത് പ്രവൃത്തി നടത്തുന്നതിനുള്ള നടപടി ക്രമങ്ങൾ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13-ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ചട്ടം അനുശാസിക്കുന്ന നടപടി ക്രമങ്ങൾ പാലിക്കാതെ ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | കൺവീനറുടെ പേര്, വിലാസം | ചെലവ് | ചെലവിന്റെ വിവരം |
|---|---|---|---|---|---|
| 1 | 5/15-16 | വാർഡ് 1-ൽ വാരണത്ത്പടി മാമ്പാറ കൈതയ്ക്കൽ റോഡ് കോൺക്രീറ്റിംഗ് | ശ്രീ ബിനു, വടക്കേകാലായിൽ | 156191 | |
| 2 | 10/16 | വാർഡ് 1-ൽ വടക്കേകാല നികരിയിൽ റോഡ് കോൺക്രിറ്റിംഗ് | ശ്രീ മധു പി.വി., മധുവിലാസം, പരിയാരം | 134673 | |
| 3 | 19/16 | വാർഡ് 2-ൽ ആശാരിമുക്ക് കല്ലുപുറത്ത്പടി റോഡ് കോൺക്രിറ്റിംഗ് | ശ്രീ രാജീവ്, അറപുരയ്ക്കൽ, ഇലന്തൂർ | 100000 | |
| 4 | 23/16 | വാർഡ് 3-ൽ ഓലിയ്ക്കൽ വരട്ടുചിറ റോഡ് കോൺക്രീറ്റിംഗ് | ശ്രീ വി.ജി. സക്കറിയ, വരട്ടുചിറ, ഇടപ്പരിയാരം | 163606 | |
| 5 | 28/16 | വാർഡ് 3-ൽ വേലൻപറമ്പിൽപടി മേലേൽപടി മാല്ലൂർപടി റോഡ് കോൺക്രീറ്റിംഗ് | ശ്രീ അനിൽകുമാർ, കൊച്ചുവേലിയിൽ, ഇടപ്പരിയാരം | 174760 | |
| 6 | 40/16 | വാർഡ് 6-ൽ പാലച്ചുവട് കുറവൻപറമ്പിൽപടി റോഡ് കോൺക്രീറ്റിംഗ് | ശ്രീമതി ഷിബി ആനി, പാറപ്പാട്ട്, ഇലന്തൂർ | 49763 | |
| 7 | 54/16 | വാർഡ് 9-ൽ എക്സ്ചേഞ്ച് പടി കണ്ണമ്പിൽപടി റോഡ് കോൺക്രീറ്റിംഗ് | ശ്രീ ഗിരീഷ് ആർ., തെക്കേടത്ത് മണ്ണംഭാഗം, ഇനലന്തൂർ | 81940 | |
| 8 | 69/16 | വാർഡ് 9-ൽ നെടുമ്പുറത്തുപടി ചിറക്കടവിൽപടി റോഡ് കോൺക്രിറ്റിംഗും അറ്റകുറ്റപ്പണിയും | ശ്രീ വിനോദ്കുമാർ, ആയിക്കരതറയിൽ, ഇലന്തൂർ | 359882 | |
| 9 | 73/16 | വാർഡ് 7-ൽ നെല്ലികുന്നത്ത്പടി മണ്ണിൽപടി റോഡ് കോൺക്രീറ്റിംഗ് | ശ്രീ ജോർജ്ജ് എബ്രഹാം, ചാമക്കാലായിൽ, ഇലന്തൂർ | 49818 | |
| 10 | 78/16 | വാർഡ് 7-ൽ നാഗവരത്തോട് വല്യകൊച്ചേത്ത്പടി റോഡ് കോൺക്രീറ്റിംഗ് | ശ്രീ ജോൺ വല്യകൊച്ചേത്ത്, ഇലന്തൂർ ഈസ്റ്റ് | 99839 | |
| 11 | 82/16 | വാർഡ് 4-ൽ കൊല്ലൻപടി കൊട്ടതട്ടി കോളനി റോഡ് കോൺക്രീറ്റിംഗ് | ശ്രീ മുഹമ്മദ് ബഷീർ, പേഴുംകാട്ടിൽ, ഇലന്തൂർ ഈസ്റ്റ് | 199963 | |
| 12 | 88/16 | വാർഡ് 10-ൽ വലിയവട്ടം ഞുണ്ണിക്കൽ എം.ടി.എൽ.പി. സ്കൂൾ റോഡ് കോൺക്രിറ്റിംഗ് | ശ്രീ കെ.പി.തോമസ്, കോട്ടകാവിനാൽ, ഇലന്തൂർ | 74030 | |
| 13 | 89/16 | വാർഡ് 10-ൽ കടയാറ്റുതറ ഉണ്ടിൽപടി മേപ്പുറത്ത് റോഡ് കോൺക്രീറ്റിംഗ് | ശ്രീ ബാബുരാജ്, അഞ്ജന, ഇലന്തൂർ | 74986 | |
| 14 | 96/16 | വാർഡ് 12-ൽ കോലിഞ്ചിക്കൽ ഹിൽടോപ്പ് മലയിൽപടി റോഡ് കോൺക്രിറ്റിംഗ് | ശ്രീ ജിതി തോമസ്, പാലനിൽക്കുന്നതിൽ മുരുപ്പേൽ, ഇലന്തൂർ | 124977 | |

| | | | | | |
|---|---|---|---|---|---|
| 15 | 98/16 | വാർഡ് 12-ൽ കാളക്കോട്ട് കാവിൽപടി ഹരിജൻ കോളനി റോഡ് കോൺക്രീറ്റിംഗ് | ശ്രീമതി ശാലു പി.എസ്., പാടിയിൽവീട്, ഇലന്തൂർ മേക്ക് | 138385 | |
| 16 | 103/16 | വാർഡ് 13-ൽ കോല്ലോഴിപ്പടി കൈമോണിൽപടി റോഡ് കോൺക്രീറ്റ് | ശ്രീ വർഗ്ഗീസ് സ്കറിയ, തയ്യിൽകൈമണ്ണിൽ, ഇലന്തൂർ | 124752 | |
| 17 | 104/16 | വാർഡ് 13-ൽ വൈ.എം.എ. ശാന്തി ആശ്രമം റോഡ് റീ കോൺക്രീറ്റിംഗ് | ശ്രീ മാത്യു തോമസ്, മാടപ്പള്ളിൽ, ഇലന്തൂർ | 99691 | |
| 18 | 137/16 | വാർഡ് 8-ൽ മറുകര തെക്കേക്കരപടി റോഡ് കോൺക്രീറ്റിംഗ് | ശ്രീ ഒ.എം.സാമുവൽ, ഒടാലിൽ, ഇലന്തൂർ ഈസ്റ്റ് | 74832 | |
| 19 | 138/16 | വാർഡ് 8-ൽ പെരുമാടത്ത്പടി ഉറുകിഴിക്കൽപടി റോഡ് കോൺക്രിറ്റിംഗ് | ശ്രീ ഷിജിൻ കെ. മാത്യു, കൊട്ടുവത്തറയിൽ, ഇലന്തൂർ | 74907 | |
| 20 | 139/16 | വാർഡ് 8-ൽ ചിറക്കടവിൽപടി ഇടശ്ശേരിക്കുളത്തിൽപടി റോഡ് കോൺക്രിറ്റിംഗ് | ശ്രീ ബാബു തോമസ്, ഇടശ്ശേരികളത്തിൽ, ഇലന്തൂർ | 49354 | |
| 21 | 140/16 | വാർഡ് 8-ൽ താഴയനാട്ട്പടി മേലേൽപടി നടപ്പാത കോൺക്രീറ്റ് | ശ്രീ ജിജി സാമുവൽ, മേലേതിൽ, ഇലന്തൂർ | 49653 | |
| 22 | 142/16 | വാർഡ് 8-ൽ തയ്യിൽപടി പെരുവുംകുളം റോഡിൽ വെള്ളാവൂർപടി മുതൽ ചേനാത്ത്പടി വരെ കോൺക്രീറ്റിംഗ് | ശ്രീ സാം വർഗ്ഗീസ്, നിരവത്ത്, ഇലന്തൂർ | 47828 | |
| 23 | 143/16 | വാർഡ് 8-ൽ അങ്കണവാടി വെളിയത്ത്പടി റോഡ് കോൺക്രീറ്റിംഗ് | ശ്രീ ടി.കെ.വിജയൻ, ശബരിസദനം, ഇലന്തൂർ | 99724 | |
| 24 | 144/16 | വാർഡ് 8-ൽ കുമ്പാലപടി മൗണ്ട് റോഡ് ഭാഗം കോൺക്രീറ്റ് | ശ്രീ ചാക്കോവർഗ്ഗീസ്, കുമ്പാല, ഇലന്തൂർ | 74649 | |
| 25 | 156/16 | വാർഡ് 9-ൽ നെടുമ്പുറത്ത് നടപ്പാത കോൺക്രീറ്റിംഗ് | ശ്രീമതി ഗിരിജ പി., നെടുമ്പുറത്ത്, ഇലന്തൂർ | 50000 | |
| 26 | 181/16 | 7-ാം വാർഡിൽ കൊച്ചേത്ത്പടി പുരനിൽക്കുന്നതിൽപടി മേമനപ്പടി റോഡ് കോൺക്രീറ്റിംഗ് | ശ്രീ കെ.കെ.ജോൺ, വലിയകൊച്ചേത്ത്, ഇലന്തൂർ ഈസ്റ്റ് | 248872 | |
| 27 | 186/16 | കൈതയ്ക്കൽ നാരങ്ങാനം റോഡ് കോൺക്രീറ്റിംഗ് | ശ്രീ സേതുരാജ്, ശ്രീസദനം, പരിയാരം | 98883 | |
| | | ആകെ | | 3075958 | |

ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കുന്നതിന് വിഭാവനം ചെയ്തിരുന്ന മരാമത്ത് പ്രവൃത്തികൾ ബിനാമി കാരാറുകാർ മുഖാന്തിരം നടപ്പിലാക്കിയതാണെന്നാണ് വ്യക്തമാകുന്നത്. പഞ്ചായത്ത് ഭരണസമിതിയുടെ, പ്രത്യേകിച്ച് ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെ അറിവോടെയാണ് ഇപ്രകാരം ചട്ടങ്ങൾ മറികടന്ന് പ്രവൃത്തികൾ നടപ്പിലാക്കിയതെന്നുവേണം കരുതാൻ. ഈ വിഷയത്തിൽ സമഗ്രമായ ഒരു വകുപ്പുതല അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 മാർഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി തുക ഡി.ഡി. ആയി നൽകി

വി.ഇ.ഒ. നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ ഗുണഭോക്താക്കൾക്കു സബ്സിഡി പണമായി നൽകുന്ന സംഗതികളിൽ സബ്സിഡി മാർഗരേഖയും സർക്കാർ ഉത്തരവുകളും പാലിച്ചില്ല. ഗുണഭോക്താവ് നേരിട്ടു വാങ്ങിക്കുന്ന സംഗതികളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കി സാക്ഷ്യപ്പെടുത്തിയതിന് ശേഷമാണ് സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടിൽ അടയ്ക്കേണ്ടതെന്ന് 16-11-2013 ലെ ജി.ഒ.(എം.എസ്) 362/2013/ത.സ്വ.ഭ.വ. നമ്പർ സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 2.7-ൽ പറഞ്ഞിട്ടുണ്ട്. ഇതിനു വിരുദ്ധമായി ഗുണഭോക്താക്കൾക്ക് ഡി.ഡി. നൽകുകയാണ് ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം. | പ്രോജക്ടിന്റെ നമ്പരും പേരും | ഡി.ഡി നൽകിയ ഗുണഭോക്താക്കളുടെ എണ്ണം | ആകെ ചെലവ് തുക |
|---|---|---|---|---|
| 1 | 35/16 | സ്ത്രീ കുടുംബനാഥയായ കുടുംബങ്ങൾക്ക് വീട് പുനരുദ്ധാരണം | 17 | 410000 |
| 2 | 85/16 | വീട് പുനരുദ്ധാരണം (ജനറൽ) | 13 | 275000 |
| 3 | 106/16 | സ്ത്രീ കുടുംബനാഥയായ കുടുംബങ്ങൾക്ക് | 6 | 95000 |

| | | | | |
|---|---|---|---|---|
| | | വീട് പുനരുദ്ധാരണം (സ്പിൽ ഓവർ) | | |
| 4 | 107/16 | സ്ത്രീ കുടുംബനാഥയായ കുടുംബങ്ങൾക്ക് കിണർ നിർമ്മാണം (സ്പിൽ ഓവർ) | 1 | 8500 |
| 5 | 162/16 | സ്ത്രീ കുടുംബനാഥയായ കുടുംബങ്ങൾക്ക് കിണർ നിർമ്മാണം | 5 | 85000 |

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം സബ്സിഡി തുക ഡി.ഡി ആയി നൽകാതെ തുക അവരുടെ ബാങ്ക് അക്കൗണ്ടിൽ അടയ്ക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ വാർഡ് അടിസ്ഥാനത്തിൽ വീട് മെയിന്റനൻസിന് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കുന്ന പ്രവണത ഒഴിവാക്കപ്പെടേണ്ടതുമാണ്.

## 3-9 അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഇല്ല

10-ാം പഞ്ചവത്സര പദ്ധതി കാലയളവിൽതന്നെ അങ്കണവാടികെട്ടിട നിർമ്മാണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നിർബന്ധമായും തുക വകയിരുത്തണമെന്ന് സർക്കാർ നിഷ്കർഷിച്ചിരുന്നു. അങ്കണവാടികളിൽ ശിശുക്കൾ ഉപയോഗിക്കാൻ ഇഷ്ടപ്പെടുന്ന തരത്തിലുള്ള ടോയ് ലറ്റുകൾ (baby friendly toilets) നിർമ്മിക്കുന്നതിന് മുൻഗണന നൽകണമെന്നും, അങ്കണവാടികളിലെ പശ്ചാത്തല സൗകര്യങ്ങളുടെയും, ഉപകരണങ്ങളുടെയും കുറവ് കണ്ടെത്തി അവ ഘട്ടംഘട്ടമായി പരിഹരിക്കുന്നതിന് പദ്ധതി തയ്യാറാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ 12-ാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷവും ഗ്രാമപഞ്ചായത്തിലെ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും അത്യാവശ്യം വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ അങ്കണവാടികളുടെ എണ്ണം | 18 |
| സ്വന്തമായി കെട്ടിടമുള്ളവയുടെ എണ്ണം | 8 |
| ബേബി ഫ്രണ്ട്ലി ടോയ് ലറ്റ് ഉള്ളവ | 4 |
| ചുറ്റുമതിൽ ഉള്ളവയുടെ എണ്ണം | 7 |
| വൈദ്യുതി ഉള്ളവ | 12 |
| കുടിവെള്ള സൗകര്യം ഉള്ളവ | 8 (പൈപ്പ് ലൈൻ - 5, കിണർ - 3) |
| ഗ്യാസ് കണക്ഷൻ | 16 |
| സ്ഥലം ലഭ്യമായിട്ടും കെട്ടിടം നിർമ്മിക്കാത്തവ | 1 (നം. 96) |

അങ്കണവാടികളിലെ കുട്ടികളുടെ ശരാശരി എണ്ണം പത്തിൽ താഴെ മാത്രമാണ്. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം കുട്ടികളുടെ എണ്ണത്തെ ബാധിക്കുന്നുവെന്നാണ് വ്യക്തമാകുന്നത്. ജനകീയാസൂത്രണം പദ്ധതി ആരംഭിച്ച് 20 വർഷം പിന്നിട്ടിട്ടും അങ്കണവാടികൾക്കാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ലെന്നത് അപലപനീയമാണ്. അങ്കണവാടികൾ ഉൾപ്പെടെ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് സർക്കാർ ലഭ്യമാക്കുന്ന റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഓഡിറ്റ് വർഷവും, മുൻവർഷങ്ങളിലും ഫലപ്രദമായി വിനിയോഗിക്കാതെ ലാപ്സാക്കുകയാണ് ഗ്രാമപഞ്ചായത്ത് ചെയ്തിട്ടുള്ളത്. അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുവേണ്ടി റോഡിതര മെയിന്റനൻസ് ഗ്രാന്റ് പരമാവധി വിനിയോഗിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 3-10 ടി.എച്ച്.ആർ.എസ്. അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ കൃത്യമായ ഇടവേളകളിൽ

## ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

അങ്കണവാടികളിലൂടെ വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ ഓരോ രണ്ട് മാസത്തിൽ ഒരിക്കൽ വീതം ഫുഡ് ടെസ്റ്റിംഗ് ലാബിൽ ഗുണനിലവാരം പരിശോധനയ്ക്ക് വിധേയമാക്കുവാൻ സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.02.2010-ലെ ഐ.സി.ഡി.എസ്.ബി3-312/2010 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം പഞ്ചായത്തിന്റെ കീഴിലുള്ള 37 അങ്കണവാടികളിലൂടെ വിതരണം ചെയ്ത ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ന്യൂട്രിമിക്സ് സാമ്പിളുകൾ രണ്ട് മാസത്തിൽ ഒരിക്കൽ വീതം ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 നിഷ്ക്രിയ അക്കൗണ്ട്

വി.ഇ.ഒ.-യുടെ പേരിലുള്ള സമ്പൂർണ്ണ ശുചിത്വ പദ്ധതി (ടി.എസ്.സി.) അക്കൗണ്ടിൽ ഓഡിറ്റ് തീയതിയിൽ 182669 രൂപ അവശേഷിക്കുന്നു. ഇന്ത്യൻ ഓവർസീസ് ബാങ്ക് പത്തനംതിട്ട ബ്രാഞ്ചിലുള്ള 71284 നമ്പർ ടി.എസ്.സി. അക്കൗണ്ടിൽ 14.10.2009-ലാണ് അവസാനമായി പണമിടപാട് നടന്നിരിക്കുന്നത്. വർഷങ്ങളായി അക്കൗണ്ടിൽ നിഷ്ക്രിയമായി അവശേഷിക്കുന്ന തുക ഏതെങ്കിലും ശുചിത്വ പദ്ധതികൾക്കായി ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള സാധ്യതകൾ ആരായുന്നതിന് പഞ്ചായത്ത് അധികൃതർ ശ്രദ്ധിച്ചിട്ടില്ല. നിലവിൽ ചുമതലയുള്ള വി.ഇ.ഒ. ഈ ബാങ്ക് അക്കൗണ്ടിനെ സംബന്ധിച്ച് ബോധവാനായിരുന്നില്ല. കഴിഞ്ഞ 6 വർഷകാലമായി ബാങ്ക് പാസ് ബുക്കുപോലും പതിപ്പിച്ച് വാങ്ങാതെ ഈ അക്കൗണ്ട് വിസ്മൃതിയിലാണ്ടുകിടക്കുകയായിരുന്നു. ഓഡിറ്റ് നടത്തിയ അന്വേഷണത്തെതുടർന്നാണ് അക്കൗണ്ട് വിവരങ്ങൾ ബാങ്കുമായി ബന്ധപ്പെട്ട് വി.ഇ.ഒ. ലഭ്യമാക്കിയത്. നിഷ്ക്രിയമായി കിടക്കുന്ന തുകയുടെ ഫലപ്രദമായ വിനിയോഗം ഗ്രാമപഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

## 3-12 തനത് ഫണ്ടിൽ അവശേഷിക്കുന്ന വികസന ഫണ്ട് തിരികെ ഒടുക്കണം

താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ഭാഗമായി ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയിൽ ചെലവാകാതെ മടക്കി ലഭിച്ച തുകകൾ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

| വർഷം | പ്രോജക്ടിന്റെ പേര് | ഡെപ്പോസിറ്റ് തുക | ചെലവഴിച്ച തുക | മടക്കി ലഭിച്ച തുക |
|---|---|---|---|---|
| 2012-13 | വരട്ട് ചിറ മധുമലകോളനി മൂലസ്ഥാനം കുടിവെള്ള പദ്ധതി | 450000 | 437515 | 12485 |
| 2012-13 | ഇടപ്പരിയാരം - വലിയകാലാ ലക്ഷം വീട് കോളനിയിലെ കുടിവെള്ള പദ്ധതി | 460000 | 375188 | 84812 |
| | ആകെ | | | 97297 |

വികസന ഫണ്ട് ഇനത്തിലുള്ള തുക തനത് ഫണ്ടിൽ സൂക്ഷിച്ച് വകമാറ്റി ചെലവഴിക്കുന്നതിന് വ്യവസ്ഥയില്ല. ടി തുക എത്രയും വേഗം കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്.

## 3-13 വെള്ളക്കരം; ചെലവ് നിയന്ത്രിക്കണം

89 പൊതു ടാപ്പുകൾക്ക് പ്രതിമാസം 38938 രൂപ നിരക്കിൽ ഗ്രാമപഞ്ചായത്ത് കുടിവെള്ളക്കരം ഒടുക്കിവരുന്നു. പൊതുടാപ്പുകളുടെ വിവരം അടങ്ങിയ രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. സമീപ കാലത്തൊന്നും സംയുക്തപരിശോധന നടത്തി നിലവിൽ വെള്ളംകിട്ടുന്ന ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. അവസാനമായി സംയുക്ത പരിശോധന നടത്തിയത് എന്നാണെന്ന് മനസ്സിലാക്കുന്നതിനാവശ്യമായ രേഖകൾ പോലും ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. പ്രവർത്തിക്കുന്ന ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താതെ വാട്ടർ അതോറിറ്റി നൽകുന്ന ഡിമാന്റ് നോട്ടീസനുസരിച്ച് തുക ഒടുക്കുകയാണ് ഗ്രാമപഞ്ചായത്ത് ചെയ്യുന്നത്. പഞ്ചായത്ത് ഫണ്ടിൽനിന്നുള്ള പ്രധാനപ്പെട്ട ഒരു ആവർത്തന ചെലവ് എന്നനിലയിൽ സംയുക്ത പരിശോധന നടത്തി വെള്ളംകിട്ടുന്ന ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താതെയും, ആവശ്യമായ രേഖകൾ സൂക്ഷിക്കാതെയും വെള്ളക്കരം ഒടുക്കുന്നത് ഉചിതമായ നടപടിയല്ല. സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തുന്നതിനും, രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

12-ാം പദ്ധതി ആസൂത്രണമാർഗരേഖ സ.ഉ.(കൈ)168/12/ത.സ്വ.ഭ.വ., തീയതി 15.06.12 പ്രകാരം, സബ്സിഡി നിബന്ധനകൾക്ക് വിധേയമായി, കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്നും, ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും ലഭ്യമാക്കണമെന്നും അപ്രകാരം ചെയ്തശേഷം ആ പ്രദേശത്തെ പൊതുടാപ്പുകൾ നിർത്തലാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി ഗാർഹിക കണക്ഷന് പ്രാധാന്യം നൽകി, വെള്ളക്കരം ഇനത്തിൽ പഞ്ചായത്തിനുണ്ടാകുന്ന ആവർത്തനചെലവ് കുറച്ചുകൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

## 3-14 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല; ക്രമീകരിക്കാൻ അവശേഷിക്കുന്ന ഡെപ്പോസിറ്റ് തുക 16.26 ലക്ഷം രൂപ

ഗ്രാമപഞ്ചായത്ത് 2011-12 മുതൽ ഏറ്റെടുത്തിട്ടുള്ള താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട ഏജൻസികളിൽനിന്നും ലഭ്യമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിശദവിവരങ്ങൾ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതായിരുന്നെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. ഡെപ്പോസിറ്റ് തുകകൾ കണക്കുകളിൽ മുൻകൂറായി കാണിക്കുന്നതിനുപകരം അന്തിമ ചെലവായി കാണിക്കുകയാണുണ്ടായത്. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നടത്തിപ്പ് നിരീക്ഷിക്കുകയോ, പ്രവൃത്തികളുടെ പൂർത്തീകരണത്തിനുശേഷം ബാക്കി നിൽക്കുന്ന തുകകളും, ഉപേക്ഷിച്ച പ്രവൃത്തികൾക്ക് നൽകിയ തുകകളും തിരിച്ച് വാങ്ങുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. നാളിതുവരെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്ത പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | പ്രോജക്ട് | ഏജൻസി | ഡെപ്പോസിറ്റ് തുക |
|---|---|---|---|---|
| 1 | 2011-12 | പാറപ്പാട്ട് എസ്.സി. കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | വാട്ടർ അതോറിറ്റി | 50000 |
| 2 | 2013-14 | പ്രിയദർശിനി റോഡ് വലിയതാഴയിൽഭാഗം കുഴൽകിണർ നിർമ്മാണം | ഗ്രൗണ്ട് വാട്ടർ അതോറിറ്റി | 60000 |
| 3 | 2013-14 | ഹോമിയോ ആശുപത്രി ഗ്രൗണ്ടിൽ കുഴൽകിണർ കുഴിച്ച് മോട്ടോർ വച്ച് മുകളിൽ താമസിക്കുന്ന ഹരിജൻ കുടുംബങ്ങൾക്ക് വെള്ളം എത്തിക്കുക | ഗ്രൗണ്ട് വാട്ടർ അതോറിറ്റി | 203000 |
| 4 | 2013-14 | വലിവട്ടം കാവിൽപടി സെറ്റിൽമെന്റ് കോളനി കുടിവെള്ള പദ്ധതി | ഗ്രൗണ്ട് വാട്ടർ അതോറിറ്റി | 63995 |
| 5 | 2012-13 | തേങ്ങാടിക്കുംപാറ കോളനിയിൽ കുഴൽകിണർ നിർമ്മാണം (എസ്.സി.പി.) | ഗ്രൗണ്ട് വാട്ടർ അതോറിറ്റി | 57645 |
| 6 | 2012-13 | ചായപുന്നയ്ക്കൽ കോളനി കുഴൽകിണർ നിർമ്മാണം (എസ്.സി.പി.) | ഗ്രൗണ്ട് വാട്ടർ അതോറിറ്റി | 58305 |
| 7 | 2012-13 | വാർഡ് 6-ൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (എസ്.സി.പി.) | വാട്ടർ അതോറിറ്റി | 45000 |
| 8 | 2012-13 | വാർഡ് 6-ൽ സ്ട്രീറ്റ് ലൈൻ മാറ്റി സ്ഥാപിക്കൽ (എസ്.സി.പി.) | ഗ്രൗണ്ട് വാട്ടർ അതോറിറ്റി | 17500 |
| 9 | 2012-13 | ആശാരിമുക്ക് തുമ്പമൺതറ സ്ട്രീറ്റ് ലൈൻ | കെ.എസ്.ഇ.ബി. | 18000 |
| 10 | 2012-13 | കുത്തുകല്ലുങ്കൽ പുളിനിൽക്കുന്നതിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | കെ.എസ്.ഇ.ബി. | 10510 |
| 11 | 2012-13 | റേഷൻകടപടി ഓലിക്കൽ രാജീവ് റോഡ് സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കലും പോസ്റ്റ് മാറ്റി സ്ഥാപിക്കലും | കെ.എസ്.ഇ.ബി. | 23885 |
| 12 | 2012-13 | പുന്നയ്ക്കൽപടി വിളയിൽപടി സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | കെ.എസ്.ഇ.ബി. | 19825 |
| 13 | 2012-13 | അപ്പാനി കോളനി പട്ടികജാതി സങ്കേതം കുടിവെള്ള പദ്ധതി (SCP) | ഗ്രൗണ്ട് വാട്ടർ അതോറിറ്റി | 240262 |
| 14 | 2012-13 | വലിയകാല ലക്ഷംവീട് കോളനി കുടിവെള്ള പദ്ധതി (SCP) | ഗ്രൗണ്ട് വാട്ടർ അതോറിറ്റി | 416625 |
| 15 | 2012-13 | വലിയകാല ലക്ഷംവീട് കോളനി കുടിവെള്ള പദ്ധതി (ജനറൽ) | ഗ്രൗണ്ട് വാട്ടർ അതോറിറ്റി | 43375 |
| 16 | 2014-15 | അങ്കണവാടികൾക്ക് വയറിംഗ് - വൈദ്യുതി കണക്ഷൻ | പി.ഡബ്ല്യു.ഡി. | 145125 |
| 17 | 2014-15 | 97, 103 അങ്കണവാടികൾക്ക് വയറിംഗ്, വൈദ്യുതി കണക്ഷൻ | പി.ഡബ്ല്യു.ഡി. | 4200 |
| 18 | 2014-15 | ഇടമല മണ്ണന്തലയ്ക്കൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി. | 57330 |
| 19 | 2015-16 | താഴയിൽപടി കനാൽപടി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി. | 29248 |
| 20 | 2015-16 | വാർഡ് 2-ൽ പുള്ളോനാൽ കുഴി തേങ്ങാടിക്കുംപാറ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി. | 16677 |
| 21 | | ആകെ | | 1580507 |

ടി പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. കൂടാതെ പൂർത്തീകരണത്തിനുശേഷം ബാക്കി നിൽക്കുന്ന തുകകൾ തിരിച്ചു വാങ്ങി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-15 കുടിവെള്ള പദ്ധതി ഉപേക്ഷിച്ചു; നിക്ഷേപ തുക തിരികെ ഈടാക്കണം

2012-13-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.193/13 പ്രകാരം മയിലാടുംപാറ ലക്ഷംവീട് കോളനിയിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് പട്ടികജാതി വികസന ഫണ്ടിൽനിന്നും 45365 രൂപ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്നു. എന്നാൽ പദ്ധതി നടപ്പിലാക്കുകയുണ്ടായില്ല. നിർവ്വഹണം ഉപേക്ഷിച്ച ഈ പദ്ധതിയ്ക്ക് നിക്ഷേപിച്ച തുക തിരികെ ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-16 നിർജ്ജീവമായ കുടിവെള്ള പദ്ധതി

2008-09ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തും, ബ്ലോക്ക് പഞ്ചായത്തും സംയുക്തമായി നടപ്പിലാക്കിയ പദ്ധതിയാണ് ഇളമല ഹരിജൻ കോളനി കുടിവെള്ള പദ്ധതി. പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് 80000 രൂപയും, ബ്ലോക്ക് പഞ്ചായത്ത് 2 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി നിലവിൽ പ്രവർത്തന രഹിതമാണ്. ഇളമല ഹരിജൻ കോളനിയിലെ ഒട്ടേറെ കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുമായിരുന്ന ഈ പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. ഈ പദ്ധതിയ്ക്ക് പൊതു ഖജനാവിൽനിന്നും മുടക്കിയ പണം പാഴായിരിക്കുന്നു. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു. പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 3-17 കുടിവെള്ള പദ്ധതികളുടെ പരിപാലനത്തിൽ അലംഭാവം

പഞ്ചായത്ത് ഫണ്ട് ചെലവഴിച്ച് നിർമ്മിച്ചിട്ടുള്ള വിവിധ കുടിവെള്ള പദ്ധതികളുടെ തുടർനടത്തിപ്പും, പരിപാലനവും ഗുണഭോക്തൃ ഗ്രൂപ്പുകളെ ഏൽപ്പിച്ച് നൽകുകയോ, അവയുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്ത് നിരീക്ഷിക്കുകയോ ചെയ്യുന്നില്ല. പൊതു ഖജനാവിൽനിന്നും വൻതുക ചെലവഴിച്ച് നിർമ്മിച്ചിട്ടുള്ള ഈ കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുമില്ല. നിലവിൽ ഈ പൊതു ആസ്തികളിന്മേൽ ഗ്രാമപഞ്ചായത്തിന് യാതൊരു നിയന്ത്രണവും ഇല്ലാത്ത അവസ്ഥയിലാണ്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം (സ.ഉ.(എം.എസ്.)നം. 362/2013/ത.സ്വ.ഭ.വ., തീ. 16.11.13 – അനുബന്ധം 1, ഖ: 8) കുടിവെള്ള പ്രോജക്ടുകൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതും, നിർമ്മാണം പൂർത്തിയാക്കിയ ശേഷം പ്രോജക്ടിന്റെ തുടർ നടത്തിപ്പും അറ്റകുറ്റപ്പണിയുടെ ചുമതലയും (operation & maintenance) എഗ്രിമെന്റ് വെച്ച് ഗുണഭോക്തൃ ഗ്രൂപ്പിനെ ഏൽപ്പിക്കേണ്ടതുമാണ്. അങ്ങനെ ഏറ്റെടുക്കാമെന്ന കരാറിൽ ഏർപ്പെട്ടശേഷമേ പ്രവൃത്തിയുടെ നിർവ്വഹണം ആരംഭിക്കാവൂ.

താഴെപറയുന്ന കുടിവെള്ള പദ്ധതികളുടെ വിശദാംശം പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും, ഗുണഭോക്തൃ ഗ്രൂപ്പുകൾ രൂപീകരിച്ച് പദ്ധതികളുടെ നടത്തിപ്പ് കൃത്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ ഗ്രൂപ്പുകളെ ഏൽപ്പിക്കേണ്ടതുമാണ്. പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പും, സംരക്ഷണവും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും, വർക്കിംഗ് ഗ്രൂപ്പും കാലാകാലങ്ങളിൽ നിരീക്ഷിക്കേണ്ടതുമാണ്.

| ക്രമ നം. | സ്ഥാപിതമായ വർഷം | കുടിവെള്ള പദ്ധതിയുടെ പേര് |
|---|---|---|
| 1 | 2007-08 | മധുമല-പട്ടംതറ-സുബ്രഹ്മണ്യവിലാസം കോളനിയിലെ വാട്ടർ സപ്ലൈ സ്കീം |
| 3 | 2012-13 | വരട്ടുചിറ മധുമല മൂലസ്ഥാനം കുടിവെള്ള പദ്ധതി (SCP) |
| 4 | 2012-13 | അപ്പാനി കോളനി പട്ടികജാതി സങ്കേതം കുടിവെള്ള പദ്ധതി (SCP) |
| 6 | 2012-13 | വലിയകാല ലക്ഷംവീട് കോളനി കുടിവെള്ള പദ്ധതി (SCP) |

## 3-18 പട്ടികജാതി വികസന ഓഫീസറുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാത്ത പ്രോജക്ടുകൾക്ക് തുക വകയിരുത്തി; പട്ടികജാതി വികസന ഫണ്ട് പാഴാക്കി

2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടിക ജാതി വികസന ഫണ്ടിൽനിന്നും 3.75 ലക്ഷം രൂപ വകയിരുത്തി ആവിഷ്കരിച്ച 3പ്രോജക്ടുകൾ പട്ടികജാതി വികസന ഓഫീസറിൽനിന്നുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ നടപ്പിലായില്ല. പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 67/16 | വാർഡ് 9-ൽ അപ്പാനിയിൽ കോളനി റോഡ് കോൺക്രീറ്റ് | 200000 |
| 2 | 183/16 | താഴെയിൽ ഓഡിറ്റോറിയംപടി പുത്തനേത്ത് വടക്കേപടി റോഡ് കോൺക്രീറ്റ് | 75000 |
| 3 | 184/16 | താഴെയിൽപടി തൈമണ്ണിൽപടി റോഡ് കോൺക്രീറ്റ് | 100000 |
| | | ആകെ | 375000 |

സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി അംഗീകാര നടപടികൾ സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം (സ.ഉ.(എം.എസ്.)നമ്പർ 243/2012 /ത.സ്വ.ഭ.വ, തീ. 24/09/2012) പ്രോജക്ട് അംഗീകരിക്കുന്നതിന മുമ്പ് ശുപാർശ ചെയ്യേണ്ട എല്ലാ ഉദ്യോഗസ്ഥരും അനുകൂലമായി ശുപാർശ ചെയ്തിട്ടുണ്ടെന്ന് പ്രോജക്ടിന് അംഗീകാരം നൽകുന്ന ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. പട്ടികജാതി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പശ്ചാത്തല വികസന പദ്ധതികളുടെ കാര്യത്തിൽ പ്രോജക്ടുകളുടെ ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ അമ്പത് ശതമാനത്തിലധികം പട്ടികജാതിക്കാരാണെന്ന് പട്ടികജാതി വികസന ഓഫീസർ സ്ഥലപരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള ഫീസിബിലിററി സർട്ടിഫിക്കറ്റിന്റെ അഭാവത്തിലാണ് ടി പ്രോജക്ടിന് അസി.എക്സി.എഞ്ചിനീയർ നിർവ്വഹണാനുമതി നൽകിയത്. അംഗീകാരയോഗ്യമല്ലാത്ത പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുക വഴി പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായി വിനിയോഗിക്കാവുന്ന 3.75ലക്ഷം രൂപചെലവഴിക്കാൻ സാധിക്കാതെ പാഴാക്കി. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-19 ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നില്ല

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് വികസനഫണ്ട് (₹125000), ബ്ലോക്ക് വിഹിതം (₹62500), ജില്ലാപഞ്ചായത്ത് വിഹിതം (₹62500) എന്നിവ വകയിരുത്തി പദ്ധതി രൂപീകരിച്ച് (S0027/16) 175000 രൂപ ചെലവഴിച്ചിട്ടുണ്ട്. ശാരീരിക വെല്ലുവിളി നേരിടുന്ന 23 കുട്ടികൾക്കാണ് സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുള്ളത്. മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 9556 രൂപ വീതവും ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പരമാവധി 7565 രൂപ വീതവുമാണ് (വ്യത്യസ്ത ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് വ്യത്യസ്ത നിരക്കിൽ) നൽകിയിട്ടുള്ളത്. പദ്ധതിയ്ക്ക് വകയിരുത്തിയിരുന്ന ജില്ലാപഞ്ചായത്ത് വിഹിതം ലഭ്യമാകാതിരുന്നതിനാൽ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് അർഹമായ നിരക്കിൽ ധനസഹായം വിതരണം ചെയ്യുന്നതിന് കഴിഞ്ഞിട്ടില്ല.

പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഒരു വർഷം 15200 രൂപയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് പ്രതിവർഷം 5300 രൂപ മുതൽ 19500 രൂപ വരെയും അർഹതയുണ്ട്. ജില്ലാപഞ്ചായത്ത് വിഹിതം ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നതിന് നടപടി സ്വീകരിക്കാതിരുന്നത് ഇത്തരത്തിൽ അവശത നേരിടുന്നവരോടുള്ള പഞ്ചായത്തിന്റെ അവഗണനയെയാണ് സൂചിപ്പിക്കുന്നത്. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് മതിയായ ഫണ്ട് വകയിരുത്തുന്നതിനും, ജില്ലാ/ബ്ലോക്ക് ഫണ്ട് ലഭ്യമാക്കുന്നതിനും പഞ്ചായത്ത് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-20 റോഡ് മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിക്കുന്നു

ഓഡിറ്റ് വർഷം (2015-16) എൽ.എസ്.ജി.ഡി. അസി.എഞ്ചിനീയർ നടപ്പിലാക്കിയ റോഡ് പുനരുദ്ധാരണ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ റോഡുകളുടെ സംരക്ഷണത്തിന് സർക്കാർ അനുവദിച്ച റോഡ് മെയിന്റനൻസ് ഗ്രാന്റ് പുതിയ കോൺക്രീറ്റ് റോഡുകൾ നിർമ്മിക്കുന്നതിനായി വ്യാപകമായി വകമാറ്റി ചെലഴിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് റോഡുകളുടെ അറ്റകുറ്റപ്പണിയാണ് നടത്തേണ്ടത്. അറ്റകുറ്റപ്പണികളിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാവുന്ന പണികളെക്കുറിച്ച് വിശദമായ ഉത്തരവുകൾ നിലവിലുണ്ട്. തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറിയ റോഡുകളുടെ അറ്റകുറ്റപണികൾ നടത്തിയതിനുശേഷവും റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മാത്രം മെറ്റലിംഗ്, ടാറിംഗ് കോൺക്രീറ്റിംഗ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കാവുന്നതാണ്. എന്നാൽ ആ തദ്ദേശഭരണ സ്ഥാപനത്തിന്റെ കൈമാറിക്കിട്ടിയ റോഡുകളിലൊന്നും അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായ തീരുമാനം എടുത്തശേഷമായിരിക്കണം മെയിന്റനൻസ് ഫണ്ട് പുതിയ നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കാൻ (സർക്കുലർ നം.68228/എഫ്.എം. 1/2012/തസ്വഭവ, തീ. 28.11.12). എന്നാൽ ഭരണസമിതി ഇപ്രകാരമൊരു തീരുമാനം എടുത്തിട്ടില്ല. പകരം 2015-16-ലെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡ്

മെയിന്റനൻസ് പ്രവർത്തികളേക്കാൾ അധികമായി മറ്റ് അറ്റകുറ്റപ്പണികൾ ഈ പദ്ധതി വർഷത്തിൽ ആവശ്യമില്ലെന്ന തീരുമാനമാണ് കമ്മിറ്റി എടിത്തിട്ടുള്ളത് [06.05.2015-ലെ II-ാം നമ്പർ തീരുമാനം]. ഇപ്രകാരമൊരു തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി പുതിയ നിർമ്മാണങ്ങൾക്ക് വിനിയോഗിച്ചത് സർക്കാർ ഉത്തരവിന് വിരുദ്ധമാണ്.

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ 01.12.07-ലെ 64952/ഡി.എ.1/07/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തുകൾ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നടപ്പിലാക്കുന്ന റോഡ് അറ്റകുറ്റപ്പണികളിൽ ആവശ്യമായ ഓട നിർമ്മാണം, ചപ്പാത്ത് നിർമ്മാണം, ഗ്രാവൽ മണ്ണ് ഉപയോഗിച്ച്, ഉപരിതലം നിരപ്പാക്കൽ എന്നിവ ഉൾപ്പെടുത്താതെയുള്ളതും ഇരുപതും മുപ്പതും മീറ്റർ നീളത്തിൽ കോൺക്രീറ്റ് ചെയ്യുന്നതുമായ പ്രോജക്ടുകൾക്ക് അംഗീകാരം നൽകാൻ പാടില്ലെന്ന് നിഷ്കർഷിച്ചിരുന്നു.

എന്നാൽ മേൽ പറഞ്ഞ സർക്കാർ ഉത്തരവുകൾ ലംഘിച്ചാണ് ഓഡിറ്റ് വർഷം റോഡ് മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ലഭ്യമായ 73.64 ലക്ഷം രൂപയിൽ 42.46 ലക്ഷം രൂപയും പുതിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കായി വകമാറ്റി ചെലവഴിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റോഡ് മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി നടപ്പിലാക്കിയ പ്രവൃത്തികളുടെ എണ്ണം | ലഭ്യമായ തുക | മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി ആവിഷ്കരിച്ച റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ എണ്ണം | റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് വകയിരുത്തിയ മെയിന്റനൻസ് ഗ്രാന്റ് തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|
| 53 | 7363712 | 37 | 4733440 | 4245857 | 58 |

മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഫണ്ട് വകമാറ്റി ചെലവഴിച്ച തുക ഓഡിറ്റിൽ തടസപ്പെടുത്തുന്നു. ചെലവിന് സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും, ഭാവിയിൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഫണ്ട് ചെലവഴിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതുമാണ്.

## 3-21 ലൈബ്രറി സെസ്സ് ഒടുക്കിയില്ല

2015-16 സാമ്പത്തിക വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ ഗ്രാമപഞ്ചായത്ത് പിരിച്ചെടുത്ത 97764 രൂപ ലൈബ്രറി കൗൺസിലിൽ ഒടുക്കിയിട്ടില്ല. ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ട് ഗഡുക്കളായി ലൈബ്രറി കൗൺസിലിന് നൽകേണ്ടതാണ്. ആദ്യ ഗഡു ഏപ്രിൽ 30-നകവും, 2-ഗഡു നവംബർ 30-നകവും അടക്കേണ്ടതാണ്. ഇതിൽ വീഴ്ചവരുത്തുന്ന പക്ഷം അത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കുന്നതും, ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽനിന്നും ഈടാക്കുന്നതുമാണെന്ന് 20.09.05-ലെ 10088/എൽ.3/05/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ കുടിശ്ശിക തുക എത്രയും വേഗം ലൈബ്രറി കൗൺസിലിൽ ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-22 പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചില്ല

പഞ്ചായത്ത് രാജ് നിയമത്തിലെ 272എ. വകുപ്പ് പ്രകാരം ഓരോ പഞ്ചായത്തും പൗരൻമാർക്ക് പഞ്ചായത്ത് ലഭ്യമാക്കുന്ന വിവിധ ഇനം സേവനങ്ങളെയും അവയുടെ വ്യവസ്ഥകളെയും അവ ലഭ്യമാക്കുന്ന സമയപരിധിയേയും സംബന്ധിച്ച് ഒരു രൂപ രേഖ തയ്യാറാക്കി 'പൗരാവകാശ രേഖ' എന്ന പേരിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. പൗരാവകാശ രേഖ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് 2004-ൽ സർക്കാർ പൗരാവകാശ രേഖ തയ്യാറാക്കൽ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പൊതു തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു പഞ്ചായത്ത് രൂപീകരിക്കപ്പെട്ടതിനുശേഷം, കഴിയുന്നതും നേരത്തെ എന്നാൽ ആറുമാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ പഞ്ചായത്ത് യോഗം ചേർന്ന്, പഞ്ചായത്തിന്, പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരന്മാർക്ക് എന്തെല്ലാം സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ കഴിയുമെന്നും, അത്തരം ഒരു സേവനം ലഭ്യമാകുന്നതിന് ഒരു പൗരൻ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നും, പ്രസ്തുത സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയായിരിക്കണമെന്നും ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്. ചട്ടം 4 പ്രകാരം പഞ്ചായത്ത് തയ്യാറാക്കുന്ന പൗരാവകാശ രേഖ പൊതുജനങ്ങളുടെ അറിവിലേക്കായി പഞ്ചായത്താഫീസ് നോട്ടീസ് ബോർഡിലും പഞ്ചായത്ത് പ്രദേശത്തെ പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മറ്റ് നോട്ടീസ് ബോർഡുകളിലും പതിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതും അത് അച്ചടിച്ച് പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണ്.

എന്നാൽ നിലവിലെ ഭരണ സമിതി അധികാരമേറ്റിട്ട് ഓഡിറ്റ് തീയതിയിൽ 1 വർഷം പൂർത്തിയാക്കിയെങ്കിലും പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. നിയമത്തിന്റെയും, ചട്ടത്തിന്റെയും ലംഘനം ശ്രദ്ധയിൽപ്പെടുത്തുന്നു. പൗരാവകാശ രേഖ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് കൈകൊള്ളേണ്ടതാണ്.

## 3-23 പട്ടിക ജാതി ഫണ്ട് വിനിയോഗത്തിൽ വീഴ്ച

എസ്.സി.പി. പ്രോജക്ടുകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരുന്ന നിബന്ധനകൾ ഗ്രാമപഞ്ചായത്ത് വേണ്ടവിധം പാലിക്കുന്നില്ല [സ.ഉ.(എം.എസ്.) നമ്പർ 362/2013/ത.സ്വ.ഭ.വ., തീ.16.11.2013, ഖ: 9.3). എസ്.സി.പി./ടി.എസ്.പി. എന്നിവയിൽ കുടുംബ കേന്ദ്രീകൃത സമീപനത്തിൽ (Household centred approach) ഓരോ കുടുംബത്തിന്റെയും സാമൂഹിക-സാമ്പത്തിക വികസനത്തിനാണ് ഊന്നൽ നൽകേണ്ടതെന്നും, എസ്.സി.പി./ടി.എസ്.പി. സമഗ്ര സർവ്വേയുടെ ഡാറ്റ അടിസ്ഥാനപ്പെടുത്തി ആയിരിക്കണം എസ്.സി.പി./ടി.എസ്.പി. പ്രോജക്ടുകൾ തയ്യാറാക്കേണ്ടതെന്നും സർക്കാർ നിഷ്കർഷിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിച്ചല്ല പ്രോജക്ടുകൾ തയ്യാറാക്കിയിരിക്കുന്നത്. എസ്.സി.പി./ടി.എസ്.പി. പ്രോജക്ടുകളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് സ്ഥാപനതലത്തിൽ നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കണമെന്ന നിബന്ധന പാലിക്കപ്പെട്ടിട്ടില്ല. തൻവർഷം എസ്.സി.പി. ഫണ്ട് 43.7% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മുൻവർഷങ്ങളിലെയും സ്ഥിതിയും വ്യത്യസ്തമല്ല. 2007-08 മുതൽ 2015-16 വരെ കാലയളവിലെ എസ്.സി.പി. ഫണ്ടിന്റെ വിനിയോഗം പരിശോധിച്ചതിൽ 2013-14-ൽ മാത്രമാണ് ഭേദപ്പെട്ട രീതിയിൽ ഫണ്ട് വിനിയോഗം നടത്തിയിട്ടുള്ളതെന്ന് കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വിനിയോഗ ശതമാനം | ഷോർട്ട്ഫാൾ ഇനത്തിൽ സർക്കാർ കുറവ് ചെയ്ത തുക |
|---|---|---|
| 2007-08 | 64% | 0 |
| 2008-09 | 37% | 147000 |
| 2009-10 | 60% | 0 |
| 2010-11 | 24% | 994000 |
| 2011-12 | 50% | 1411000 |
| 2012-13 | 50% | 2836000 |
| 2013-14 | 78% | 0 |
| 2014-15 | 68% | 681000 |
| 2015-16 | 44% | 0 |

ടി കാലയളവിൽ പട്ടികജാതി ഫണ്ട് സർക്കാർ നിഷ്കർഷിച്ച നിശ്ചിത ശതമാനം ചെലവഴിക്കാൻ സാധിക്കാതെ വന്നതിനാൽ പഞ്ചായത്തിന് അർഹമായ പൊതുവിഭാഗം വികസനഫണ്ടിൽനിന്നും ടി കാലയളവിൽ 60.69 ലക്ഷം രൂപ സർക്കാർ കുറവ് ചെയ്തു. പ്രത്യേക പരിഗണന അർഹിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടിയുള്ള പദ്ധതി നടത്തിപ്പിലുണ്ടായിട്ടുള്ള അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. എസ്.സി.പി./ടി.എസ്.പി. പ്രോജക്ടുകളുടെ നിർവ്വഹണവും, ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-24 മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയില്ല; റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിനിയോഗത്തിൽ വൻവീഴ്ച

ഓഡിറ്റ് വർഷം റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഫലപ്രദമായി വിനിയോഗിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തി. ഓഡിറ്റ് വർഷം ആകെ ലഭ്യമായ ഫണ്ടിന്റെ 32% മാത്രമാണ് വിനിയോഗിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റോഡിതര സംരക്ഷണ ഗ്രാന്റ് വകയിരുത്തിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കിയത് | ചെലവഴിച്ച തുക | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 13 | 4401027 | 8 | 1390317 | 3010710 | 31.59 |

റോഡിതര സംരക്ഷണ ഗ്രാന്റ് വകയിരുത്തി ആവിഷ്കരിച്ച 36.02ലക്ഷം അടങ്കലുള്ള 6 മരാമത്ത് പ്രവൃത്തികളിൽ 2 പ്രവൃത്തികൾ മാത്രമാണ് നടപ്പിലാക്കിയത് (ചെലവ് 6.91ലക്ഷം). പ്രോജക്ട് നം. 167 പ്രകാരം ഹോമിയോ ആശുപത്രിക്ക് അറ്റകുറ്റപ്പണിക്കും, ഗേറ്റും സ്ഥാപിക്കുന്നതിനും 15.5 ലക്ഷം രൂപ അടങ്കൽ വകയിരുത്തി പ്രോജക്ടിന് അംഗീകാരം വാങ്ങിയെങ്കിലും തൻവർഷം എസ്റ്റിമേറ്റ് തയ്യാറാക്കുകയോ സാങ്കേതികാനുമതി വാങ്ങുകയോ ചെയ്തിരുന്നില്ല. റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ലഭ്യമായ തുക ഏതാനും പ്രവൃത്തികൾക്കായി വിന്യസിക്കുക മാത്രമാണ് പഞ്ചായത്ത് ഭരണസമിതി ചെയ്തത്. ഈ പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനാവശ്യമായ യാതൊരു ശ്രമവും ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഇതുമൂലം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് ചെലവഴിക്കാമായിരുന്ന 30.10ലക്ഷം രൂപ ലാപ്സായി.

ഓഡിറ്റ് വർഷം മാത്രമല്ല മുൻവർഷങ്ങളിലും റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഫലപ്രദമായി വിനിയോഗിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വാർഷിക ബജറ്റിൽ ഉൾപ്പെടുത്തി സർക്കാർ ലഭ്യമാക്കുന്ന ഫണ്ടുകൾ അതതു വർഷം ചെലവഴിക്കാനുള്ളതാണ്. ഫണ്ട് വിനിയോഗം സർക്കാർ നിശ്ചയിക്കുന്ന നിശ്ചിത ശതമാനത്തിലും കുറവ് വരുന്ന സാഹചര്യത്തിൽ കുറവ് വന്ന അത്രയും തുക തുടർന്ന് വരുന്ന രണ്ടാമത്തെ സാമ്പത്തിക വർഷം ലഭിക്കുന്ന ഫണ്ടിൽനിന്നും സർക്കാർ കുറവ് ചെയ്യും. വിനിയോഗത്തിലുള്ള കുറവ് കാരണം 2008-09 മുതൽ 2014-15വരെ കാലയളവിൽ 33.31 ലക്ഷം രൂപയാണ് സർക്കാർ ഗ്രാമപഞ്ചായത്തിനുള്ള റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിഹിതത്തിൽനിന്നും കുറവ് ചെയ്തത്.

| വർഷം | വിനിയോഗ ശതമാനം | ഷോർട്ട്ഫാൾ ഇനത്തിൽ സർക്കാർ കുറവ് ചെയ്ത തുക |
|---|---|---|
| 2007-08 | 61.36 | 0 |
| 2008-09 | 00.00 | 115000 |
| 2009-10 | 31.00 | 38000 |
| 2010-11 | 76.00 | 718000 |
| 2011-12 | 100.00 | 1029000 |
| 2012-13 | 00.00 | 1431000 |
| 2013-14 | 98.00 | 0 |
| 2014-15 | 40.00 | 0 |
| 2015-16 | 32.00 | 0 |

കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളിൽനിന്നും മാർഗ്ഗരേഖയിലെ അനുബന്ധം 11 പ്രകാരമുള്ള പ്രോഫോർമയിൽ പ്രോജക്ട് നിർദ്ദേശങ്ങൾ സ്വരൂപിക്കണമെന്നും മെയിന്റനൻസ് പ്ലാനിന് അന്തിമ രൂപം നൽകുന്നതിന് മുമ്പായി സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് അംഗീകാരം വാങ്ങണമെന്നും, പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം മെയിന്റനൻസ് പ്ലാനിന്റെ ഭാഗമായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് [പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ - ഖ: 11.1 (x)(b)]. എന്നാൽ ഇപ്രകാരമുള്ള ഒരു മെയിന്റനൻസ് പ്ലാൻ സ്ഥാപനത്തിൽ തയ്യാറാക്കിയിരുന്നില്ല. പദ്ധതിനിർവ്വഹണ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി മെയിന്റനൻസ് പ്ലാൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും, സമയബന്ധിതമായി ഫണ്ട് വിനിയോഗിക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. മാത്രവുമല്ല, റോഡിതര മെയിന്റനൻസ് ഗ്രാന്റ് വാർഡ് അടിസ്ഥാനത്തിൽ വീതം വയ്ക്കുന്ന പ്രവണതയും അവസാനിപ്പിക്കേണ്ടതാണ്.

## 3-25 വാർഷിക പദ്ധതിയിൽ അടിസ്ഥാന മേഖലകളെ അവഗണിക്കുന്നു

പഞ്ചായത്ത് രാജ് ആക്ടിലെ 3-ാം പട്ടികയിൽ ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ വിശദമാക്കിയിട്ടുണ്ട്. അതുപ്രകാരം ഒരു തദ്ദേശഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിറവേറ്റുന്നതിനുവേണ്ടി ആയിരിക്കണം വാർഷിക പദ്ധതിയിൽ പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. എന്നാൽ വിവിധ വിഷയ മേഖലകളിൽ നിക്ഷിപ്തമായ ചുമതലകൾ നിറവേറ്റുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് പരാജയപ്പെട്ടിരിക്കുന്നു. ഉദാഹരണമായി അടിസ്ഥാന മേഖലകളായ കൃഷി, വിദ്യാഭ്യാസം, ആരോഗ്യം മുതലായ മേഖലകളിൽ മതിയായ

ഫണ്ട് വകയിരുത്തലോ, സമഗ്ര വികസന കാഴ്ചപ്പാടിൽ ഊന്നിയ പ്രോജക്റ്റുകളോ ഇല്ല.

1. കാർഷിക മേഖല

കാർഷിക മേഖലയിലെ പ്രോജക്റ്റുകൾ സംയോജിത നീർത്തട പരിപാലന സമീപനത്തിലുള്ളവയായിരിക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരുന്നു. അതുപോലെതന്നെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരിഗണിച്ചുകൊണ്ടായിരിക്കണം കാർഷിക മേഖലയുടെ സമഗ്ര പരിപാടിക്ക് രൂപം നൽകേണ്ടതെന്നും, കാർഷിക വികസന പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയുടെ കർമ്മപരിപാടിയിൽ ഉൾപ്പെടുത്താൻ വേണ്ട ഇടപെടൽ വർക്കിംഗ് ഗ്രൂപ്പ് നടത്തണമെന്നും സർക്കാർ നിഷ്കർഷിച്ചിരുന്നു. എന്നാൽ ഈ നിർദ്ദേശങ്ങൾ എല്ലാം ഗ്രാമപഞ്ചായത്ത് പാടെ അവഗണിച്ചു. കാർഷിക മേഖലയിലെ ഫണ്ട് വകയിരുത്തൽ നാമമാത്രമായിരുന്നു. ഓഡിറ്റ് വർഷത്തെ മൊത്തം പദ്ധതി അടങ്കലിന്റെ 1.95% തുക മാത്രമാണ് കാർഷിക മേഖലയ്ക്കായി ഗ്രാമപഞ്ചായത്ത് വകയിരുത്തിയിരുന്നത്. ഈ മേഖലയ്ക്ക് വേണ്ടി തൻ വർഷം ചെലവഴിച്ച തുക (356893) കൃഷിഭവന്റെ ഒരുമാസത്തെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കൊപ്പം പോലുമെത്തുന്നില്ലെന്നത് ഖേദകരമായ സംഗതിയാണ്. 40 ഹെക്ടർ പാടശേഖരമുള്ളതിൽ 2.5 ഹെക്ടറിൽ മാത്രമാണ് നിലവിൽ നെൽകൃഷി ചെയ്യുന്നത്. നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി യാതൊരുവിധ പദ്ധതികളും ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം ഏറ്റെടുത്തിട്ടില്ല.

നടീൽ വസ്തുക്കൾ സൂക്ഷിക്കുന്നതിന് കൃഷി ഭവനിൽ നിലവിൽ സൗകര്യമില്ല. രണ്ടാം നിലയിൽ പ്രവർത്തിക്കുന്ന കൃഷിഭവൻ ഓഫീസിൽ നടീൽ വസ്തുക്കൾ സൂക്ഷിക്കേണ്ടിവരുന്നതിനാൽ കയറ്റിറക്ക് കൂലി ഇനത്തിൽ ഗണ്യമായ തുക ചെലവഴിക്കേണ്ടിവരുന്നു. മാത്രവുമല്ല നടീൽ വസ്തുക്കൾ ഉണങ്ങിപോകുന്നതിനും ഇത് ഇടയാക്കുന്നു. കുടുംബശ്രീ ഓഫീസ് കൃഷി ഭവനിൽ പ്രവർത്തിക്കുന്നതിനാൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക് സജ്ജീകരിക്കുന്നതിന് സൗകര്യമില്ല. വളരെകാലമായി നിലനിൽക്കുന്ന ഈ പരിമിതികൾ പരിഹരിക്കുന്നതിന് വാർഷിക പദ്ധതിയിൽ പ്രോജക്റ്റുകൾ ഉൾപ്പെടുത്തുന്നതിന് അധികൃതർ ശ്രദ്ധിച്ചിട്ടില്ല.

കൃഷി ഭവന്റെ അധീനതയിലുള്ള ലക്ഷങ്ങൾ വില വരുന്ന കാർഷിക യന്ത്രോപകരണങ്ങൾ അധികൃതരുടെ അനാസ്ഥയും, മേൽനോട്ട പിഴവും മൂലം നാശോന്മുഖമായ അവസ്ഥയിലാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| യന്ത്രോപകരണത്തിന്റെ വിവരം | ചെലവഴിച്ച തുക |
|---|---|
| പവ്വർ റീപ്പർ | 89600 |
| മെതിയന്ത്രം | 115500 |
| പവർ ടില്ലർ | 125749 |

ടി യന്ത്രോപകരണങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി കാർഷിക മേഖലയ്ക്ക് ഉപയുക്തമാക്കുകയോ, ആയത് പ്രായോഗികമല്ലെങ്കിൽ ലേലം ചെയ്ത് കൈയ്യൊഴിക്കുകയോ ചെയ്യേണ്ടതാണ്.

കാർഷിക മേഖലയുടെ സ്റ്റാറ്റസ് സ്റ്റഡി നടത്തി ആ മേഖല അഭിമുഖീകരിക്കുന്ന അടിസ്ഥാന പ്രശ്നങ്ങളെ മനസ്സിലാക്കി കാർഷിക മേഖലയിൽ സമഗ്ര പരിപാടികൾക്ക് രൂപം നൽകുന്നതിന് വരും വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

2. വിദ്യാഭ്യാസം

ഗ്രാമപഞ്ചായത്ത് പരിധിയിൽ സർക്കാർ മേഖലയിലുള്ള ഏക ലോവർ പ്രൈമറി സ്കൂളായ ചിറമേൽ ഗവ.എൽ.പി.എസ്-ൽ നിലവിൽ രണ്ട് അദ്ധ്യാപകരും, 5 കുട്ടികളുമാണുള്ളത്. നിലവിലെ സ്ഥിതി തുടർന്നാൽ കുട്ടികളില്ലാതെ സ്കൂൾ അടച്ചുപൂട്ടേണ്ടിവരും. അപ്രകാരം സംഭവിച്ചാൽ ആയതിന്റെ ഉത്തരവാദിത്വം സ്കൂളിന്റെ ഉടമസ്ഥരായ ഗ്രാമപഞ്ചായത്തിനായിരിക്കുമെന്ന കാര്യത്തിൽ സംശയം ഇല്ല. കാരണം സ്കൂളിന്റെ കാര്യക്ഷമമായ നടത്തിപ്പിലും, അക്കാഡമിക് നിലവാരം ഉയർത്തുന്നതിനും ഗ്രാമപഞ്ചായത്ത് യാതൊന്നും ചെയ്തിട്ടില്ല.

സ്കൂൾ പ്രഥമ അദ്ധ്യാപികയുടെ നിരുത്തരവാദപരമായ പെരുമാറ്റം കാരണം പൊതുജനങ്ങൾക്ക് സ്കൂളിലുള്ള വിശ്വാസം നഷ്ടമായതാണ് സ്കൂളിന്റെ ദു:സ്ഥിതിക്ക് ഒരു കാരണം. സ്കൂൾ പി.റ്റി.എ. ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകിയ പരാതിയിന്മേൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ സ്കൂൾ നടത്തിപ്പിലുണ്ടായിട്ടുള്ള ഗുരുതര സ്വഭാവമുള്ള അപാകതകൾ ചൂണ്ടികാണിച്ചിട്ടുണ്ട്. സ്കൂൾ പ്രഥമാദ്ധ്യാപിക കൃത്യമായി സ്കൂളിൽ വരികയോ കുട്ടികളെ പഠിപ്പിക്കുകയോ ചെയ്തിരുന്നില്ല. ഇതുമൂലം കുട്ടികൾ റ്റി.സി. വാങ്ങി മറ്റ് സ്കൂളുകളിലേക്ക് പോകുന്ന സ്ഥിതിയായിരുന്നു. സ്കൂൾ പി.റ്റി.എ. കൂടിയിരുന്നില്ല. സ്കൂളിൽ യാതൊരു ആഘോഷ പരിപാടികളും നടത്തിയിരുന്നില്ല. സ്കൂളിൽ ഉച്ചഭക്ഷണ വിതരണം ശരിയായും, കൃത്യമായും നടത്തിയിരുന്നില്ല. പാചകത്തിന് കേടായ പച്ചക്കറികളാണ് ഉപയോഗിച്ചിരുന്നത്. കുട്ടികൾക്ക് മുട്ടയും, പാലും കൃത്യമായി നൽകിയിരുന്നില്ല. ജില്ലാ ചൈൽഡ് ലൈൻ കോ-ഓർഡിനേറ്റർ 3.11.16-ൽ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകിയ കത്തിൽ പ്രഥമാദ്ധ്യാപിക 1-ാം ക്ലാസ്സിലെ ഒരു കുട്ടിയെ ശാരീരികമായി ഉപദ്രവിച്ചതിന് വകുപ്പുതല നടപടികൾക്ക് ശുപാർശ നൽകിയിട്ടുള്ളതായി പരാമർശിച്ചിരിക്കുന്നു.

സ്കൂളിന്റെ നടത്തിപ്പ് ഇത്രമാത്രം കുത്തഴിഞ്ഞ സ്ഥിതിയിലായിരുന്നെങ്കിലും, സ്കൂളിന്റെ ഉടമസ്ഥരായ ഗ്രാമപഞ്ചായത്ത് അധികൃതർ യഥാസമയം ആവശ്യമായ ഇടപെടൽ നടത്തിയിട്ടില്ല്ല. ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലെ ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം

നിരീക്ഷിക്കുന്നതിന് ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി സ്കൂളിന്റെ അപചയം മനസ്സിലാക്കുകയോ ആവശ്യമായ ഇടപെടൽ യഥാസമയം നടത്തുകയോ ചെയ്യിട്ടില്ല. പഠിക്കാൻ കുട്ടികളില്ലാത്ത സ്കൂളിൽ ലക്ഷകണക്കിന് രൂപ മുടക്കി മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിൽ മാത്രമായിരുന്നു ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധ. ഓഡിറ്റ് കാലയളവിൽ സ്കൂളിന് ചുറ്റുമതിലും പ്രവേശന കവാടവും നിർമ്മിക്കുന്നതിന് മാത്രമായി 15 ലക്ഷം രൂപയാണ് ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിൽ വകയിരുത്തിയിരുന്നത്.

പൊതുജനങ്ങൾക്ക് സ്കൂളിലുള്ള നഷ്ടപ്പെട്ട വിശ്വാസം വീണ്ടെടുക്കുന്നതിനും, സ്കൂളിനെ അടച്ചുപൂട്ടൽ ഭീഷണിയിൽനിന്നും രക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് അടിയന്തിര ഇടപെടൽ നടത്തേണ്ടതാണ്.

3. ആരോഗ്യം

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ആരോഗ്യ സ്ഥാപനങ്ങളായ ആയുർവേദാശുപത്രി, ഹോമിയോ ആശുപത്രി എന്നിവയ്ക്ക് മതിയായ ഭൗതിക-അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് വേണ്ടത്ര ശുഷ്കാന്തി കാട്ടിയിട്ടില്ല. ഹോമിയോ ആശുപത്രിയുടെ കെട്ടിടം ശോചനീയമായ അവസ്ഥയിലാണ്. ആശുപത്രിയിൽ ജലലഭ്യതയില്ല. വയറിംഗ് മോശമായ അവസ്ഥയിലാണ്. ഹോമിയോ ആശുപത്രിക്കും, ആയുർവേദാശുപത്രിക്കും ചുറ്റുമതിലും ഗേറ്റും സ്ഥാപിച്ചിട്ടില്ല. ഈ സ്ഥാപനങ്ങളെ ആശ്രയിക്കുന്ന ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനാവശ്യമായ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക-അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് വാർഷിക പദ്ധതികളിൽ മുന്തിയ പരിഗണന നൽകേണ്ടതാണ്.

## 3-26 സ്വാന്തന പരിചരണം; വാഹന വാടക, ഭക്ഷണം എന്നിവയ്ക്ക് അനുവദനീയമായതിൽ അധികം തുക ചെലവഴിച്ചു

| | |
|---|---|
| പ്രൊജക്ട് നം/പേര് | 77/16, സ്വാന്തന പരിചരണം |
| അടങ്കൽ | വികസന ഫണ്ട്-400000<br>ബ്ളോക്ക് പഞ്ചായത്ത് വിഹിതം-200000<br>ആകെ -600000 |
| ചെലവ് | വികസന ഫണ്ട്-343900<br>ബ്ളോക്ക് പഞ്ചായത്ത് വിഹിതം-146400<br>ആകെ - 490300 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, PHC, കോഴഞ്ചേരി |

2015-16-ൽ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ സ്വാന്തനം (പാലിയേറ്റീവ് കെയർ) പദ്ധതിയുടെ ഭാഗമായി സർക്കാർ മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുള്ള പരിധി ലംഘിച്ച് ചെലവു ചെയ്തിട്ടുണ്ട്. പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി സർക്കാർ വിശദമായ മാർഗ്ഗരേഖ സൂചന ജി.ഒ.(എം.എസ്) 228/12/ ത.സ്വ.ഭ.വ തീയതി, 23.08.2012, ജി.ഒ.(ആർ.ടി)-3217/15, ത.സ്വ.ഭ.വ.തീയതി, 29.10.15എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട ചെലവുകൾക്ക് പാലിയേറ്റീവ് പരിചരണ മാർഗരേഖയിൽ (ജി.ഒ.(ആർ.ടി.) 3217/2015 ത.സ്വ.ഭ.വ. തീയതി 29.10.2015) അനുവദിച്ച പരിധി ലംഘിച്ച് വാഹന വാടക, ഭക്ഷണം എന്നീ ഇനങ്ങളിലായി അധികം തുക ചെലവഴിച്ചിട്ടുണ്ട്.

പാലിയേറ്റീവ് പരിചരണ മാർഗരേഖ, ഖണ്ഡിക 2.6.5 പ്രകാരം വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ (ക്വട്ടേഷൻ മുഖേന) നൽകാവുന്ന പരമാവധി പ്രതിദിന വാടക 1100 രൂപ മാത്രമാണ്. എന്നാൽ നൽകിയിരിക്കുന്ന പ്രതിദിന വാഹന വാടക 1250രൂപ വീതമാണ്.

മാർഗ്ഗരേഖ ഖണ്ഡിക 2.6.3 പ്രകാരം ഹോം കെയർ ദിനങ്ങളിൽ ഗൃഹസന്ദർശനത്തിൽ പങ്കെടുക്കുന്ന സന്നദ്ധപ്രവർത്തകർക്ക് ചെലവഴിക്കാവുന്ന പരമാവധി ഭക്ഷണ ചെലവ് 180 രൂപ മാത്രമാണ് (പരമാവധി 3 പേർക്ക് 60 രൂപ വീതം). എന്നാൽ ഈയിനത്തിലെ പ്രതിദിന ചെലവ് 300 രൂപയാണ്. 1.11.2015 മുതൽ 31.03.2016 വരെ ഈയിനങ്ങളിൽ അധികം നൽകിയ 26280രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക | ബിൽ നം/തീയതി | നൽകാവുന്ന തുക | നഷ്ടം |
|---|---|---|---|---|
| വാഹന വാടക<br>(01.11.2015 മുതൽ 30.11.2015 വരെ)<br>12x1250 | 15000 | ബിൽ നം:3/15-16;30.12.2015,<br>₹102100 | 13200 | 1800 |
| വാഹന വാടക<br>(01.12.2015 മുതൽ 30.01.2016 വരെ)<br>24x1250 | 30000 | ചെക്ക് നം.5534264/08.03.2016,<br>₹86400 | 26400 | 3600 |
| വാഹന വാടക<br>(01.02.2016 മുതൽ 31.03.2016 വരെ)<br>24x1250 | 30000 | ചെക്ക് നം.5534266/23.03.2016,<br>₹60000 | 26400 | 3600 |
| ഭക്ഷണം<br>(01.04.2015 മുതൽ 31.01.2016 വരെ)<br>120x300 | 36000 | ചെക്ക് നം.5534264/08.03.2016,<br>₹86400 | 21600 | 14400 |
| ഭക്ഷണം<br>(01.02.2016 മുതൽ 31.03.2016 വരെ)<br>24x300 | 7200 | ചെക്ക് നം.5534264/08.03.2016,<br>₹86400 | 4320 | 2880 |
| ആകെ | | | | 26280 |

മേൽ അപാകതകളിന്മേൽ അടിയന്തിരമായി വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല (നം.9/06.01.2017). മേൽ അപാകതകളുടെ വെളിച്ചത്തിൽ അധികമായി ചെലവഴിച്ച 26280 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്നു ഈടാക്കേണ്ടതാണ്.

## 3-27 സാക്ഷരതാ പ്രേരക് മാർക്ക് തനത് ഫണ്ടിൽനിന്നും നൽകിയ ഓണറേറിയം ക്രമീകരിക്കണം

സാക്ഷരതാ പ്രേരക് മാർക്ക് പ്രതിമാസ ഓണറേറിയം ഗ്രാമപഞ്ചായത്ത് ഫണ്ടിൽനിന്നാണ് നൽകിവരുന്നത്. ഇപ്രകാരം നൽകുന്ന തുകകൾ തനത് ഫണ്ടിൽനിന്നുള്ള മുൻകൂറായി പരിഗണിച്ച് മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ജില്ലാ മിഷനിൽനിന്നും തുക അനുവദിക്കുന്ന മുറയ്ക്ക് മുൻകൂർ ക്രമീകരിക്കുകയുമാണ് വേണ്ടത്. എന്നാൽ പ്രസ്തുത ചെലവ് മുൻകൂർ രജിസ്റ്ററിൽ ചേർക്കുകയോ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. മാത്രവുമല്ല തനത് ഫണ്ടിൽനിന്നും നൽകുന്ന ഓണറേറിയം ജില്ലാ മിഷനിൽനിന്നും അനുവദിച്ച് ലഭിക്കുന്നതിനാവശ്യമായ നടപടി യഥാസമയം സ്വീകരിക്കുന്നുമില്ല. 2015-16 വർഷാന്ത്യത്തിൽ ഈ ഇനത്തിൽ 79400 രൂപ ജില്ലാ മിഷനിൽനിന്നും ലഭിക്കുവാൻ അവശേഷിക്കുന്നു. ആയത് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ഈ ഇനത്തിലുള്ള ചെലവിന്റെ അക്കൗണ്ടിംഗ് കൃത്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-28 ആശ്രയ പദ്ധതി നടത്തിപ്പിൽ വീഴ്ച

ഗ്രാമപഞ്ചായത്തിലെ അഗതി ആശ്രയ പദ്ധതി നടത്തിപ്പ് കാര്യക്ഷമമല്ല. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരും, അഗതികളുമായ ജനങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ലക്ഷ്യമിട്ടാണ് സംസ്ഥാന സർക്കാർ ആശ്രയ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. അഗതികളെ കണ്ടെത്തുന്നതിനും, അവർക്ക് ആവശ്യമായ പരിചരണ സേവന പാക്കേജ് തയ്യാറാക്കുന്നതിനും വിശദമായ മാർഗ്ഗരേഖകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 11-ാം പഞ്ചവത്സര പദ്ധതി മുതൽ (2007-12) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ അഗതി കുടുംബങ്ങൾക്കുവേണ്ടി 'ആശ്രയ' എന്ന സ്പഷ്ടമായ ഒരു പ്രോജക്ടുണ്ടായിരിക്കണമെന്നും, ആശ്രയ പ്രോജക്ട് തയ്യാറാക്കുക എന്നത് ഗ്രാമപഞ്ചായത്തുകളുടെയും, മുനിസിപ്പാലിറ്റികളുടെയും, കോർപ്പറേഷനുകളുടെയും ചുമതലയാണെന്നും, ഗ്രാമപഞ്ചായത്തുകളുടെ ആശ്രയ പദ്ധതിയിലെ നിശ്ചിത ഘടകങ്ങൾക്കുവേണ്ട സഹായം ബ്ലോക്ക് പഞ്ചായത്തുകളും, ജില്ലാ പഞ്ചായത്തുകളും നൽകണമെന്നും മാർഗ്ഗരേഖയിൽ സർക്കാർ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഒന്നാം ഘട്ട ആശ്രയ പദ്ധതി നടത്തിപ്പ് സമ്പൂർണ്ണ പരാജയമായിരുന്നു. 2010-13 കാലയളവിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ച്

ആവിഷ്കരിച്ച 1751800 രൂപ അടങ്കലുണ്ടായിരുന്ന പദ്ധതിയുടെ ഭാഗമായി ഭക്ഷണ വിതരണം മാത്രമാണ് നടന്നിട്ടുള്ളത് (ചെലവ് 440930 രൂ.). 2013-16 കാലയളവിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ച് ആവിഷ്കരിച്ച രണ്ടാം ഘട്ട പദ്ധതിയും സമയബന്ധിതമായി നടപ്പിലാക്കുന്നതിന് കഴിഞ്ഞിട്ടില്ല. രണ്ടാം ഘട്ട പദ്ധതിക്ക് അംഗീകാരം വാങ്ങിയത് 12.02.2014-ലാണ്. 51 ഗുണഭോക്താക്കൾക്കായി 3926952 രൂപ അടങ്കൽ വകയിരുത്തി തയ്യാറാക്കിയ കർമ്മ പദ്ധതി പ്രകാരം 320754 രൂപ ചെലവഴിച്ച് ഭക്ഷണ കിറ്റ് വിതരണം മാത്രമാണ് നടത്തിയിട്ടുള്ളത്. പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്ത് വിഹിതമായി 31.5 ലക്ഷം രൂപയായിരുന്ന വകയിരുത്തിയിരുന്നതെങ്കിലും ഇതുവരെ 2.5 ലക്ഷം രൂപ മാത്രമാണ് വിഹിതം നൽകിയത്. കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ചികിത്സാ സഹായം, വസ്ത്ര, വീട്, വീട് പുനരുദ്ധാരണം, വിദ്യാഭ്യാസം എന്നീ ഇനങ്ങളിൽ ഒരു പൈസ പോലും ചെലവഴിച്ചിട്ടില്ല.

അഗതികളുടെ പുന:രധിവാസത്തിനായി സമഗ്രമായ പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയതിനു ശേഷം പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ട് നൽകാതിരുക്കുകയും, പദ്ധതി വേണ്ടവിധം നടപ്പിലാക്കാതിരിക്കുകയും, ചെയ്യുന്നതിലൂടെ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയും, സി.ഡി.എസും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അഗതി കുടുംബങ്ങളെ വഞ്ചിക്കുകയാണ് ചെയ്തിട്ടുള്ളത്. പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സത്വര നടപടി ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 200000 | സാന്ത്വന പരിചരണം | 146400 | 53600 |
| ബ്ലോക്ക് പഞ്ചായത്ത് | 50000 | ശാരീരിക മാനസിക വൈകല്യങ്ങൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 50000 | 0 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി ഡി നമ്പർ/തീയതി | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി ഇലവുംതിട്ട സെക്ഷൻ | താഴയിൽപ്പടി കനാൽപ്പടി സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കലും പോസ്റ്റ് മാറ്റിയിടലും (179/16) | 300704/21-12-2015 | 29248 | 29248 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 0 |
| കെ.എസ്.ഇ.ബി കോഴഞ്ചേരി സെക്ഷൻ | വാർഡ് 2വിൽ പുള്ളോനാൻകുഴി തേങ്ങയടിക്കും പാറ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (163/16) | 301071/28-01-16 | 16677 | 16677 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| ഇല്ല | | | | | | | |

## 4-4 (i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

| ക്രമ നം. | 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| ഇല്ല | | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ₹4949 ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പരും തീയതിയും |
|---|---|---|---|---|
| 2013-14 | 3-3 | 4289 | സിന്ധു പി ആർ അഗ്രികൾചറൽ ഓഫീസർ | 11502100775/30-06-2015 |
| 2007-08മുതൽ10-11വരെ | 3-19 | 660 | അഭയൻ പി ബി, ക്ളാർക്ക് | 11502102547/18-01-2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 34590522 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 28761734 |
| വരവിനങ്ങളില്ലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 226391 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7321815 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | | |
| 3-3 | _ | 200111 | ₹3887<br>₹5294<br>₹90875<br>₹100055 | ശ്രീ സുശീലൻ, അസിസ്റ്റന്റ് എൻജിനീയർ<br>ശ്രീമതി സുനിമോൾ, അസിസ്റ്റന്റ് എൻജിനീയർ<br>ശ്രീമതി സൗമ്യ എസ് അസിസ്റ്റന്റ് എൻജിനീയർ<br>ശ്രീമതി ലത എം.എസ്., അസി.എക്സി.എൻജിനീയർ |
| 3-26 | _ | 26280 | | ഡോ മായ ആർ, മെഡിക്കൽ ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| | | |
|---|---|---|
| 3-7 | 3075958 | ശ്രീമതി സുനിമോൾ കെ, അസിസ്റ്റന്റ് എൻജിനീയർ |
| 3-20 | 4245857 | ശ്രീമതി സൗമ്യ എസ്., അസിസ്റ്റന്റ് എൻജിനീയർ |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ സുശീലൻ, അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ, ചെറുകോൽ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട. | കിഴക്കേക്കര അടിമുറിയിൽ, മുട്ടത്തുകോണം,<br>ഇലവുംതിട്ട, പത്തനംതിട്ട |
| ശ്രീമതി സുനിമോൾ, അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ, ഇലന്തൂർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട. | ലക്ഷ്മി ഇല്ലം, ചെന്താപ്പൂർ, ഡീസന്റ് ജംഗ്ഷൻ, കൊല്ലം |
| ശ്രീമതി സൗമ്യ എസ്. അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ, കുളത്തൂർ ഗ്രാമപഞ്ചായത്ത്. | കുഴിക്കാണിവിള ഹൗസ്, ചെറുവനക്കോണം പി.ഒ,<br>പാറശ്ശാല, തിരുവനന്തപുരം - 695 502 |
| ശ്രീമതി ലത എം.എസ്., അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, റാന്നി ബ്ളോക്ക് പഞ്ചായത്ത്. | മാരേത്ത് തെക്കേവീട്ടിൽ.<br>പുതുശ്ശേരി പി ഒ, തിരുവല്ല. |
| ഡോ.മായ ആർ., മെഡിക്കൽ ഓഫീസർ | അസിസ്റ്റന്റ് എൻജിനീയർ | വാൽസല്യം, വളഞ്ഞവട്ടം പി ഒ<br>പുളിക്കീഴ്, തിരുവല്ല. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ<br>കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്.പി.റ്റി.എ.പി2/ 586/01, തീയതി, 29-10-01 | 1 |
| 2000-01 | ൽ.എഫ്.പി.റ്റി.എ.പി, 3/511/02 , തീയതി, 11-12-02 | 1 |

| | | |
|---|---|---|
| 2001-02 | എൽ.എഫ്.പി.റ്റി.എ.പി2/228/04, തീയതി, 14-03-05 | |
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി2/741/04, തീയതി, 12-05-05 | |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി11/367/08, തീയതി, 30-06-09 | 13 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി11/73/10,തീയതി, 31-10-10/30-12-1 | 15 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി6/566/11, തീയതി,21-11-11/11-03-13 | 5 |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി6/1567/11, തീയതി,30-11-11 | 2 |
| 2007-08 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ.പി6/40/13, തീയതി,22-03-13 | |
| 2011-12 മുതൽ 2012-13 വരെ | എൽ.എഫ്.പി.റ്റി.എ.പി5/399/14, തീയതി, 04-10-14 | |
| 2013-14 | കെ.എസ്.എ.പി.റ്റി.എ.പി5/573 /15,തീയതി,13-07-15/15-07-15 | |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി5/608/16,തീയതി, 02-06-16 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
പത്തനംതിട്ട ജില്ല

അനുബന്ധം-1

നം.കെ.എസ്.എ.പി.റ്റി.എ.പി5/55/2017 തീയതി : 13.02.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും അനുസരിച്ച് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ & ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇലന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ്

പത്തനംതിട്ട

No.K.S.A.PTA.P5/55/2017 Dated: 13.02.2017

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Elanthoor Grama Panchayat in Pathanamthitta District for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made thereunder the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Elanthoor Grama Panchayat for the year 2015-16 except the observations in my report properly presents the picture of income and expenditure.

HABEEB MUHAMMED

Deputy Director

Kerala State Audit Department

Pathanamthitta